സർവ്വോദയം സാദ്ധ്യമാണ്

Malayalam

SARVODAYAM SADHYAMANU

Essays

By M. Peethambaran Master

Published by

SARVODAYA TRUST, THRISSUR - 680 751

Distribution

POORNODAYA BOOK TRUST

Poornodaya Bhavan, Kochi 682018

First Edition : October 2020

Copies : 1000

© : Reserved

Cover Designing : **VINOD K. VIJAYAN**

Printed at: **VIANI PRINTINGS,** Kochi - 682018, Ph: 0484 2401635

PRICE : ₹ 80.00

സർവ്വോദയം സാദ്ധ്യമാണ്

എം. പീതാംബരൻ മാസ്റ്റർ

സർവ്വോദയ ട്രസ്റ്റ് പസിദ്ധീകരണം

വിതരണം

പൂർണോദയ ബുക് ട്രസ്റ്റ്
പൂർണോദയ ഭവൻ, കൊച്ചി – 682 018

വില: 80 രൂപ



എം.പീതാംബരൻ മാസ്റ്റർ

ജനനം : തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ. മാതാവ് മഠത്തിൽ ശാരദമ്മ. പിതാവ് കാരപ്പുറത്ത് രാമൻ നായർ.

പുത്തൂർ ഗവ: എൽ.പി. സ്കൂൾ, കുട്ടനെല്ലൂർ അഗസ്റ്റിൻ അക്കര ഹൈസ്ക്കൂൾ, തൃശ്ശൂർ സെന്റ്. തോമസ് കോളേജ്, ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിങ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ചു.

കേരള സർവ്വോദയ മണ്ഡലം സംസ്ഥാന ജനറൽ സെക്രട്ടറി, കുടുംബശ്രീ, സ്ത്രീപദവി പഠനം, സാക്ഷരതാ മിഷൻ എന്നിവയുടെ റിസോഴ്സ് പേഴ്സൺ, സാമൂഹ്യ ശാസ്ത്ര കൗൺസിൽ, വിദ്യാരംഗം കലാ സാഹിത്യവേദി, ഗാന്ധിദർശൻ എന്നിവയുടെ ജില്ലാ കൺവീനർ, പുത്തൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ സമിതി, കലാകേന്ദ്രം എന്നിവയുടെ കൺവീനർ, മാതൃഭൂമിയുടെ പ്രാദേശിക ലേഖകൻ, കൈനൂർ സമരം, ലാലൂർ സമരം എന്നിവയുടെ സഹായസമിതി ജനറൽ കൺവീനർ, കുട്ടനെല്ലൂർ മദ്യവിരുദ്ധ സമിതി രക്ഷാധികാരി, വിദ്യാർത്ഥി-യുവജനസംഘടനാ ജില്ലാ-സംസ്ഥാന ഭാരവാഹി, കോളേജ് യൂണിയൻ കൗൺസിലർ, കേരളഗ്രന്ഥശാല സംഘം ജില്ലാ ഉപദേശകസമിതി അംഗം, നെഹ്റുയുവകേന്ദ്ര ഉപദേശകസമിതി അംഗം സംസ്കാര വിദ്യാഭ്യാസ ഗവേഷണകേന്ദ്രം ഡയറക്ടർ എന്നീ ചുമതലകൾ വഹിച്ചു.

മായന്നൂർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രധാന അദ്ധ്യാപകനായിരുന്നു. 2019 മാർച്ചിൽ ഔദ്യോഗിക സേവനത്തിൽ നിന്ന് വിരമിച്ചു. സർവ്വോദയ ട്രസ്റ്റിന്റെ ചെയർമാനും ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറിയുമാണ്.

കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ ഭാഗമായ നെഹ്രു യുവ കേന്ദ്രയുടെ യൂത്ത് അവാർഡ് (1994) യുവ സാംസ്കാരിക പ്രവർത്തകനുള്ള സാംസ്കാരിക സദസ്സ് അവാർഡ് (2000) സാമൂഹ്യപ്രവർത്തകനായ അദ്ധ്യാപകനുള്ള സഹൃദയ വേദിയുടെ ജി.കെ. കുറുപ്പുമാസ്റ്റർ സ്മാരക അവാർഡ് (2002) ശ്രീനാരായണ സാഹിത്യപരിഷത്ത് ആദരം (2007) ദേശീയ അദ്ധ്യാപക അവാർഡ് (2013), കണ്ണൂർ മഹാത്മാ സെന്റിനറി മെമ്മോറിയൽ സൊസൈറ്റി ഏർപ്പെടുത്തിയ ബാലക്കണ്ടി രാമുണ്ണി സ്മാരക സേവന അവാർഡ് (2018) എന്നീ പുരസ്കാരങ്ങൾ ലഭിച്ചു.

കൃതികൾ : സർവ്വമതസമഭാവം സർവ്വോദയ വീക്ഷണം, എങ്ങനെ പഠിക്കണം; പരീക്ഷ എഴുതണം, ജനകീയ സമരങ്ങളും മുന്നേറ്റങ്ങളും-ഗാന്ധിയൻ സമീപനം, സർവ്വോദയത്തിലേക്ക്, പഠനം ആനന്ദകരമാക്കാൻ, സ്വാമിവിവേകാനന്ദനും മഹാത്മാഗാന്ധിയും, അർച്ചന (എഡിറ്റർ).

ഭാര്യ : പ്രസന്ന
മക്കൾ : ഹരിപ്രസാദ്, കൃഷ്ണപ്രസാദ്
വിലാസം : പ്രസന്നം, സർവ്വോദയ നഗർ, ഇരവിമംഗലം പി.ഒ., തൃശൂർ - 680 751
ഫോൺ : 0487 - 2353576, 9446401576
email: sarvodayapeethambaran@gmail.com
web : www.peethambaran.in

ആമുഖം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് നമ്മുടെ രാജ്യത്തും വിദേശത്തും നിരവധി പരിപാടികളും പ്രവർത്തനങ്ങളും നടക്കുകയാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ട് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ ഏറെ പ്രത്യാശയോടെയാണ് ലോകരാഷ്ട്രങ്ങൾ ഗാന്ധിയൻ ദർശനത്തെ അന്വേഷിക്കുന്നത്.

'സർവ്വോദയം' എന്ന ഗാന്ധിയൻ ദർശനത്തിന്റെ സാർവലൗകികതയാണ് ഇതു വെളിപ്പെടുത്തുന്നത്.

സമസ്തലോകത്തേയും നടുക്കിയ കൊറോണ എന്ന മഹാമാരിയെ മറികടക്കാൻ സാന്ത്വനമായി എത്തുന്നതും സർവ്വോദയ ജീവിതശൈലിതന്നെ.

ലോകരാഷ്ട്രങ്ങൾ ഒന്നിച്ചുനില്ക്കുന്നു, സൗഹൃദപൂർവം സംവദിക്കുന്നു, ശുചിത്വം, മിതത്വം, അയൽപക്കബന്ധങ്ങൾ, ഗ്രാമീണ സമ്പദ്‌വ്യവസ്ഥ, സ്വദേശി, സ്വാശ്രയത്വം എന്നീ സർവ്വോദയശൈലികൾ സജീവമാകുന്നു.

വ്യക്തി, കുടുംബം, രാഷ്ട്രം, ലോകം എന്നീ തലങ്ങളിലെല്ലാം സർവോദയ ശൈലി പ്രയോഗസാധ്യവും അനിവാര്യവുമാണെന്ന് നാൾക്കുനാൾ ബോധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

സുസ്ഥിര ദർശനമായ സർവ്വോദയത്തെക്കുറിച്ചും വിവിധമേഖലകളിൽ അതിന്റെ പ്രയോഗസാദ്ധ്യതകളെക്കുറിച്ചും പ്രതിപാദിക്കുന്ന ലേഖനങ്ങളാണ് ഈ പുസ്തകത്തിലുള്ളത്.

മഹാത്മാഗാന്ധിയുടെ 151-ാം ജന്മവാർഷികവേളയിൽ ആദരപൂർവം സമർപ്പിക്കുന്നു.

ഈ പുസ്തകം തയ്യാറാക്കുന്നതിന് വിലപ്പെട്ട നിർദ്ദേശ-ഉപദേശങ്ങൾ നൽകുകയും പുസ്തകം ഭംഗിയായി ക്രമീകരിച്ച് അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിനു സഹായിക്കുകയും ചെയ്ത പൂർണോദയ ബുക് ട്രസ്റ്റിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

തൃശ്ശൂർ
2.10.2020

പ്രസന്ന വി.
ട്രസ്റ്റി
സർവ്വോദയട്രസ്റ്റ്, തൃശ്ശൂർ

ഉള്ളടക്കം

1.	സർവ്വോദയ സമൂഹരചന അനിവാര്യം	7
2.	സർവ്വോദയത്തിന്റെ സാംസ്കാരിക പക്ഷം	12
3.	വികസനവും മനുഷ്യനും	15
4.	ജനശക്തിയും ജനാധിപത്യവും	19
5.	സമഗ്ര സോഷ്യലിസം	23
6.	ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതി	27
7.	ആത്മീയത: സർവ്വോദയ വീക്ഷണം	30
8.	ഭൂദാനപ്രസ്ഥാനം	35
9.	പശ്ചിമഘട്ട സംരക്ഷണം	38
10.	പൊതുട്രസ്റ്റുകൾ - ഗാന്ധിയൻ ബദൽ	43
11.	ഇന്ത്യൻ നിലപാട് ഗാന്ധിവിരുദ്ധം	48
12.	വേണം ജനപക്ഷ നിയമങ്ങൾ	52
13.	ഭക്ഷ്യസ്വരാജിലേക്ക്	55
14.	സർവ്വോദയസമൂഹം - മാർഗരേഖ	59
15.	ദേശീയ വിദ്യാഭ്യാസനയം	65
16.	ഗാന്ധിജിയിലൂടെ മുന്നേറാം	69
17.	സർവ്വോദയം: സുസ്ഥിരതയുടെ ദർശനം	71
18.	കൊറോണാനന്തര വിദ്യാഭ്യാസം	75
19.	കൊറോണകാലത്തെ സ്കൂൾ വിദ്യാഭ്യാസം	81
20.	അതിജീവനത്തിനായുള്ള സർവ്വോദയ നിർദ്ദേശങ്ങൾ	86
21.	ചെലവ് കുറഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പ്	89
22.	എം.പി., എം.എൽഎ.ഫണ്ട് നിർത്തലാക്കണം	91
23.	ഗാന്ധിജിയും രാഷ്ട്രഭാഷയും	93
24.	ആരാണ് ഗാന്ധിയൻ?	95

1

സർവ്വോദയ സമൂഹരചന അനിവാര്യം

ഭാരതം ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽ നിന്ന് സ്വാതന്ത്ര്യം വീണ്ടെടുത്തിട്ട് എഴുപത് ദശാബ്ദങ്ങൾ പിന്നിട്ടു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ രണ്ടു നൂറ്റാണ്ടിലേറെ നീണ്ടുനിന്നു. മുഖ്യധാരയിലുള്ളതും ഏകോപിതവുമായ സ്വാതന്ത്ര്യപോരാട്ടങ്ങളും, പ്രാദേശികവും ഒറ്റപ്പെട്ടതുമായ നിരവധി പോരാട്ടങ്ങളും ഇതിൽ ഉൾപ്പെടുന്നു. ആദ്യഘട്ടത്തിൽ ഈസ്റ്റ് ഇന്ത്യ കമ്പനിയുടെയും, പിന്നീട് ബ്രിട്ടീഷ് ഗവൺമെന്റിന്റെയും നയങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങളാണ് നടന്നത്. പിന്നീട് അത് ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള മുന്നേറ്റമായി വികസിച്ചു.

ദേശീയ സ്വാതന്ത്ര്യസമരത്തിൽ മഹാത്മാഗാന്ധി സജീവമായതോടെ, അതിന് വിശാലമായ മാനങ്ങൾ കൈവന്നു. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം, കേവലമായ ഒരു ഭരണമാറ്റം കൊണ്ടുമാത്രം സാധ്യമാകുന്നതല്ല രാജ്യത്തിന്റെ സ്വാതന്ത്ര്യം. ബ്രിട്ടീഷുകാർ ഇന്ത്യ വിടുകയും ഇന്ത്യക്കാരുടെ ഭരണം സംപ്രാപ്തമാക്കുകയും ചെയ്യുമ്പോൾ നമുക്ക് ലഭിക്കുന്നത് രാഷ്ട്രീയസ്വാതന്ത്ര്യം മാത്രമാണ്. രാഷ്ട്രീയരംഗത്ത് സ്വാതന്ത്ര്യം കൈവരിക്കുന്നതോടൊപ്പം തന്നെ സാമ്പത്തിക രംഗത്തും ധാർമ്മിക (സാംസ്കാരിക) രംഗത്തും, ആത്മീയരംഗത്തും സ്വാതന്ത്ര്യം കൈവരുമ്പോൾ മാത്രമേ രാജ്യത്തിന്റെ സ്വാതന്ത്ര്യം സമഗ്രമാകുകയുള്ളൂ എന്ന് ഗാന്ധിജി ഉറച്ചു വിശ്വസിച്ചു. ഈ സമ്പൂർണ സ്വാതന്ത്ര്യത്തെ അഥവാ സമഗ്രസ്വാതന്ത്ര്യത്തെ ഗാന്ധിജി വിശേഷിപ്പിച്ചത് 'സ്വരാജ്' എന്നാണ്.

സ്വതന്ത്ര ഭാരതത്തെക്കുറിച്ചും, രാഷ്ട്രനിർമ്മിതിക്ക് ആധാരമാകേണ്ട ഭരണഘടനയെക്കുറിച്ചും ഒരു പത്രപ്രവർത്തകൻ ഗാന്ധിജിയോട് ചോദിക്കുകയുണ്ടായി. രണ്ടാം വട്ടമേശ സമ്മേളനത്തിനായി ലണ്ടനിലേക്ക് പോകാനിരിക്കുമ്പോഴാണ് പത്രപ്രവർത്തകന്റെ ചോദ്യമുണ്ടായത്. ഗാന്ധിജി പ്രതികരിച്ചത് ഇപ്രകാരമാണ്:

"ഇന്ത്യയെ എല്ലാവിധ അടിമത്വത്തിൽ നിന്നും മേൽക്കോയ്മയിൽ നിന്നും മോചിപ്പിക്കുന്ന ഒരു ഭരണഘടനയ്ക്ക് വേണ്ടി ഞാൻ കിണഞ്ഞു

പരിശ്രമിക്കും. ഏറ്റവും പാവപ്പെട്ട ഇന്ത്യക്കാരനുപോലും ഇത് എന്റെ നാടാണെന്നും അതിന്റെ നിർമ്മിതിയിൽ തനിക്കും കാര്യമായ പങ്കുണ്ടെന്നും തോന്നണം. അത്തരം ഒരു ഇന്ത്യക്ക് വേണ്ടിയാണ് ഞാൻ യത്നിക്കുന്നത്.

ഞാൻ വിഭാവന ചെയ്യുന്ന ഇന്ത്യയിൽ വലിയവനെന്നും ചെറിയവനെന്നും ജനങ്ങൾക്കിടയിൽ വർഗവ്യത്യാസം ഉണ്ടായിരിക്കില്ല. എല്ലാ സമൂഹങ്ങളും വർഗങ്ങളും പരിപൂർണമായ സൗഹൃദത്തിൽ വർത്തിക്കുന്ന ഒരു ഇന്ത്യ. അത്തരമൊരിന്ത്യയിൽ അസ്പൃശ്യതയുടെ ശാപമോ ലഹരിപദാർത്ഥങ്ങളുടെയും മയക്കുമരുന്നുകളുടെയും ശാപമോ അനുഭവപ്പെടുകയില്ല. പുരുഷന്മാർക്കുള്ള അതേ അവകാശങ്ങൾ സ്ത്രീകൾക്കും ഉണ്ടായിരിക്കും. ചൂഷകരാകുകയോ ചൂഷിതരാകുകയോ ചെയ്യാതെ ലോകത്തെ ഇതരഭാഗങ്ങളിലുള്ള എല്ലാവരോടും നാം സമാധാന നയം പുലർത്തും. ഇതാണ് എന്റെ സ്വപ്നത്തിലെ ഇന്ത്യ.'

ഇത്തരം ഒരു രാഷ്ട്രമാണ് ഗാന്ധിജി വിഭാവന ചെയ്ത സമ്പൂർണ സ്വതന്ത്ര ഭാരതം അഥവാ സ്വരാജ്.

സ്വരാജ് കൈവരിക്കുന്നതിനുവേണ്ടി രാഷ്ട്രീയം, സാമ്പത്തികം, ധാർമ്മീകം, ആത്മീയം എന്നീ നാലു മേഖലകളിലും പരിവർത്തനത്തിനുവേണ്ടി ഗാന്ധിജി പരിശ്രമിച്ചുകൊണ്ടിരുന്നു. സ്വരാജിനുവേണ്ടിയുള്ള ശ്രമങ്ങൾ വ്യക്തിയിൽ നിന്നാണ് ആരംഭിക്കേണ്ടത് എന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. 'സ്വരാജ്' വ്യക്തിയിൽ നിന്നാണ് ആരംഭിക്കേണ്ടത് എന്ന് ഗാന്ധിജി പലപ്പോഴും ഓർമ്മപ്പെടുത്തുമായിരുന്നു. വ്യക്തി-കുടുംബം-ഗ്രാമം-രാഷ്ട്രം എന്നീ തലങ്ങളിലേക്ക് അത് വികാസം പ്രാപിക്കുന്നു.

ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെയാണ് അദ്ദേഹം ഭാരതത്തെ സ്വരാജിലേക്ക് നയിക്കാൻ ശ്രമിച്ചത്.

ദ്വിതല പ്രവർത്തനങ്ങൾ

രാഷ്ട്രീയ സമരങ്ങളൊടൊപ്പം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഗാന്ധിജി നേതൃത്വം നൽകി. അഹിംസാത്മകവും ധീരവുമായ സഹനസമരങ്ങൾക്കും സത്യാഗ്രഹങ്ങൾക്കും ഒപ്പം സൃഷ്ടിന്മുഖപ്രവർത്തനങ്ങളേയും അദ്ദേഹം സജീവമാക്കി.

1920 ലെ നിസ്സഹകരണ പ്രസ്ഥാനം, 1930 ലെ ഉപ്പുസത്യാഗ്രഹം, 1942 ലെ കിറ്റ് ഇന്ത്യ പ്രക്ഷോഭം എന്നിങ്ങനെയുള്ള ബഹുജന രാഷ്ട്രീയ സമരങ്ങൾക്ക് ഗാന്ധിജി നേതൃത്വം നൽകി.

സമരങ്ങളൊടൊപ്പം തന്നെ നിരന്തരമായ രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. സമുദായ മൈത്രി (മതമൈത്രി), അയിത്തോച്ചാടനം, മദ്യനിരോധനം, ഖാദി, ഗ്രാമവ്യവസായം, ഗ്രാമശുചീകരണം, അടിസ്ഥാനവിദ്യാഭ്യാസം, വയോജന വിദ്യാഭ്യാസം, ആരോഗ്യ-ശുചിത്വവിദ്യാഭ്യാസം, പ്രാദേശികഭാഷ (മാതൃഭാഷാപഠനം), രാഷ്ട്രഭാഷാപ്രചരണം, സാമ്പത്തികസമത്വം, കർഷകർ, അദ്ധ്വാനസംസ്കാരം, ആദിവാസി

ക്ഷേമം, കുഷ്ഠരോഗനിവാരണം, വിദ്യാർത്ഥികൾ, സ്ത്രീകൾ, ഗോസംര ക്ഷണം എന്നിവയാണ് രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങൾ. സ്വരാജ് കൈവ രിക്കുന്നതിനുള്ള രാഷ്ട്രീയ-സാമ്പത്തിക-ധാർമ്മിക-ആത്മീയ അന്തരീക്ഷം സൃഷ്ടിക്കുക എന്നാണ് ഈ നിർമ്മാണപ്രവർത്തനത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്.

അധികാര കൈമാറ്റവും ഭരണഘടനയും

സ്വാതന്ത്ര്യസമരരംഗത്തു മാത്രമല്ല, രാഷ്ട്രനിർമ്മാണ പ്രവർത്ത നങ്ങളിലും കോടിക്കണക്കിന് ജനങ്ങളെ അണിനിരത്താൻ ഗാന്ധിജിയുടെ നേതൃത്വത്തിന് സാധിച്ചു. ഇന്ത്യയെ വിഭജിക്കാതെ തന്നെ സ്വാതന്ത്ര്യം കര ഗതമാക്കണമെന്നായിരുന്നു ഗാന്ധിജിയുടെ ആഗ്രഹം. ക്ഷമാപൂർവവും വിവേ കപൂർവവുമായ ചില നീക്കങ്ങളിലൂടെ ഇത് സാധ്യമാകും എന്ന് അദ്ദേഹം കരുതി. എന്നാൽ കൂടെയുള്ളവർ, ഇനിയും ഒരു സാവകാശത്തിനുള്ള മാന സീകാവസ്ഥയിലായിരുന്നില്ല.

ഗാന്ധിയൻ മൂല്യങ്ങളിലും സർവോദയദർശനങ്ങളിലും അധിഷ്ഠി തമായ ഒരു ഭരണഘടന നിർമ്മിക്കുന്നതിനു പകരം പാശ്ചാത്യാനുകരണ ങ്ങളിലൂടെയുള്ള ഒരു ഭരണഘടനയ്ക്ക് രൂപംനൽകാനാണ് ശ്രമം നടന്നത്.

ഭരണഘടനാ നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിൽ അതേക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായം ആവർത്തിച്ച് ആരാഞ്ഞപ്പോൾ അദ്ദേഹം ഇത്ര മാത്രം പറഞ്ഞു: "ഇത് ഇന്ത്യയുടെ ഭരണഘടനയാണെന്ന് തോന്നുന്നില്ല."

ഗാന്ധിജിയുടെ പ്രതികരണം സൃഷ്ടിക്കുമായിരുന്ന പ്രത്യാഘാത ങ്ങളെ കുറിച്ച് അറിയാവുന്നതുകൊണ്ടുതന്നെ ഭരണഘടനയുടെ നിർദ്ദേശ കതത്വങ്ങൾ എന്ന ഭാഗത്ത് ദേശീയസ്വാതന്ത്ര്യപ്രസ്ഥാനം മുന്നോട്ടുവച്ച മൂല്യ ങ്ങൾക്കനുസൃതമായ ചില കൂട്ടിച്ചേർക്കലുകൾ നടത്തി.

നിർദ്ദേശകതത്വങ്ങളിൽ പഞ്ചായത്തീരാജ്, സ്വാശ്രയഗ്രാമങ്ങൾ, ലഹരി-മദ്യ നിരോധനം എന്നിവ ഉൾപ്പെട്ടത് ഇപ്രകാരമാണ്. ഗാന്ധിയൻ മൂല്യങ്ങളിൽ നിന്നുമാത്രമല്ല, ഭരണഘടനയുടെ ആമുഖലക്ഷ്യങ്ങളിൽ നിന്നു പോലും ബഹുദൂരം, അതിവേഗം അകന്നുപോകുന്ന ഭാരതത്തെയാണ് ഇന്നു നാം കാണുന്നത്.

ഇന്നത്തെ ഭാരതം

സ്വരാജ് സംപ്രാപ്തമാക്കുന്നതിനുള്ള നാല് തലങ്ങളും വിരുദ്ധദിശ യിലാണ് ഇന്ന് നീങ്ങിക്കൊണ്ടിരിക്കുന്നത്.

വികേന്ദ്രീകൃതവും പങ്കാളിത്തത്തിൽ അധിഷ്ഠിതവുമായ ജനാധി പത്യമാണ് ഗാന്ധിജി വിഭാവന ചെയ്തത്. എന്നാൽ ഇന്ന് ഭരണം കൂടുതൽ കേന്ദ്രീകരിക്കപ്പെടുകയാണ്. സ്വാതന്ത്ര്യത്തിനുശേഷം നാലര പതിറ്റാണ്ട് പിന്നിട്ടപ്പോഴാണ് പഞ്ചായത്തിരാജ് - നഗരപാലിക, ഭരണസംവിധാനം നട പ്പാക്കാൻ തന്നെ ശ്രമിച്ചത്. പിന്നീട് അത് അട്ടിമറിക്കപ്പെട്ടു. ഗ്രാമതലത്തി

ലുള്ള പരിമിതമായ അധികാരങ്ങൾപോലും ഇല്ലാതാക്കിക്കൊണ്ടിരിക്കുക യാണ്. അധികാരം കേന്ദ്ര-സംസ്ഥാനതലങ്ങളിലേക്ക് കേന്ദ്രീകരിച്ചുകൊണ്ടി രിക്കുന്നു. ജനങ്ങൾക്ക് അഭിപ്രായം പറയാനുള്ള ഏകവേദിയായ ഗ്രാമസഭ കളുടെ അഭിപ്രായങ്ങൾക്കോ നിർദ്ദേശങ്ങൾക്കോ യാതൊരു സ്ഥാനവുമില്ല. ഗ്രാമസഭയുടെ തീരുമാനങ്ങൾ ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ സ്വീക രിക്കണമെന്നു നിർബന്ധിത വ്യവസ്ഥ (മാൻഡേറ്ററി പവർ) ഇല്ലാത്തതുമൂ ലമാണ് ഇപ്രകാരം സംഭവിക്കുന്നത്.

അതുകൊണ്ടുതന്നെ, തങ്ങൾകൂടി ഉൾപ്പെട്ട ഒരു ഭരണപ്രക്രിയയാണ് ഇവിടെ നടക്കുന്നത് എന്നോ രാഷ്ട്രനിർമ്മാണപ്രക്രിയയിൽ തങ്ങൾക്ക് കൂടി പങ്ക് ഉണ്ട് എന്നോ ഒരു സാധാരണക്കാരനും തോന്നുന്നില്ല.

പഞ്ചായത്ത് - സംസ്ഥാന - കേന്ദ്രഭരണത്തെ നിയന്ത്രിക്കുന്നത് കക്ഷിരാഷ്ട്രീയ പാർട്ടികളും പാർട്ടികളെ നിയന്ത്രിക്കുന്നത് അതിനുള്ളിലെ ആധിപത്യഗ്രൂപ്പുകളും ഗ്രൂപ്പുകളെ നിയന്ത്രിക്കുന്നത് മൂലധനശക്തികളു മാണ്. ഇപ്രകാരം മൂലധനശക്തികൾക്ക് രാജ്യഭരണത്തേയും പരമാധികാര ത്തേയും പണയപ്പെടുത്തുന്ന സ്ഥിതി സംജാതമാകുന്നു.

ഖാദി - ഗ്രാമവ്യവസായം, കുടിൽവ്യവസായം, സ്വദേശീ പ്രസ്ഥാനം എന്നിവയിലൂടെ സ്വാശ്രിതമായ കുടുംബ - ഗ്രാമസമൂഹങ്ങളാണ് ഗാന്ധിജി ലക്ഷ്യമിട്ടത്. ഇത്തരം ഒരു സമൂഹത്തിൽ മൂലധനശക്തികൾക്ക് കാര്യമായ ഒരു സ്വാധീനവും ചെലുത്താനാകില്ല. വൻകിടപണക്കാരും ദരിദ്രനാരായണ ന്മാരുമെന്ന രണ്ടുവർഗങ്ങളും ഉണ്ടാകില്ല.

എന്നാലിപ്പോൾ, ഒരു ഈസ്റ്റിന്ത്യാ കമ്പനിക്കു പകരം, നിരവധി ബഹുരാഷ്ട്ര കുത്തക കമ്പനികൾ രാഷ്ട്രത്തിന്റെ സമ്പദ്വ്യവസ്ഥയെ നിയ ന്ത്രിക്കുകയാണ്. അവരുടെ ചൂഷണത്തിനനുകൂലമായ രീതിയിൽ നിയമ നിർമ്മാണവും നയരൂപീകരണവും നടത്താൻ ഭരണകൂടങ്ങൾ മത്സരിച്ചുകൊ ണ്ടിരിക്കുന്നു.

സാധാരണ ജനങ്ങൾ ചൂഷിതരായി തുടരുന്നു. ചൂഷണം തങ്ങളുടെ ജന്മാവകാശമാണെന്ന ഭാവത്തിൽ കുത്തകകമ്പനികൾ ജനങ്ങളേയും ഭര ണകൂടങ്ങളെയും നിയന്ത്രിക്കുന്നു. സാധാരണ ജനങ്ങൾ കാർഷികമേഖ ലയും ചെറുകിടവ്യവസായമേഖലയും വിട്ടൊഴിയുന്നു. ഈ മേഖലയിൽ കോർപ്പറേറ്റുകളും മറ്റ് വൻകിട സംവിധാനങ്ങളും സ്ഥാനം പിടിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചുകൊണ്ടിരിക്കുന്നു. പൊതുവീഥിയിലൂടെ സഞ്ചരിക്കാൻ പോലും വിദേശ കുത്തകകമ്പനികൾക്ക് ടോൾ നൽകണം എന്ന സ്ഥിതിയാണ് ഉള്ളത്. കുടിവെള്ള മേഖലപോലും കമ്പനിവൽക്കരിക്കുന്നു. ദാരിദ്ര്യരേഖയുടെ മാനദണ്ഡം എത്ര താഴ്ത്തി വര ച്ചിട്ടും കോടികണക്കിനാളുകൾ ഇന്നും ദാരിദ്ര്യരേഖക്ക് താഴെ വരുകയാണ്.

മതമൈത്രിയും, സാമുദായികസൗഹാർദ്ദവും, സ്ത്രീകൾക്ക് തുല്യ പദവിയും ഉള്ള ഒരു സാംസ്കാരിക അന്തരീക്ഷം, ധാർമ്മികതയിൽ ഊന്നിയ

സമൂഹത്തിന്റെ സൂചനകളാണ്. എന്നാൽ, നവീകരണ പ്രസ്ഥാനങ്ങളുടെയും നാവോത്ഥാനപ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളും ഇന്ന് സജീവമല്ല.

ഉപഭോഗ സംസ്കാരത്തിന്റെ ഉച്ചകോടിയിൽ ലാഭത്തിനും സ്വാർത്ഥ മോഹങ്ങൾക്കും മാത്രം സ്ഥാനം കൽപ്പിക്കുന്നവർക്ക് മുൻതൂക്കമുള്ള സമൂഹമാണ് ഇന്നുള്ളത്. ധാർമ്മികതക്ക് കാര്യമായ ഒരു സ്ഥാനവും നൽകുന്നില്ല. പണവും പദവിയുമാണ് മാന്യതയുടെ മാനദണ്ഡമെന്ന് വർത്തമാനകാലം ഉറച്ചുവിശ്വസിക്കുന്നു. ശാസ്ത്രരംഗത്തും സാക്ഷരതയുടെ കാര്യത്തിലും വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പക്ഷേ അവയെ ധാർമ്മികമായ – സാംസ്കാരികമായ – ഉണർവിന് ഉപയോഗപ്പെടുത്തുന്നതിൽ പലപ്പോഴും നാം പരാജയപ്പെടുന്നു. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും സമസ്തമേഖലകളിലും പുരുഷമേധാവിത്വവും തുടരുകയുമാണ്.

എല്ലാ മനുഷ്യരിലും കുടികൊള്ളുന്ന ദൈവീകതയുടെ ആവിഷ്കാരമാണ് മതങ്ങളുടെ ലക്ഷ്യമെന്ന് ആചാര്യന്മാരെല്ലാം പറയുകയും അത് ഒരു പരിധി വരെ വിശ്വസിക്കുകയും ചെയ്തിരുന്ന സാഹചര്യവും ഇവിടെ ഉണ്ടായിരുന്നു. ഇത്തരം ഒരു ഏകാത്മകതയെ അവതരിപ്പിക്കുന്നതിലും ബോധ്യപ്പെടുത്തുന്നതിലും ഗാന്ധിജി, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, സ്വാമി വിവേകാനന്ദൻ എന്നിവരെല്ലാം വിജയിച്ചിരുന്നു. ക്ഷേത്രപ്രവേശന സത്യാഗ്രഹവും അയിത്തോച്ചാടനസമരങ്ങളും പന്തിഭോജനവുല്ലൊം ഈ ഏകത്വ ദർശനത്തിലധിഷ്ഠിതമായിരുന്നു.

എന്നാൽ ഇപ്പോൾ മതങ്ങളും, ജാതികളും കൂടുതൽ കൂടുതൽ സംഘടിതവും സങ്കുചിതവുമാവുന്നു. പുറമേക്ക് മൈത്രി പ്രകടിപ്പിക്കുമ്പോഴും ആന്തരീകമായി ഭിന്നത വർദ്ധിപ്പിക്കുന്ന സന്ദേശങ്ങളാണ് പ്രചരിപ്പിക്കുന്നത്. സ്വന്തം മതത്തിനും ജാതിക്കും ഭരണരംഗങ്ങളിലും ഉദ്യോഗസ്ഥരംഗത്തുമെല്ലാം ആനുകൂല്യങ്ങളും പ്രത്യേക അവകാശങ്ങളും സ്ഥാപിക്കാൻ ജാതി– മത – നേതൃത്വങ്ങൾ രാഷ്ട്രീയനേതൃത്വത്തെ സ്വാധീനിക്കുന്നു. വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ പേരിൽ രാഷ്ട്രീയനേതൃത്വം ഈ സങ്കുചിതമനോഭാവത്തെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

ഇപ്രകാരം രാഷ്ട്രീയ – സാമ്പത്തിക – സാംസ്കാരിക – ആത്മീയ രംഗങ്ങൾ സങ്കുചിതവും ചൂഷണാത്മകവുമാകുകയും സമഗ്ര സ്വാതന്ത്ര്യത്തിന്റെ അഥവാ സ്വരാജിന്റെ സാധ്യതകൾ വിദൂരമാകുകയും ചെയ്യുന്നു.

ഗാന്ധിജി വിഭാവന ചെയ്ത, സർവോദയ വീക്ഷണത്തിലധിഷ്ഠിതമായ, ഒരു സമൂഹസൃഷ്ടിക്കും സ്വരാജ് സംപ്രാപ്തമാകുന്നതിനും ഇനിയും ഒരു നാവോത്ഥാനപ്രസ്ഥാനം ഈ കാലഘട്ടത്തിൽ അനിവാര്യമാണ്.

★

2

സർവ്വോദയത്തിന്റെ സാംസ്കാരിക പക്ഷം

ഭാരതത്തെ ഒരു ഉപഭൂഖണ്ഡമായി നിലനിർത്തുന്നതിന് ഹിമാലയ പർവതം മുഖ്യ പങ്ക് വഹിക്കുന്നു. നമ്മുടേതായ ഒരു സാംസ്കാരിക തനിമയും ജനജീവിതവും പടുത്തുയർത്തുന്നതിൽ ഹിമാലയം വഹിക്കുന്ന പങ്ക് വലുതാണ്. ഇന്ത്യയുടെ ഭക്ഷ്യ കലവറയായ ഉത്തരമഹാസമതലത്തെ സമ്പന്നമാക്കുന്ന നിരവധി നദികൾ ഉത്ഭവിക്കുന്നതും ഹിമാലയത്തിൽ നിന്നു തന്നെ.

ഹിമാലയത്തെപ്പോലെ തന്നെ ഇന്ത്യയുടെ സംസ്കാരത്തേയും ജീവിതത്തേയും നിർണയിച്ച പർവതമേഖലകളാണ് പശ്ചിമഘട്ടവും പൂർവഘട്ടവും. മൺസൂൺ കാലാവസ്ഥാ രാജ്യമായ ഇന്ത്യയിൽ തെക്കു പടിഞ്ഞാറൻ മൺസൂണിനേയും വടക്കുകിഴക്കൻ മൺസൂണിനേയും ഫലപ്രദമാക്കി മാറ്റുന്നത് ഈ പർവതനിരകളാണ്. ഇതിൽ പശ്ചിമഘട്ടം അത്യപൂർവങ്ങളായ സസ്യ-ജന്തുജാലങ്ങളുടെ ആവാസകേന്ദ്രവും ഇന്ത്യയുടെ കാർഷിക സമൃദ്ധി നിലനിർത്തുന്നതിന് സഹായിക്കുന്ന നിരവധി നദികളുടെ (കേരളത്തിലെ 44 നദികൾ ഉൾപ്പടെ) ഉത്ഭവസ്ഥാനവുമാണ്. അതുകൊണ്ടാണ് അടുത്തകാലത്ത് ലോകപൈതൃക പട്ടികയിൽ പശ്ചിമഘട്ടം ഇടംനേടിയത്.

പശ്ചിമഘട്ടത്തിലെ സുഗന്ധവ്യഞ്ജനങ്ങളാണ് അനാദികാലം മുതൽ വിദേശീയരെ ഇന്ത്യയിലേക്ക് ആകർഷിക്കുന്നതും ഏറെ വിദേശനാണ്യം നേടിത്തരുന്നതും. സുഗന്ധവ്യഞ്ജനങ്ങൾ വാങ്ങാൻ വന്ന പാശ്ചാത്യരിൽ ചിലർ കുരുമുളക് വള്ളി (കുരുമുളക് കൊടി) കൂടി കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ ഈ നാട്ടുകാർ അസംതൃപ്തി പ്രകടിപ്പിച്ചു. ഇത് കണ്ടപ്പോൾ സാമൂതിരി രാജാവ് പ്രതികരിച്ചത് ഇപ്രകാരമാണ്: "അവർക്ക് കുരുമുളക് കൊടിയല്ലേ കൊണ്ടുപോകാനാകുകയുള്ളൂ; തിരുവാതിര ഞാറ്റുവേല കൊണ്ടുപോകാനാകില്ലല്ലോ?" തെക്കുപടിഞ്ഞാറൻ മൺസൂണിനെ തടഞ്ഞു നിർത്തി ജൂൺ മുതൽ സെപ്തംബർ വരെയുള്ള കാലവർഷം നമുക്ക് ലഭ്യമാക്കുന്നത് (തിരുവാതിര ഞാറ്റുവേലയുൾപ്പെടെയുള്ള) പശ്ചിമഘട്ടത്തിന്റെ സാന്നിധ്യം മൂലമാണ്.

നമ്മുടെ സംസ്കാരത്തെയും പൈതൃകത്തേയും സംരക്ഷിക്കാൻ നാം തയ്യാറാകുക എന്നതാണ് നമുക്ക് മുന്നിലുള്ള ഒരു സാസ്കാരിക സാധ്യത. അത്യാർത്തിയുടെയും സ്വാർത്ഥതയുടേയും പൂർത്തികരണത്തി നായി ചൂഷണത്തിന്റെയും ആധിപത്യത്തിന്റെയും ശൈലി കൈവരിക്കുക എന്നതാണ് രണ്ടാമത്തെ സാധ്യത. ഇതിൽ ഏത് സാംസ്കാരിക തലത്തി ലാണ് നാം നിലകൊള്ളുന്നത് എന്ന് നാം വ്യക്തമാക്കേണ്ടത് ഈ കാലഘ ട്ടത്തിന്റെ സുപ്രധാന ദൗത്യമാണ്.

മറ്റു മൃഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തനായ മനുഷ്യൻ ഇതിൽ ഏതു മാർഗം സ്വീകരിക്കുമെന്നതിനനുസരിച്ചാണ് വരുംകാലത്തെ നിർണയിക്കപ്പെടുന്നത്. ഡാർവിന്റെ പരിണാമശാസ്ത്രത്തിനും അപ്പുറമാണ് മനുഷ്യന്റെ പരിണാമത്തിന്റെ ശാസ്ത്രം. പരിണാമപ്രക്രിയയിൽ മുഖ്യ പരി ഗണന ലഭിച്ചത് ജീവശാസ്ത്ര പ്രക്രിയക്കാണ്. എന്നാൽ കേവലമായ ജീവ ശാസ്ത്ര പരിണാമത്തിനുപരിയാണ് മനുഷ്യവികാസം. മാനസികവും സാമൂ ഹികവുമായ പരിണാമപ്രക്രിയ മനുഷ്യനിൽ സ്വാഭാവികമായും നടക്കും; നടക്കണം. ഒരു പരാദ സമ്പദ്വ്യവസ്ഥയിൽ നിന്നോ സ്വാർത്ഥ സമ്പദ്വ്യവ സ്ഥയിൽ നിന്നോ വികസിപ്പിച്ച് ഉദ്യമ സമ്പദ്വ്യവസ്ഥയിലേക്കും സേവന സമ്പദ്വ്യവസ്ഥയിലേക്കും വികസിപ്പിക്കുക എന്നത് മനുഷ്യധർമ്മമാണ്. സമ്പദ്മേഖലയിൽ മാത്രമല്ല, ആത്മീയ-ധാർമ്മീക-രാഷ്ട്രീയ മേഖലകളിൽ കൂടി ഇതിന്റെ പരിണാമങ്ങൾ പ്രകടമാകുന്നു. മനുഷ്യനുൾപ്പെടെയുള്ള സകല സസ്യ-ജന്തുജാലങ്ങളോടുള്ള സഹജീവിഭാവം, ധാർമ്മികതയിൽ അടിയുറച്ചുകൊണ്ട് പ്രകൃതിയുമായുള്ള ആദാന-പ്രദാന ശൈലി, വികേ ന്ദ്രീകൃത ജനാധിപത്യമുൾപ്പെടെയുള്ള അടിസ്ഥാന രാഷ്ട്രീയത്തെ അംഗീ കരിക്കൽ എന്നിവയെല്ലാം മനുഷ്യ-പരിണാമ-വികാസപ്രക്രിയയുടെ ദൃഷ്ടാ ന്തങ്ങളാണ്. ഇത്തരം ഒരു വികസിത വ്യക്തിത്വം കൈവരിക്കുന്ന മനുഷ്യ നാണ് - ക്രിസ്തുദേവന്റെ ഭാഷയിൽ - ഭൂമിയുടെ ഉപ്പായി നിലകൊള്ളു ന്നത്. ഭൂമിയുടെ ഉപ്പായി നിലകൊള്ളാനുള്ള അർഹത നിലനിർത്തുക എന്ന താണ് ഒന്നാമത്തെ സാംസ്കാരിക സാധ്യത. ഇതാണ് സർവ്വോദയത്തിന്റെ സംസ്കാരികപക്ഷം.

പരിണാമവാദത്തെ, മുതലാളിത്ത-സാമ്രാജ്യത്വവാദികൾ അവർക്ക നുകൂലമായി വളച്ചൊടിച്ച് വ്യാഖ്യാനിച്ചിരുന്നു. "ഉത്തമമായതേ അതിജീ വിക്കൂ" (Survival of the Fittest) എന്ന വാദം ഉയർത്തിക്കൊണ്ടാണ് യൂറോ പ്യൻ സാമ്രാജ്യത്വ ശക്തികൾ അക്കാലത്ത് കോളനിവൽകരണത്തേയും അടിമത്വത്തേയും ന്യായീകരിക്കാൻ ശ്രമിച്ചത്. ഹിറ്റ്ലറും മുസ്സോളനിയു മെല്ലാം ഇതിന്റെ ഗുണഭോക്താക്കളായി.

ആധിപത്യത്തിന്റേയും സ്വാർത്ഥതയുടേതുമായ ഈ ശൈലി നാം സ്വീകരിക്കണോ എന്നതാണ് പ്രശ്നം. ലോകത്ത് ഇതുവരെയുണ്ടായ ജീവി

വർഗങ്ങളുടെ ചരിത്രമെടുത്താൽ ഏറെക്കുറെ ഏറ്റവും അവസാനമായി ഈ ഭൂമുഖത്ത് എത്തിയവരാണ് മനുഷ്യർ. ഏതാനും ആയിരക്കണക്കിന് വർഷത്തെ ചരിത്രമാണ് നമുക്ക് പറയാനുള്ളത്. എന്നാൽ ഈ ഭൂമുഖത്തുള്ള ഭൂരിഭാഗം സസ്യജന്തുജാലങ്ങളും ലക്ഷക്കണക്കിന് വർഷം മുമ്പ് തന്നെ ഇവിടെ വന്നവരാണ്. അവരെക്കാൾ വലിയ എന്തെങ്കിലും ഒരു പ്രാധാന്യം മനുഷ്യനില്ല എന്ന തിരിച്ചറിവും, സഹജീവിഭാവവുമാണ് സാംസ്കാരിക വിനയം.

ഇവിടെയുള്ളതെല്ലാം തനിക്ക് വേണ്ടിയുള്ളതാണെന്നും താനാണ് ഭൂമുഖത്തെ അധിപനെന്നുമുള്ള ഭാവത്തിൽ പ്രകൃതിയെ അടക്കി വാഴാൻ നാളിതുവരെ ആർജ്ജിച്ച അറിവും സാങ്കേതികവിദ്യയുമെല്ലാം ഉപയോഗിക്കുക എന്നതാണ് രണ്ടാമത്തെ സമീപനം. ഇത് സാംസ്കാരിക ദുരന്തത്തിന് വഴിവയ്ക്കും. തന്റെയും തന്റെ കൂടെയുള്ളവരുടേയും ഭൗതിക നേട്ടത്തിനുവേണ്ടി മാത്രം മറ്റു സംവിധാനങ്ങളെയെല്ലാം ഉയോഗപ്പെടുത്തുക (മതവും രാഷ്ട്രീയവുമെല്ലാം) എന്നതാണ് ഇത്തരക്കാരുടെ രീതി. ഇത്തരം ആധിപത്യരീതിയെ നിരുത്സാഹപ്പെടുത്തുകയും പ്രകൃതിയിൽ വിനയപൂർവം ഇടപെടുന്ന രീതി പ്രോത്സാഹിപ്പിക്കുകയും വേണം.

★

3

വികസനവും മനുഷ്യനും

വികസനത്തിനുവേണ്ടിയുള്ള മുറവിളികളും 'വികസന' ത്തിന് ഇര യാകേണ്ടിവന്നവരുടെ നിലവിളികളും വർദ്ധിച്ചുവരികയാണ്. എന്താണ് വിക സനം, എങ്ങനെയാണ് അത് രൂപപ്പെടേണ്ടതെന്നും വ്യക്തമായി നിർവചി ക്കാൻ വിദഗ്ദ്ധർക്ക് സാധിക്കുന്നുമില്ല. നിർവചനത്തിനും മാനദണ്ഡങ്ങൾക്കും കാലദേശത്തിനനുസരിച്ച് മാറ്റങ്ങളുണ്ടാകുന്നു. വികസനം, പുരോഗതി എന്നീ കാര്യങ്ങളിൽ സർവ്വോദയ സമീപനമാണ് ശരിയെന്ന് കാലം തെളിയിച്ചു കൊണ്ടിരിക്കുകയാണ്.

നിർവചനങ്ങളും മാനദണ്ഡങ്ങളും

ഉത്പാദന വർദ്ധനവാണ് വികസനം എന്ന് ഒരു കാലത്ത് ലോകം ചിന്തിച്ചു. സമ്പദ്വ്യവസ്ഥയിലെ മൂന്ന് മേഖലകളിലും ഉല്പാദനം വർദ്ധിപ്പി ക്കുമ്പോൾ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥ വികസിക്കും, ആളോഹരിവരു മാനം വർദ്ധിക്കും എന്നാണ് ചിന്തിച്ചിരുന്നത്. അതുകൊണ്ട് അക്കാലത്ത് വികസനത്തിന്റെ മാനദണ്ഡമായി നിശ്ചയിച്ചിരുന്നത് പ്രതിശീർഷവരുമാനം (Percapita Income) ആണ്.

ഉല്പാദനവർദ്ധനവുകൊണ്ടുമാത്രം ജനങ്ങളുടെ പ്രശ്നം പരിഹ രിക്കാനാകില്ല എന്ന് ഇക്കൂട്ടർക്ക് പിന്നീട് ബോധ്യപ്പെട്ടു. ഉല്പന്നങ്ങളും ലാഭവും ചിലരിൽ മാത്രം വന്നു ചേരുകയും, ദാരിദ്ര്യവും രോഗങ്ങളും പെരു കിക്കൊണ്ടിരിക്കുകയും ചെയ്തു. കേവലം സാമ്പത്തികവളർച്ചയല്ല വിക സനം എന്ന് ബോധ്യപ്പെട്ടു. ജനങ്ങളുടെ വരുമാനത്തിലും ജീവിതഗുണനില വാരത്തിലും ഉണ്ടാകുന്ന ഉയർച്ചയാണ് വികസനം എന്ന് ചിന്തിക്കാൻ തുടങ്ങി. അടിസ്ഥാന സാക്ഷരത, ശിശുമരണ നിരക്ക്, പ്രതീക്ഷിത ആയൂർ ദൈർഘ്യം എന്നിവ കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഭൗതീക ജീവിത ഗുണനിലവാര സൂചിക (Physical quality of Life Index) വികസനത്തിന്റെ മാനദണ്ഡമായി മാറ്റി.

വികസനം എന്നത് കേവലം സാമ്പത്തിക പ്രവർത്തനം മാത്രമല്ല, സാമൂഹിക പ്രക്രിയ കൂടിയാണ് എന്ന് അംഗീകരിക്കപ്പെട്ടു. ഭൗതീക ജീവിത ഗുണനിലവാര സൂചികയിൽ പ്രതിശീർഷവരുമാനം അവഗണിക്കപ്പെട്ടിരിക്കുന്നു. ഈ കുറവുകൂടി പരിഹരിച്ചുകൊണ്ടാണ് വികസനത്തെ നിർണയിക്കാൻ പുതിയൊരു മാനദണ്ഡം രൂപപ്പെട്ടത്. പ്രതീക്ഷിത ആയുർദൈർഘ്യം, സാക്ഷരത, മൊത്തം സ്കൂൾ പ്രവേശനനിരക്ക്, പ്രതിശീർഷവരുമാനം എന്നിവയുൾപ്പെടുത്തിക്കൊണ്ട് 'മാനവ വികസന സൂചിക' (Human development Index) എന്ന മാനദണ്ഡം തയ്യാറാക്കി.

വികസനത്തെ സംബന്ധിച്ച നിർവചനങ്ങളിലും അളവുകോലിലും കാലത്തിനും ദേശത്തിനും അനുസരിച്ച് മാറ്റങ്ങൾ ഉണ്ടാകുമ്പോഴും വികസനവക്താക്കൾ ഒരു കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്.

മനുഷ്യന്റെ വളർച്ചയ്ക്കും വികാസത്തിനുമായി പ്രകൃതിവിഭവങ്ങളെ പ്രയോജനപ്പെടുത്തുന്ന പ്രക്രിയയാണ് വികസനം എന്ന് ഏവരും അംഗീകരിക്കുന്നു.

മനുഷ്യൻ യജമാനനോ?

അതായത്, വികസനം മനുഷ്യനുവേണ്ടിയാണ്. മനുഷ്യകേന്ദ്രീകൃതമാണ്. വിഭവങ്ങളെല്ലാം മനുഷ്യനുവേണ്ടി മാത്രമാണ്. അങ്ങനെയാണെങ്കിൽ വിഭവങ്ങളെ വിനിയോഗിക്കുക, ഉപയോഗിക്കുക, ചൂഷണം ചെയ്യുക എന്നിവ നടന്നേ തീരൂ എന്നാണ് വികസനവക്താക്കളുടെ പക്ഷം. അവരെ സംബന്ധിച്ചിടത്തോളം മനുഷ്യൻ പ്രകൃതിയുടെ ഭാഗമല്ല, മനുഷ്യനുവേണ്ടിയാണ് പ്രകൃതി. മനുഷ്യനെന്ന യജമാനന് ഇഷ്ടമുള്ളത് ചെയ്യാം. കുറെ മനുഷ്യരുടെ പൊതുവായ സുഖസൗകര്യ വർദ്ധനവിന് കുറച്ചു മനുഷ്യർ ഇരകളായാലും പാർശ്വവത്കരിക്കപ്പെട്ടാലും വലിയ പ്രശ്നമില്ല. പൊതുവായ വികസനത്തിനുവേണ്ടി കുറച്ചുപേർ ദാരിദ്ര്യം അനുഭവിക്കേണ്ടിവന്നാലും, പാർപ്പിടങ്ങളിൽ നിന്ന് പിഴുതെറിയപ്പെട്ടാലും വിരോധമില്ലത്രേ. മുതലാളിത്വത്തിന്റെ രീതിശാസ്തരും ആധുനികവികസന നിർവചനവും പര്യായങ്ങളും പരസ്പരപൂരകങ്ങളുമാകുന്നത് ഇപ്രകാരമാണ്.

പാറ-മണൽ-ധാതു ഖനന ലോബികളും, ആറന്മുളവിമാനത്താവളത്തിനുവേണ്ടി വാദിക്കുന്നവരും, ഇടുങ്ങിയ കൊച്ചു കേരളത്തിൽ ഇനിയും ആറുവരിപാതകളും എട്ടുവരിപാതകളും വേണമെന്ന് വാദിക്കുന്നവരും, പശ്ചിമഘട്ടത്തിലെ മനുഷ്യർക്കാണ് പ്രാധാന്യം നൽകേണ്ടത് എന്ന് വാദിക്കുന്നവരും മേൽപ്പറഞ്ഞ നിലപാടിനെയാണ് പ്രതിനിധീകരിക്കുന്നത്.

മുതലാളിത്വത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും ആധുനിക മുഖങ്ങളായ ബഹുരാഷ്ട്ര കുത്തക കമ്പനികൾ മൂന്നാം ലോക രാജ്യങ്ങളേയും, സാധാരണ ജനങ്ങളേയും നിഷ്കാസിതമാക്കുന്നത് ഈ തത്വശാസ്ത്രം ഉയർത്തിക്കാണിച്ചുകൊണ്ടാണ്.

സുസ്ഥിരവികസനം

ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നീ ദുരന്തങ്ങൾ പലവിധത്തിൽ മനുഷ്യനുമേൽ നിപതിക്കാൻ തുടങ്ങിയപ്പോഴാണ് ഈ കാണുന്ന പല വികസന പ്രവർത്തനങ്ങളും വിനാശത്തിലേക്കാണ് നയിക്കുന്നതെന്ന് ബോധ്യപ്പെട്ടത്. പരിസ്ഥിതി ഉച്ചകോടികളും ഉടമ്പടികളുമെല്ലാം ഉണ്ടാകുന്നത് ഇത്തരം ഒരു ഘട്ടത്തിലാണ്. വികസ്വര രാജ്യങ്ങളുടെ ശക്തമായ നിലപാട് പുതിയൊരു ദിശാബോധത്തിന് വഴിവച്ചു. ദുരന്തങ്ങളുടേയും അവയ്ക്കുള്ള പരിഹാരമാർഗങ്ങളുടെ നടത്തിപ്പിന്റേയും, ഉത്തരവാദിത്തം വികസ്വര രാജ്യങ്ങളുടെ മേൽ കെട്ടിവയ്ക്കാനാണ് വികസിത രാജ്യങ്ങൾ ശ്രമിച്ചത്.

'സുസ്ഥിര വികസനം' എന്ന കാഴ്ചപ്പാടിലേക്ക് ലോകം എത്തിച്ചേരുന്നതും ഈ ഘട്ടത്തിലാണ്. സാമ്പത്തികവളർച്ച, ആരോഗ്യകരമായ പരിസ്ഥിതി, പുനഃസ്ഥാപിക്കാനാകുന്ന വിഭവങ്ങളുടെ ശരിയായ ഉപയോഗം, സ്ഥിരത, കാര്യക്ഷമത, തുല്യത പങ്കാളിത്തം എന്നിവ സുസ്ഥിര വികസനത്തിന്റെ പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങളാകണമെന്നും നിർവചിക്കപ്പെട്ടു. ഇത് സർവ്വോദയ ആഭിമുഖ്യമുള്ള ഗുണകരമായ പരിവർത്തനമാണ്.

സർവ്വോദയ സമീപനം

പ്രകൃതിയിലെ സമസ്ത ജീവജാലങ്ങളുടെയും നന്മയെ (സർവ്വോദയത്തെ) ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കണമെന്നാണ് സർവ്വോദയ സമീപനം. മനുഷ്യർ പ്രകൃതിയുടെ ഭാഗമാണ്. പ്രകൃതിയുമായി ആദാന-പ്രദാന പ്രക്രിയ (പ്രകൃതിയിൽ നിന്ന് എടുക്കുകയും പ്രകൃതിയിലേക്ക് കൊടുക്കുകയും) യാണ് ഉണ്ടാകേണ്ടത്. മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി, മനുഷ്യന് സവിശേഷബുദ്ധിയും സ്വതന്ത്രമായ കൈകളുമുണ്ട്. ഇവ രണ്ടും ഉപയോഗിച്ച് മാനസികമായും ഭൗതീകമായും പുതിയതിനെ കണ്ടെത്താനും ആവിഷ്കരിക്കാനും സാധിക്കുന്നു. കാലത്തിനനുസരിച്ച് ഉല്പാദന- വിതരണ- അതിജീവനകാര്യങ്ങളിൽ മാറ്റങ്ങൾ വരുത്താൻ മനുഷ്യനു മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ മറ്റു ജീവജാലങ്ങൾക്കും വരും തലമുറകൾക്കും ഉപയോഗപ്രദമാക്കാവുന്ന വിധത്തിൽ പ്രകൃതിവിഭവങ്ങളെ വിനിയോഗിക്കാനും, നിലനിർത്താനുമുള്ള ബാധ്യത കൂടുതൽ ഉള്ളത് മനുഷ്യനുതന്നെയാണ്.

സമസ്ത ജീവജാലങ്ങളിലും ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടെന്നും അതുകൊണ്ടുതന്നെ പരസ്പരസഹായവും, സഹകരണവും, ആദരവും അനിവാര്യവുമാണെന്നും സർവ്വോദയപ്രസ്ഥാനം ഉറച്ചുവിശ്വസിക്കുന്നു. മനുഷ്യനും പ്രകൃതിയും തമ്മിൽ യജമാന-അടിമ ബന്ധമല്ല ഉണ്ടാകേണ്ടത്. സമഭാവനയും സമദർശിത്വവുമാണ്.

സാമ്പത്തിക -ഭൗതിക പുരോഗതിക്കായുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനം ധാർമ്മികത ആയിരിക്കണം. വികസനത്തിനുവേണ്ടി അധാർമ്മിക ചൂഷണ മനോഭാവം സ്വീകരിക്കരുത്. കേന്ദ്രീകൃത ആസൂത്രണം, കുത്തകകളുടെ നേതൃത്വത്തിലുള്ള വൻതോതിലുള്ള ഉല്പാദനം എന്നിവകൊണ്ട് സാമ്പത്തിക രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാകില്ല.

വികേന്ദ്രീകൃത ആസൂത്രണം, പങ്കാളിത്ത ജനാധിപത്യം, സ്വാശ്രയസംഘങ്ങൾക്ക് വിവിധ ഉത്പാദന രംഗങ്ങളിൽ പങ്കാളിത്തം, ഭക്ഷ്യസ്വരാജ് പ്രവർത്തനങ്ങൾ, കക്ഷിരാഷ്ട്രീയത്തിനതീതമായ സഹകരണ പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തം എന്നീ മാർഗങ്ങളിലൂടെ ചൂഷണ രഹിതമായ ഉത്പാദന-വിതരണ പ്രക്രിയ സംഘടിപ്പിക്കാവുന്നതാണ്.

ഗ്രാമീണ- നഗര അയൽപക്ക കൂട്ടായ്മകളിലൂടെ ട്രസ്റ്റിഷിപ്പിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ശ്രമം നടക്കണം. കമ്പനിവൽകരണത്തേയും ബി.ഒ.ടി. സംവിധാനത്തേയും അകറ്റിനിർത്താനായി മഹാത്മാഗാന്ധി മുന്നോട്ട് വച്ച ട്രസ്റ്റിഷിപ്പിന്റെ ആധുനിക സാധ്യതയെ ആവിഷ്കരിക്കാൻ ശ്രമിക്കണം.

പശ്ചിമഘട്ടം ഉൾപ്പെടെയുള്ള പർവതങ്ങളേയും നദികളേയും, വയലുകളേയും സംരക്ഷിച്ചുകൊണ്ടും, വരും തലമുറയെ കൂടി കണക്കിലെടുത്തുകൊണ്ടുമുള്ള പ്രവർത്തനങ്ങൾ നടക്കണം.

★

4

ജനശക്തിയും ജനാധിപത്യവും

ജനാധിപത്യത്തിന്റെ വിജയത്തെ നിർണയിക്കുന്നത് വ്യക്തികളുടെ ഗുണനിലവാരമാണ്. സ്വന്തം കടമകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും വ്യക്തമായ ബോധ്യമുണ്ടാകുകയും അതിനനുസരിച്ച് ജാഗ്രതാപൂർവം പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാളെയാണ് ഗുണനിലവാരമുള്ള വ്യക്തിയെന്ന് സൂചിപ്പിച്ചത്. ഇത്തരം ഒരു വ്യക്തി തികച്ചും സാമൂഹ്യബോധമുള്ളവനായിരിക്കും. ആൾക്കൂട്ടവും സമൂഹവും തമ്മിലുള്ള വ്യത്യാസം ജനാധിപത്യ സമൂഹത്തിലെ വ്യക്തി തിരിച്ചറിയുന്നു. ഏതാനും പേർ കൂടി നിന്നാൽ ആൾക്കൂട്ടമായി. പക്ഷേ അതൊരു സമൂഹമല്ല. ആൾക്കൂട്ടം സമൂഹമാണെങ്കിൽ ആളുകൾ തമ്മിൽ നിരന്തരമായ ആശയവിനിമയവും കൊടുത്തുവാങ്ങലുകളും പരസ്പര സഹായവും സഹകരണങ്ങളും ഉണ്ടാകണം. ഇത്തരം മാനസീകവും ഭൗതികവുമായ ബന്ധങ്ങളാണ് ആൾക്കൂട്ടത്തെ സമൂഹമായി പരിവർത്തനപ്പെടുത്തുന്നത്. ഇത്തരം ഒരു സമൂഹത്തിലെ വ്യക്തി സദാ സേവന സന്നദ്ധനായിരിക്കും. അതേസമയം, തന്റെയും മറ്റുള്ളവരുടേയും അവകാശ സംരക്ഷണത്തിനായും സദാ ജാഗരൂകനായിരിക്കും. ഇവിടെ ആരും ആരുടെയും മേൽ ആധിപത്യം ചെലുത്തുന്നില്ല. എല്ലാവർക്കും തുല്യ അവസരങ്ങൾ ഉണ്ടാകുകയും അതിന് മറ്റുള്ളവരെ അനുവദിക്കുകയും ചെയ്യുന്നു. അധികാരവും സമ്പത്തും ഏതെങ്കിലും ഒരു വ്യക്തിയിലോ, ഒരു വിഭാഗത്തിലോ കേന്ദ്രീകരിക്കുന്നില്ല എന്നതാണ് ജനാധിപത്യത്തിന്റെ മർമ്മം. ഇത്തരം ഒരു ജനാധിപത്യമാണ് ഗാന്ധിജിയും സർവ്വോദയ പ്രസ്ഥാനവും ലക്ഷ്യമിട്ടത്.

വികേന്ദ്രീകൃത ജനാധിപത്യം

മേൽപറഞ്ഞ ഗുണങ്ങളുള്ള വ്യക്തിയെ വാർത്തെടുക്കുക എന്നത് സാമൂഹ്യ വിദ്യാഭ്യാസത്തിന്റെ കർത്തവ്യമാണ്. കുടുംബം, വിദ്യാലയം, വാർത്താമാധ്യമങ്ങൾ എന്നിവയ്ക്കെല്ലാം ഇത്തരം ഒരു വ്യക്തിത്വ നിർമ്മിതിയിൽ പ്രത്യേക പങ്ക് വഹിക്കാവുന്നതാണ്.

ഓരോ പ്രദേശത്തേയും 50-75 കുടുംബത്തിൽ നിന്നുള്ളവർ ഒരു പ്രദേശത്ത് ഒത്തുചേരുന്നു. അവരിൽ നിന്ന് ഒരു പ്രതിനിധിയെ പൊതു സമ്മതപ്രകാരം നിർദ്ദേശിക്കുന്നു. ഇപ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ 50-60 പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്നു. ഇവർ ഒരുമിച്ചിരുന്ന് ഗ്രാമപഞ്ചായത്ത് ഭരിക്കുന്നതിനുള്ള ഒരു സമിതിയെ നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിലേക്കും ഒരു പ്രതിനിധിയെ നിർദ്ദേശിക്കുന്നു. ഇപ്രകാരം ജില്ല- സ്റ്റേറ്റ്- അഖിലേന്ത്യാ തലത്തിലേക്കും ഓരോ വ്യക്തിയെ നിർദ്ദേശിക്കുന്നു. ഇവർ കൂടിയിരുന്നു ബ്ലോക്ക്-ജില്ല-സംസ്ഥാന- അഖിലേന്ത്യാതല ഭരണത്തിന് നേതൃത്വം നൽകുന്നു. ബാലറ്റ് പേപ്പറോ, തെരഞ്ഞെടുപ്പ് പ്രചാരണ കോലാഹലങ്ങളോ, മദ്യവിതരണമോ, ജാതി-മത പ്രീണനമോ ഒന്നുമില്ലാതെ പ്രതിനിധികളെ നിർദ്ദേശിക്കപ്പെടുന്നു. ഇവരുടെ പ്രവർത്തനത്തിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ തിരിച്ചു വിളിക്കാനുമാകും. ഓരോ പ്രദേശത്തും നടക്കുന്ന കാര്യങ്ങൾ അയൽക്കൂട്ടങ്ങൾ, ഗ്രാമസഭകൾ, ഗ്രാമപഞ്ചായത്തുകൾ എന്നീ തലങ്ങളിൽ തീർച്ചയായും ചർച്ച ചെയ്യും. ഈ സമിതികളുടെ തീരുമാനങ്ങൾ തീർച്ചയായും നടപ്പാക്കുന്നതിന് നിയമപരമായ പിൻതുണയും ഉണ്ടായിരിക്കും. ഭൂരിഭാഗം വിഷയങ്ങളുടെയും ചർച്ചയും തീരുമാനമെടുക്കലും നടത്തിപ്പും താഴെ തലങ്ങളിൽ നടക്കും. സംസ്ഥാന-അഖിലേന്ത്യാ തലത്തിൽ ഏതാനും കാര്യങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. തീരുമാനവും നടത്തിപ്പും താഴെ തലത്തിലുള്ള വേദികളിലായിരിക്കും.

മേൽപറഞ്ഞ വിധമുള്ള വികേന്ദ്രീകൃത പങ്കാളിത്ത ജനാധിപത്യ പ്രക്രിയയിൽ, ഇന്നുകാണുന്നതുപോലെ, തെരഞ്ഞെടുപ്പ് പ്രക്രിയക്കായി കോടിക്കണക്കിന് രൂപ ചെലവിടേണ്ടതില്ല. പ്രതിനിധിയെ നിർദ്ദേശിക്കുന്നതിലും ഭരണം നടത്തുന്നതിലും ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തമുണ്ടായിരിക്കും. പണശക്തികളുടെയോ, രാഷ്ട്രീയകക്ഷികളുടെയോ, അമിതമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല. അഴിമതിയുമില്ല താനും കൂടി ഉൾപ്പെടുന്ന ഭരണമാണ് ഇവിടെ നടക്കുന്നത് എന്ന് ഓരോ വ്യക്തിക്കും അനുഭവപ്പെടുന്നു. ഇതാണ് ഗാന്ധിജി വിഭാവനം ചെയ്ത ജനാധിപത്യസംവിധാനം. ജനങ്ങൾ ജാഗ്രതയോടുകൂടിയിരിക്കുന്ന ജനശക്തിയെ സജീവമാക്കി നിലനിർത്തുന്നതാണ് ഈ ജനാധിപത്യം. ഇത്തരം ഒരു ജനാധിപത്യ സമ്പ്രദായത്തിനാണ് സ്വതന്ത്ര ഇന്ത്യ ശ്രമിക്കേണ്ടിയിരുന്നത്.

പാർലമെന്ററി ജനാധിപത്യം

എന്നാൽ സ്വാതന്ത്ര്യം നേടിയപ്പോൾ, പാർലമെന്ററി ജനാധിപത്യം ഇന്ത്യയിൽ നടപ്പാക്കുന്നതിനായാണ് അന്നത്തെ ദേശീയ നേതാക്കൾ തീരുമാനിച്ചത്. ഭരണഘടനയിൽ ഇപ്രകാരമാണ് പ്രതിപാദിച്ചത്. പാശ്ചാത്യ രാജ്യങ്ങളിൽ നിലനിന്നിരുന്ന പാർലമെന്ററി ജനാധിപത്യത്തെ അനുകരിക്കാനാണ് ശ്രമം നടന്നത്. ഇക്കാര്യത്തിൽ, ഗാന്ധിജിയുടെ അഭിപ്രായങ്ങൾക്കുപോലും കാര്യമായ സ്വീകാര്യത ഉണ്ടായില്ല.

ഗാന്ധിജിയുടെ അഭിപ്രായം സ്വീകരിച്ചിരുന്നുവെങ്കിൽ ലോകത്തിന് മുഴുവൻ മാതൃകയാക്കാവുന്ന ഒരു വികേന്ദ്രീകൃത പങ്കാളിത്ത ജനാധിപത്യ ക്രമം നമുക്ക് വളർത്തിയെടുക്കാമായിരുന്നു. അഴിമതിയും അമിത ആധിപത്യവുമില്ലാത്ത ഒരു ശുദ്ധ ജനാധിപത്യ സംവിധാനം സാധ്യമാണെന്ന് ലോകത്തിന് കാണിച്ചുകൊടുക്കാൻ നമുക്ക് സാധിക്കുമായിരുന്നു. ഇത്തരം മഹത്തായ ഒരു ചരിത്ര ദൗത്യവും നിയോഗവുമാണ് ഗാന്ധിജിയെ നിഷേധിക്കുകവഴി നമുക്ക് നഷ്ടപ്പെട്ടത്.

ജനാധിപത്യമെന്നാൽ പാർലമെന്ററി ജനാധിപത്യം മാത്രം എന്ന രീതിയിൽ ലോകം ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. മറ്റെന്തെങ്കിലും മാർഗമുണ്ടോ എന്ന് അന്വേഷിക്കാൻപോലും തയ്യാറാകുന്നില്ല. സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ ഇത്തരം ഒരു സാധ്യത തെളിഞ്ഞുവന്നാൽ അതിനെ ചെറുത്തു തോല്പിക്കാൻ ഇന്ത്യയിലെ രാഷ്ട്രീയകക്ഷികളെല്ലാം ഒറ്റക്കെട്ടായി നിലകൊള്ളുന്നു. ബഹുരാഷ്ട്ര കുത്തകകളും, ജാതി-മത ശക്തികളും ഇക്കാര്യത്തിൽ രാഷ്ട്രീയകക്ഷികൾക്കൊപ്പമാണ്.

പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന പ്രൊഫ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിനെ തള്ളിക്കളയുന്നതിന് പ്രധാനപ്പെട്ട എല്ലാ രാഷ്ട്രീയകക്ഷികളും മൗനാനുവാദം നൽകിയതിനുള്ള പ്രധാന കാരണം ഈ വികേന്ദ്രീകൃത പങ്കാളിത്ത ജനാധിപത്യം തന്നെയാണ്. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളെ നിർണയിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെ വേണമെന്ന് തീരുമാനിക്കുന്നത് അതതു പ്രദേശങ്ങളിലെ ഗ്രാമസഭകളും ഗ്രാമപഞ്ചായത്തുകളുമായിരിക്കണമെന്നും ഇതു സംബന്ധിച്ച വിശദമായ ചർച്ചകൾ ഗ്രാമസഭകളിലും പഞ്ചായത്തുകളിലും നടക്കണമെന്നുമാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലുള്ളത്.

ഇത്തരം ഒരു അടിസ്ഥാന തല ജനാധിപത്യ പ്രക്രിയയും അതിനെ അംഗീകരിക്കുന്ന വികേന്ദ്രീകൃത ജനാധിപത്യ ഘടനയും ഉണ്ടായാൽ രാഷ്ട്രീയപാർട്ടികൾ ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രീകൃത- ആധിപത്യ സംവിധാനം നിലനിർത്തിക്കൊണ്ടുപോകാനാകില്ല. കുത്തക മൂലധന ശക്തികൾക്കും ഇതുപോലുള്ള ജനകീയ ഇടപെടലുകളെ ഭയമാണ്. അതുകൊണ്ടാണ് ഇവർ ഒറ്റക്കെട്ടായി ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ തമസ്കരിക്കാൻ ശ്രമിച്ചത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്ത് നടപ്പാക്കണമെന്ന് സർവ്വോദയ പ്രസ്ഥാനം ആവശ്യപ്പെടുന്നതിന്റെ ഒരു പ്രധാന കാരണവും ഇതുതന്നെയാണ്.

പാർലമെന്ററി സംവിധാനത്തിലെ അമിത ആധിപത്യവും, അഴിമതിയും, കുത്തകവൽകരണവുമെല്ലാം ജനങ്ങളിൽ വലിയ വെറുപ്പ് ഉളവാക്കിയിരിക്കുകയാണ്. അടുത്തകാലത്ത് ഡൽഹിയിൽ നടന്ന തെരഞ്ഞെടുപ്പിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ പ്രതികരണങ്ങളും ഇത് സൂചിപ്പിക്കുന്നു. പാർലമെന്ററി സംവിധാനത്തിനകത്തുതന്നെ ചില ജനകീയ ഇടപെടലുകൾക്കുള്ള സാധ്യതകൾ ഉയർത്തിക്കാണിച്ചതുകൊണ്ടാണ് പുതിയൊരു മുന്നേറ്റമുണ്ടാക്കാൻ ഡൽഹിയിൽ പുതിയ പാർട്ടിക്കു സാധിച്ചത്. സർക്കാർ രൂപീകരണത്തിന് മറ്റു പാർട്ടികൾ തയ്യാറല്ലെന്ന് വ്യക്തമാ

ക്കിയപ്പോൾ ഭൂരിപക്ഷമില്ലാതിരുന്നെങ്കിലും സാഹചര്യങ്ങളുടെ സമ്മർദ്ദം രൂപപ്പെടുത്തുന്നതിനാൽ തങ്ങൾ അധികാരത്തിൽ കയറണമോ വേണ്ടയോ എന്ന് അറിയാൻ പുതിയ രാഷ്ട്രീയ കക്ഷി നടത്തിയ ജനഹിതപരിശോധന (Plebiscite) എന്ന പുതിയ പ്രക്രിയയും ശ്രദ്ധേയമായി. അഭിപ്രായ വോട്ടെടുപ്പ് (referendum), അഭിക്രമം (initiative) എന്നിങ്ങനെ പല രീതികളും പാർലമെന്ററി ജനാധിപത്യത്തിനകത്തുതന്നെ ജനകീയ ഇടപെടലുകൾക്കുള്ള സാധ്യതകൾ നൽകുന്നു. ചില രാജ്യങ്ങളിൽ ഇവയിൽ പലതും നടപ്പാക്കുന്നുമുണ്ട്.

പാർലമെന്ററി സംവിധാനം സമൂഹത്തിൽ സൃഷ്ടിക്കുന്ന ദുരിതങ്ങളെ ലഘൂകരിക്കാൻ മേൽപറഞ്ഞ നടപടികൾ ഒരുപക്ഷേ സഹായിച്ചേക്കാം. ഇത്തരം അറ്റകുറ്റ പണികൾകൊണ്ട് സ്ഥായിയായ ഫലം ഉണ്ടാകില്ല.

അധികാരവും സമ്പത്തും ജനങ്ങളിൽ നിന്നും അകന്നുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ പാർലമെന്ററി ജനാധിപത്യസംവിധാനത്തിൽ അധികാര കസേരയിൽ ഇരിക്കുന്നവർ നമ്മുടെ നാട്ടുകാർ ആണെങ്കിലും അവരെ നിയന്ത്രിക്കുന്നതും അവർ നടപ്പാക്കുന്ന നയങ്ങൾ രൂപപ്പെടുത്തി കൊടുക്കുന്നതും പണാധിപത്യശക്തികളാണ്.

മഹാത്മാഗാന്ധിയും ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനവും മുന്നോട്ടു വച്ച 'സ്വരാജ്' (രാഷ്ട്രീയ - സാമ്പത്തിക- ധാർമ്മിക- ആത്മീയ മേഖലകളുടെ സമ്പൂർണ സ്വാതന്ത്ര്യം) എന്ന ലക്ഷ്യത്തിൽ നിന്ന് നാം അതിവേഗം അകന്നുപോകുകയാണ്.

സർവ്വോദയ ദൗത്യം

ഈ അവസ്ഥക്ക് മാറ്റമുണ്ടാകണമെങ്കിൽ സമ്പൂർണമായ വികേന്ദ്രീകൃത - പങ്കാളിത്ത ജനാധിപത്യ സംവിധാനം കെട്ടിപ്പടുക്കണം. ജനാധിപത്യ വ്യവസ്ഥയിൽ ഇത്തരം ഒരു സാധ്യതയുണ്ടെന്ന് രാജ്യത്തെ ജനങ്ങളെ അറിയിക്കണം. പാർലമെന്ററി സംവിധാനമല്ലാതെയുള്ള സാധ്യതകളെക്കുറിച്ച് സജീവമായ ചർച്ച നടക്കണം. വികേന്ദ്രീകൃത ജനാധിപത്യ സംവിധാനം അരാജകത്വത്തിലേക്ക് നയിക്കുമെന്ന് പ്രചാരണം നടത്തുന്നവർക്ക് കൃത്യമായ മറുപടി കൊടുക്കുവാനും സാധിക്കണം. കക്ഷിരാഷ്ട്രീയത്തിൽ നിന്നും അധികാര രാഷ്ട്രീയത്തിൽ നിന്നും മാറിനിന്നുകൊണ്ട് സാമൂഹ്യ പ്രവർത്തനം നടത്തുന്ന സർവ്വോദയ പ്രവർത്തകർക്ക് ഇക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്തമുണ്ട്.

അധികാരത്തിൽ ലക്ഷ്യം വയ്ക്കാതെ, ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുന്ന നിരവധി ജനകീയ പ്രസ്ഥാനങ്ങൾ ഇന്ത്യയിലുണ്ട്. ഇത്തരം പ്രസ്ഥാനങ്ങളുടെകൂടി പങ്കാളിത്തത്തോടെ ജനശക്തി വളർത്തിയെടുക്കാനും സ്വരാജ് എന്ന മഹത്തായ ലക്ഷ്യത്തിലേക്ക് രാജ്യത്തെ അഭിമുഖമാക്കി നിർത്താനും നമുക്ക് സാധിക്കണം.

★

5

സമഗ്ര സോഷ്യലിസം

മഹാത്മാഗാന്ധി ഉറച്ചുവിശ്വസിച്ചിരുന്ന ദർശനമാണ് സർവ്വോദയം അഥവാ സമഗ്രസോഷ്യലിസം. സ്ഥിതിസമത്വ സമൂഹത്തെയാണ് സർവ്വോദയം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യത്തിലെത്താനുള്ള വ്യക്തമായ ഒരു കർമ്മപദ്ധതിയും രീതിശാസ്ത്രവും അദ്ദേഹം മുന്നോട്ടുവച്ചിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തന്നെ സോഷ്യലിസ്റ്റ് സമൂഹസൃഷ്ടിക്കായി പല രാജ്യങ്ങളിലും നടന്ന പ്രവർത്തനങ്ങളെ അദ്ദേഹം സസൂക്ഷ്മം നിരീക്ഷിക്കുകയും തന്റെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. അവിടങ്ങളിൽ നടന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനപരമായ അപാകതകളെക്കുറിച്ചും പരിമിതികളെക്കുറിച്ചും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇവയുടെ പ്രത്യാഘാതമെന്തായിരിക്കാമെന്നും അദ്ദേഹം പ്രവചിച്ചിരുന്നു. ഇരുപതാം നൂറ്റാണ്ട് പിന്നിടുമ്പോഴേയ്ക്കും അദ്ദേഹത്തിന്റെ പ്രവചനം ഏറെക്കുറെ യാഥാർത്ഥ്യമായി.

ഈ ചരിത്ര യാഥാർത്ഥ്യം നാം അംഗീകരിക്കുകതന്നെ വേണം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെങ്കിലും ഗാന്ധിജി നിർദ്ദേശിച്ച വിധമുള്ള ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്ക് വേണ്ടിയുള്ള സർവ്വോദയ സമൂഹസൃഷ്ടിക്കുവേണ്ടിയുള്ളപ്രവർത്തനങ്ങളിൽ നാം വ്യാപൃതരാകണം.

ഗാന്ധിജി എന്ന സോഷ്യലിസ്റ്റിനെ മനസ്സിലാക്കുക അത് അദ്ദേഹത്തിന്റെ 150-ാം ജന്മവാർഷികാഘോഷവേളയിൽ ഒരു പ്രധാന പ്രവർത്തനമാകട്ടെ.

സോഷ്യലിസ്റ്റായ ഗാന്ധിജി

പ്രസിദ്ധ ഗ്രന്ഥകാരനായ ലൂയി ഫിഷർ 1946 ൽ നടത്തിയ അഭിമുഖത്തിൽ ഗാന്ധിജിയോട് ചോദിച്ചു:

"അങ്ങ് ഒരു സോഷ്യലിസ്റ്റാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, അത് ശരിയല്ലേ?"

ഗാന്ധിജി മറുപടി പറഞ്ഞു: "അതെ, ഞാൻ സോഷ്യലിസ്റ്റ് തന്നെ, പക്ഷേ മറ്റു സോഷ്യലിസ്റ്റുകളിൽ നിന്നും വ്യത്യസ്തമാണ്. അവരിൽ പലരും ജനിക്കുന്നതിന് മുമ്പുതന്നെ ഞാൻ സോഷ്യലിസ്റ്റാണ്. അവരുടെ സോഷ്യലിസം ഇല്ലാതായി കഴിഞ്ഞാലും ഈ അവകാശവാദം നിലനിൽക്കും."

ലൂയി ഫിഷർ: എന്താണ് അങ്ങയുടെ സോഷ്യലിസം?

ഗാന്ധിജി: എന്റെ സോഷ്യലിസമാണ് സർവ്വോദയം

പ്രസ്തുത സംഭാഷണത്തിലൂടെ ഗാന്ധിജി തന്റെ നിലപാട് വ്യക്തമാക്കുകയാണ്. താൻ ഒരു സോഷ്യലിസ്റ്റ് തന്നെയാണ്. എന്നാൽ അക്കാലത്ത് ഇന്ത്യയിൽ പറയപ്പെട്ടിരുന്നതും മറ്റു ചില രാജ്യങ്ങളിൽ പ്രയോഗിക്കപ്പെട്ടിരുന്നതുമായ സോഷ്യലിസത്തിന് പരിമിതികൾ ഉണ്ട് എന്ന് അദ്ദേഹം മുറിയിപ്പ് നൽകുന്നു. അത്തരം വ്യവസ്ഥകൾക്ക് അധികകാലം മുന്നോട്ട് പോകാനാകില്ലെന്ന് അദ്ദേഹം പ്രവചിക്കുന്നു. ഹിംസാധിഷ്ഠിതമായ മുതലാളിത്ത ചൂഷണങ്ങളെ അതിജീവിക്കാൻ അഹിംസയിൽ അധിഷ്ഠിതമായ സോഷ്യലിസ്റ്റ് പ്രയോഗങ്ങളാണ് വേണ്ടതെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചു.

അംഹിംസാധിഷ്ഠിതമായ സോഷ്യലിസ്റ്റ് പ്രയോഗങ്ങളിലൂടെ മാത്രമേ ഒരു സർവ്വോദയസമൂഹത്തെ അഥവാ ശാശ്വതമായ സ്ഥിതിസമത്വസമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. സാമ്പത്തികരംഗത്തും രാഷ്ട്രീയരംഗത്തും ഉള്ള സമത്വത്തെക്കുറിച്ച് മാത്രമല്ല ഗാന്ധിജി പറയുന്നത്. ഈ രണ്ട് മണ്ഡലങ്ങൾക്ക് ഒപ്പം തന്നെ സാംസ്കാരികരംഗത്തും ആത്മീയരംഗത്തും സ്ഥിതിസമത്വം ഉണ്ടാകുന്ന സർവ്വോദയസമൂഹത്തെ അഥവാ സമഗ്ര സോഷ്യലിസത്തെയാണ് ഗാന്ധിജി ലക്ഷ്യമിട്ടത്.

കമ്യൂണിസവും സർവ്വോദയവും

സമഗ്രസോഷ്യലിസം അഥവാ സർവ്വോദയം എന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള മാർഗവും പവിത്രമായിരിക്കണം എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു.

വർഗ സംഘട്ടനത്തിന്റേയും സംഘർഷത്തിന്റേയും ആധിപത്യത്തിന്റേയും പാതയിലൂടെ സുസ്ഥിര സോഷ്യലിസം സ്ഥാപിക്കാൻ സാധിക്കില്ല. വർഗസമന്വയത്തിന്റേയും, സഹകരണത്തിന്റേയും, വികേന്ദ്രീകരണത്തിന്റേയും, ജനാധികാരത്തിന്റേയും പാതയിലൂടെ വേണം സമഗ്രസോഷ്യലിസം അഥവാ സർവ്വോദയം എന്ന മഹത്തായ ലക്ഷ്യത്തിലെത്താൻ എന്ന് ഗാന്ധിജിക്ക് ബോധ്യമുണ്ടായിരുന്നു.

ഗാന്ധിജി പറയുന്നു: "വർഗസമരം എന്ന ആശയം എനിക്ക് ബോധ്യമാകുന്നില്ല. ഇന്ത്യയിൽ ഒരു വർഗ സമരം അനിവാര്യമല്ലെന്ന് മാത്ര മല്ല അഹിംസാസിദ്ധാന്തം മനസ്സിലായിട്ടുണ്ടെങ്കിൽ നമുക്കത് ഒഴിവാക്കാവു ന്നതുമാണ്."

തൊഴിലാളികളുടെ അദ്ധ്വാനത്തെ മൂലധനമായി കണക്കാക്കണ മെന്നും ഭൗതികമൂലധനത്തിന് തുല്യമായ പരിഗണന നൽകണമെന്നും ഗാന്ധിജി നിർദ്ദേശിക്കുന്നു. വർഗസമന്വയത്തിന്റെ ആദ്യഘട്ടമാണിത്.

ശാസ്ത്രീയ സോഷ്യലിസ്റ്റുകളുമായി ഗാന്ധിജിക്കുണ്ടായിരുന്ന മറ്റൊരു അഭിപ്രായവ്യത്യാസം അധികാരത്തെ സംബന്ധിച്ചാണ്. ഭരണാധി കാരം കൈയിൽ വന്നാൽ മാത്രമേ സോഷ്യലിസം സ്ഥാപിക്കുകയുള്ളൂ എന്നാണ് അവർ കരുതുന്നത്.

സർവ്വോദയദർശനത്തെക്കുറിച്ച് മനസ്സിലാക്കുകയും അതിനനുസ രിച്ച് വ്യക്തിജീവിതം ക്രമപ്പെടുത്താനും തയ്യാറാകുന്ന മാനസാന്തരപ്പെടുന്ന ആദ്യത്തെ ആളോടൊപ്പം സോഷ്യലിസം ആരംഭിക്കുന്നു എന്നാണ് ഗാന്ധി ജിയുടെ വീക്ഷണം. ഇത്തരം വ്യക്തികളുടെ സമൂഹത്തിൽ അഹിംസാത്മ കമായി തന്നെ സോഷ്യലിസത്തെ പ്രയോഗതലത്തിൽ കൊണ്ടുവരാനാകും. അധികാരം ജനങ്ങളിലാണ് നിലനിൽക്കേണ്ടത്. സമ്പത്തും അധികാരവും വികേന്ദ്രീകരിക്കണം. ഏതെങ്കിലും ഒരു വർഗത്തിന്റെ സർവാധിപത്യം ഉപ യോഗിച്ച് സ്ഥിതിസമത്വം സ്ഥാപിക്കാനാകും എന്ന സമീപനവും അശാസ്ത്രീ യമാണ്.

അധികാരം വികേന്ദ്രീകരിക്കുന്നതുപോലെ ആസൂത്രണവും വികേ ന്ദ്രീകരിക്കണം. ഓരോ പ്രദേശത്തുമുള്ള ഭൂവിഭവങ്ങൾ തദ്ദേശീയർക്ക് ഉപ യോഗിക്കാനും ഉപജീവനം കണ്ടെത്താനും വികേന്ദ്രീകൃത ആസൂത്രണവും കൂട്ടായ പ്രവർത്തനവും ഉണ്ടാകണം. തദ്ദേശീയ വിഭവങ്ങളെ പ്രയോജന പ്പെടുത്തിക്കൊണ്ടുള്ള ചെറുകിട പദ്ധതികൾക്ക് മുൻഗണന നൽകണം. കേന്ദ്രീകൃത ആസൂത്രണത്തെ സോഷ്യലിസം സ്ഥാപിക്കാനുള്ള ഉപകര ണമാക്കുന്നതുകൊണ്ടാണ് പല കമ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ഭരണകൂടങ്ങളും പരാജയപ്പെടുന്നത്.

അധികാരത്തിന്റേയും സമ്പത്തിന്റേയും മേൽ ഭരണകൂടഉടമസ്ഥത സ്ഥാപിതമാകുമ്പോൾ ഒരുവിധത്തിലുള്ള സർക്കാർ ജന്മിത്വമാണ് രൂപംകൊ ള്ളുക. ഇത് നിരവധി ദുഷ്പ്രവണതകൾക്കും ഭരണകൂട ഭീകരതയ്ക്കും കാരണമാകും.

ജനപങ്കാളിത്തത്തോടുകൂടി ജനങ്ങൾ തന്നെ സമ്പത്തിന്റെ സൂക്ഷി പ്പുകാരാകുകയും പൊതു നന്മക്കുവേണ്ടി ഉപയോഗപ്പെടുത്തുന്ന വികേന്ദ്രീ കൃത സംവിധാനങ്ങൾ ഉണ്ടാക്കുകയുമാണ് വേണ്ടത്. ഗാന്ധിജി നിർദ്ദേശിച്ച ട്രസ്റ്റിഷിപ്പ് സംവിധാനം ഇതാണ്.

ഇന്ത്യക്ക് അനുയോജ്യമായ സോഷ്യലിസം

ഗാന്ധിജിക്ക് ശേഷം സർവ്വോദയ സമൂഹസൃഷ്ടിക്കുവേണ്ടി ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മഹാന്മാരായിരുന്നു ആചാര്യ വിനോബഭാവെയും ജയപ്രകാശ് നാരായണനും.

പ്രകൃതിവിഭവങ്ങളുടെ പൊതു ഉടമസ്ഥതയെ കുറിച്ച് ബഹുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്ന ഒരു സാമൂഹ്യവിപ്ലവ പ്രസ്ഥാനത്തിന് ഭൂദാൻ-ഗ്രാമദാൻ പ്രസ്ഥാനത്തിന് ആചാര്യ വിനോബഭാവെ നേതൃത്വം നൽകി.

ഒരു കമ്യൂണിസ്റ്റ് വിശ്വാസിയായി പൊതുജീവിതം ആരംഭിച്ച ലോക്നായക് ജയപ്രകാശ് നാരായണൻ പിന്നീട് ജനാധിപത്യ-സോഷ്യലിസത്തിന്റെ വക്താവായി. തുടർന്ന് ഭൂദാൻ, ഗ്രാമദാൻ പ്രവർത്തനത്തിലൂടെ സർവ്വോദയ പ്രവർത്തകനും ആചാര്യനുമായി. കമ്യൂണിസത്തിനും സോഷ്യലിസത്തിനും സ്വാഭാവികമായി ഉണ്ടാകേണ്ട വികാസ-പരിണാമങ്ങളെക്കുറിച്ചുള്ള തിരിച്ചറിവാണ് ജയപ്രകാശ് നാരായണനെ സർവ്വോദയദർശനത്തിലേക്ക് എത്തിച്ചത്. മനുഷ്യനും പ്രകൃതിയും കേവലം ഭൗതീകവസ്തുക്കൾ മാത്രമല്ല; പദാർത്ഥത്തിന്റേയും ആത്മാവിന്റേയും സമ്മിശ്രരൂപമാണിവ. അതുകൊണ്ട് ഭൗതീകതയേയും ആത്മീയതയേയും അഭിമുഖീകരിക്കുന്ന, സമന്വയിപ്പിക്കുന്ന, ഒരു ദർശനവും പ്രവർത്തന പരിപാടിയുമാണ് വേണ്ടത് എന്ന് ജയപ്രകാശ് നാരായണൻ പ്രഖ്യാപിച്ചു.

അദ്ദേഹം പറഞ്ഞു: "ഇന്ത്യക്ക് അനുയോജ്യമായ സോഷ്യലിസമാണ് സർവോദയം." സോഷ്യലിസ്റ്റുകളായ തന്റെ ഇന്ത്യൻ സുഹൃത്തുക്കൾക്ക് അയച്ച കത്തിലാണ് ഇക്കാര്യം തുറന്നുപറഞ്ഞത്.

ആഗോളവത്കരണം സൃഷ്ടിക്കുന്ന ആധിപത്യസംസ്കാരത്തിന് ബദലായി ഏതൊരു ലോകരാഷ്ട്രത്തിനും സ്വീകരിക്കാവുന്ന പ്രവർത്തന പദ്ധതിയാണ് സമഗ്രസോഷ്യലിസം അഥവാ സർവ്വോദയം.

സർവ്വോദയ സമൂഹസൃഷ്ടി സാധ്യമാകാവുന്നവിധം ഭരണഘടനാഭേദഗതികളും രാഷ്ട്രീയ സാമ്പത്തികരംഗത്തെ ഘടനാപരമായ മാറ്റവും ഭാരതത്തിൽ ഉണ്ടാകണം.

★

6

ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതി

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തെ കേവലം ഒരു രാഷ്ട്രീയ സമരമായിട്ടല്ല ഗാന്ധിജി ദർശിച്ചത്. ഭാരതത്തിന് സ്വരാജ് അഥവാ സമഗ്രസ്വാതന്ത്ര്യം നേടാൻ സാധിക്കണമെങ്കിൽ സാമ്പത്തിക രംഗത്തും ധാർമ്മിക രംഗത്തും ആത്മീയ രംഗത്തും അനുകൂലമായ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് സ്വാതന്ത്ര്യം സമഗ്രമാക്കാൻ സാധിക്കണമെന്നാണ് ഗാന്ധിജി ലക്ഷ്യമിട്ടത്. സ്വാതന്ത്ര്യ സമര പരിപാടികൾ നടക്കുമ്പോൾ തന്നെ ഗാന്ധിജി തന്റെ 18 ഇന നിർമ്മാണ പരിപാടികൾ (കൺസ്ട്രക്ടീവ് പ്രോഗ്രാം) നടപ്പാക്കാൻ പ്രത്യേകമായി ശ്രദ്ധിച്ചതും ഈ ഉൾക്കാഴ്ചകൊണ്ടാണ്.

ഖാദി, സ്വദേശി. അയിത്തോച്ചാടനം എന്നിങ്ങനെയുള്ള കർമ്മപരിപാടികളിൽ ഉൾപ്പെട്ടതായിരുന്നു ഗാന്ധിജിയുടെ വിദ്യാഭ്യാസ പദ്ധതിയും.

പാശ്ചാത്യ നാഗരികതയുടെ അധിനിവേശത്തെ പ്രതിരോധിക്കാനും പൗരസ്ത്യ തദ്ദേശീയ നാഗരികതയെ ശക്തിപ്പെടുത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതി.

അന്നേവരെ ലോകത്ത് വിവിധരാജ്യങ്ങളിലായി വിദ്യാഭ്യാസ ചിന്തകർ മുന്നോട്ടുവച്ചിരുന്ന ആശയങ്ങൾ ഗാന്ധിജി പരിഗണിച്ചിരുന്നു. സ്വദേശത്തുനിന്ന് പൈതൃകവിദ്യാഭ്യാസം, സ്വാമി വിവേകാനന്ദൻ, രവീന്ദ്രനാഥ ടാഗോർ എന്നിവരുടെ വിദ്യാഭ്യാസ ആശയങ്ങൾ, മറ്റുനാടുകളിൽ നിന്നുള്ള വിദ്യാഭ്യാസ മനഃശാസ്ത്രരായ പെസ്റ്റലോസ്സി, ഫ്രോബൽ, റൂസ്സോ, മറിയ മോണ്ടിസോറി, ജോൺ ഡ്യൂയി എന്നിവരുടെ വിദ്യാഭ്യാസ ചിന്തകൾ എല്ലാം ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ പദ്ധതിയാണ് ഗാന്ധിജി വിഭാവനം ചെയ്തത്.

1937 ഒക്ടോബറിൽ വാർദ്ധയിൽ ചേർന്ന സമ്മേളനമാണ് പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയത്. ഡോ. സക്കീർ ഹുസൈൻ, വിനോബഭാവെ, ശ്രീമൻ നാരായണൻ, മഹാദേവ് ദേശായ്, ജെ.സി. കുമരപ്പ തുടങ്ങിയ പ്രമുഖ ചിന്തകർ പങ്കെടുത്തിരുന്നു.

മനുഷ്യരിലെ ഉത്തമ ഗുണങ്ങളെ ഉയർത്തുന്നതും, സേവന മനോഭാവവും അദ്ധ്വാന സംസ്കാരവും വളർത്തുന്നതും, സ്വഭാവശുദ്ധിക്ക് പ്രാധാന്യം നൽകുന്നതുമായ വിദ്യാഭ്യാസം അതായത് ശരീരത്തിനും മനസ്സിനും ആത്മാവിനും ഉന്നമനം ഉണ്ടാകുന്ന വിദ്യാഭ്യാസ പദ്ധതിയാണ് പ്രസ്തുത യോഗം നിർദ്ദേശിച്ചത്. അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി നവീന വിദ്യാഭ്യാസ പദ്ധതി എന്നീ പേരുകളിൽ ഇത് അറിയപ്പെട്ടു,

പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽകൂടി തന്നെയായിരിക്കണമെന്നും നിഷ്കർഷിച്ചു. അടിസ്ഥാന വിദ്യാഭ്യാസ പരിപാടിയെ ജൂനിയർ, സീനിയർ എന്നീഘട്ടങ്ങളായും നിർദ്ദേശിച്ചു. പ്രൈമറി ഘട്ടം കഴിയുന്നതോടുകൂടി കുട്ടിയുടെ അഭിരുചിക്കനുസരിച്ച് മേഖലകൾ തിരഞ്ഞെടുക്കുവാനുള്ള അവസരം ഉണ്ടാകണം. തന്റെ അഭിരുചിക്കനുസരിച്ച് പ്രസ്തുത മേഖലയിൽ ഒരു തൊഴിൽ തിരഞ്ഞെടുക്കുവാനും പ്രസ്തുത തൊഴിലിലൂടെ അനുബന്ധ വിഷയങ്ങൾ പഠിക്കുവാനുമുള്ള അവസരം ഉണ്ടാകണം. ഉദാഹരണത്തിന് ഒരാൾ കൃഷി തിരഞ്ഞെടുക്കുന്നു എങ്കിൽ ചെടിയെക്കുറിച്ചുള്ള ജീവശാസ്ത്രവും വിത്ത് പാകാനുള്ള മണ്ണിനെക്കുറിച്ചും സമയത്തെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചും പഠിക്കുമ്പോൾ ഭൂമിശാസ്ത്രവും കാലാവസ്ഥാശാസ്ത്രവും പഠിക്കണം. ഇതിൽ നിന്നുള്ള വിളവിന്റെ വിൽപനയെക്കുറിച്ച് പഠിക്കുമ്പോൾ ധനതത്വശാസ്ത്രവും വാണിജ്യശാസ്ത്രവും സ്വാഭാവികമായി മനസ്സിലാക്കുന്നു. ഇത് താൻ തിരഞ്ഞെടുക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായതുകൊണ്ട് ഈ പഠനം അധികപ്പറ്റായി തോന്നുകയുമില്ല.

ഇതുപോലെ ഏതു മേഖലയിലും സാധിക്കും. ഇത്തരം പഠനം അനിവാര്യമായാണ് തോന്നുക. ഒരിക്കലും ഭാരമായി തോന്നുകയില്ല, പ്രവൃത്തിയിലൂടെ സജീവമായ പഠനം സാധ്യമാകുന്നു.

ഈ നവീന വിദ്യാഭ്യാസ പദ്ധതിയെ ദേശീയ വിദ്യാഭ്യാസപദ്ധതിയായി അംഗീകരിക്കുകയും സ്വാതന്ത്ര്യത്തിന് തൊട്ടുമുമ്പും ശേഷവുമുള്ള അഞ്ച് വർഷക്കാലം ഈ സമൂഹബന്ധ വിദ്യാഭ്യാസ പരിപാടിക്ക് വ്യാപകമായ പ്രചാരം ലഭിക്കുകയും ചെയ്തു.

എന്നാൽ ഈ നവീന പദ്ധതിയെ കേവലം തൊഴിൽപരിശീലനമായി മാത്രം കുറച്ച് കാണുകയും അവഗണിക്കുകയും ചെയ്യുന്ന കാഴ്ചപ്പാടാണ് പിന്നീട് കണ്ടത്. പാശ്ചാത്യ വിദ്യാഭ്യാസ പ്രക്രിയയോടുള്ള അന്ധമായ അനുകരണമാണ് ഈ തിരിച്ചുപോക്കിന് കാരണമായത്.

അദ്ധ്യാപകൻ വിദ്യാർത്ഥിക്ക് അറിവ് പകർന്നു നൽകുന്നു എന്നാണ് പല പാശ്ചാത്യ ചിന്തകരും വ്യാഖ്യാനിച്ചിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ഇത്തരം ഒരു കാഴ്ചപ്പാട് വ്യാപകമായിരുന്നു. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ വ്യാഖ്യാനമാണ് ഗാന്ധിജി നൽകിയത്. അറിവ് പകർന്നുനൽകലല്ല വിദ്യാഭ്യാസം എന്ന് ഗാന്ധിജി വ്യക്തമാക്കി.

ഓരോരുത്തരിലും സ്വതവേ തന്നെ നിലകൊള്ളുന്ന ഗുണവിശേഷങ്ങളെ അഥവാ ജ്ഞാനത്തെ ആവിഷ്കരിക്കാൻ അഥവാ വെളിപ്പെടുത്താൻ ഉത്തേജനം നൽകുകയും സാഹചര്യം ഒരുക്കുകയും ആണ് അദ്ധ്യാപകൻ ചെയ്യുന്നതെന്നാണ് ഗാന്ധിജിയുടെ പക്ഷം. വിവിധതരം ബുദ്ധികളും നൈപുണികളും മേൽപറഞ്ഞ ഗുണങ്ങളുടെ പ്രകടിത രൂപങ്ങളാണ്.

ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ അവസാനപകുതി ആയപ്പോൾ പാശ്ചാത്യചിന്തകരും സമൂഹബന്ധ-സൃഷ്ട്യുന്മുഖ നിർമ്മാണ വിദ്യാഭ്യാസ പ്രക്രിയയെ അംഗീകരിക്കാൻ ആരംഭിച്ചു.

സിറ്റ്സർലന്റിലെ സസ്യശാസ്ത്രജ്ഞനും വിദ്യാഭ്യാസ പ്രവർത്തകനുമായ ജീൻപിയാഷെയുടെ വൈജ്ഞാനിക നിർമ്മിതിവാദവും, ജെറോം എസ്. ബ്രൂണറുടേയും, റോബർട്ട് ഗാഗ്നെയുടേയും വ്യാഖ്യാനങ്ങളും റഷ്യൻ മനഃശാസ്ത്രജ്ഞനായ വൈഗോഡ്സ്കിയുടെ സാമൂഹ്യനിർമ്മാണവാദവും ഡാനിഷ് മനഃശാസ്ത്രജ്ഞനായ ഹോവാർഡ് ഗാർഡനറുടെ ബഹുവിധ ബുദ്ധി അഥവാ മൾട്ടിപ്പിൾ ഇന്റലിജൻസ് എന്ന വ്യാഖ്യാനവും 1990കളിൽ ഐക്യരാഷ്ട്രസംഘടനയുടെ ഭാഗമായ യുനസ്കോ അംഗീകരിച്ച പഠനത്തിന്റെ നാല് തൂണുകൾ എന്ന വ്യാഖ്യാനവും ഗാന്ധിജി നിർദ്ദേശിച്ച അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിയുടെ സമഗ്രതയിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

വിദ്യാഭ്യാസം വൈവിധ്യവത്കരിക്കുമ്പോൾ തങ്ങൾക്ക് അനുയോജ്യമായ ഏത് തൊഴിലും അനുബന്ധ പഠനവും തിരഞ്ഞെടുക്കാൻ വിദ്യാർത്ഥിക്ക് അവസരം ഉണ്ടാകണം. പഠനകാലത്തുതന്നെ തൊഴിലിൽ നിന്ന് വരുമാനവും ഉണ്ടാകും. ഇത് വിദ്യാഭ്യാസ ചിലവുകൾക്കായി നൽകാം. താൻ അദ്ധ്വാനിച്ച പണംകൊണ്ടാണ് പഠിക്കുന്നത് എന്ന അഭിമാനബോധവും കൂടുതൽ ഉത്തരവാദിത്ത ബോധവും കുട്ടിയിൽ വളർത്താൻ ഇത് സഹായിക്കും.

ഉന്നത വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥി, രക്ഷിതാവ്, മാനേജ്മെന്റ് (ഗവൺമെന്റ്) എന്നിവരുടെ കൂട്ടായ സംരംഭങ്ങൾ ട്രസ്റ്റിഷിപ്പ് അടിസ്ഥാനത്തിൽ വളർത്തിയെടുക്കാൻ സാധിക്കണം. ഈ മൂന്ന് വിഭാഗങ്ങളുടേയും അദ്ധ്വാനമോ പണമോ ട്രസ്റ്റിന്റെ മൂലധനമായി മാറണം. ഇതുവഴി വലിയ ക്യാപിറ്റേഷൻ ഫീസുകളില്ലാതെ തന്നെ വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനുള്ള അവസരം ഉണ്ടാക്കാം.

അമിതമായ ലാഭം ലക്ഷ്യമിട്ടുകൊണ്ട് വിദേശങ്ങളിൽ നിന്നുള്ള ബഹുരാഷ്ട്ര കമ്പനികൾപോലും ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവയെ പ്രതിരോധിക്കാൻ സംയുക്തമായ ട്രസ്റ്റിഷിപ്പ് സംവിധാനം പ്രയോജനപ്പെടുത്താനുള്ള ഇച്ഛാശക്തി നമുക്ക് ഉണ്ടാകണം.

★

7

ആത്മീയത : സർവ്വോദയ വീക്ഷണം

ലോകാരാധ്യനായ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തിലാണ് നാം എത്തിനിൽക്കുന്നത്. ഇരുപത്തിഒന്നാം നൂറ്റാണ്ട് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ ലോകസമൂഹം വളരെ പ്രതീക്ഷയോടെ നോക്കുന്നത് മഹാത്മജിയിലേക്കാണ്

മഹാനായൊരു ശാസ്ത്രജ്ഞനായിരുന്നു ഗാന്ധിജി. ഒരേസമയം സാമൂഹ്യശാസ്ത്രജ്ഞനും, ആദ്ധ്യാത്മിക ശാസ്ത്രജ്ഞനും. ദക്ഷിണാഫ്രിക്കയിലെ പൗരാവകാശ പോരാട്ടങ്ങളും, ഭാരതത്തിന്റെ ദേശീയ സ്വാതന്ത്ര്യ സമരവും ഒരു ശാസ്ത്രകാരന്റെ സൂക്ഷ്മതയോടും ദിശാബോധത്തോടും കൂടിയാണ് അദ്ദേഹം നയിച്ചത്.

സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ സാമൂഹ്യമുന്നേറ്റങ്ങളെ ഒരു ഗവേഷകന്റെ ജിജ്ഞാസയോടെ രേഖപ്പെടുത്തി വയ്ക്കാനും സർവ്വോദയം എന്ന ദർശനത്തെ ഭാവിസമൂഹത്തിനു മുമ്പാകെ സമർപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചു. ഇരുപതാം നൂറ്റാണ്ടിലെ നിരവധി പൗരാവകാശ-സ്വാതന്ത്ര്യ പോരാട്ടങ്ങൾക്ക് ഇത് വഴികാട്ടിയായി.

ആഗോളതാപനം, ഭീകരവാദം, സാമ്രാജ്യത്വത്തിന്റെ നൂതനപ്രവണതകൾ എന്നിവയെ പ്രതിരോധിക്കാൻ സർവ്വോദയദർശനത്തിലധിഷ്ഠിതമായ വ്യക്തി-സമൂഹ ജീവിതശൈലിക്കും നയതന്ത്രങ്ങൾക്കുമുള്ള സാധ്യതയെ കുറിച്ച് പലഭാഗത്തുനിന്നും അന്വേഷണം ആരംഭിച്ചിരുന്നു.

സംതൃപ്തമായ വ്യക്തിജീവിതവും സമൂഹജീവിതവും സാധ്യമാക്കാനും ഭൂമുഖത്തു ശാന്തിയും സമാധാനവും നിലനിർത്താനും മഹാത്മജിയുടെ ആത്മീയരംഗത്തെ അന്വേഷണങ്ങൾക്കും കണ്ടെത്തലുകൾക്കും ഇന്ന് ഏറെ പ്രസക്തിയുണ്ട്. അദ്ദേഹത്തിന്റെ ജന്മദിനം അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചതും (2007 ൽ) ഈ സാഹചര്യത്തിലാണ്.

ആത്മീയവികാസത്തിന് അനുകൂലമായ ഒരു കുടുംബാന്തരീക്ഷത്തിലാണ് മോഹൻദാസ് ഗാന്ധി വളർന്നുവന്നത്. പിന്നീട് ഉപരിപഠനത്തിനായി ഇംഗ്ലണ്ടിൽ എത്തിയ സമയത്ത് യാദൃച്ഛികമായി ഉണ്ടായ ചില സംഭവങ്ങൾ വിവിധ മതങ്ങളെ കുറിച്ചും മതഗ്രന്ഥങ്ങളെ കുറിച്ചും ആത്മീയാചാര്യന്മാരെ കുറിച്ചും പഠിക്കാൻ അദ്ദേഹത്തിന് പ്രേരണയായി.

അമേരിക്കൻ തത്വചിന്തകനായ ഹെൻട്രി തോറോ, സ്കോട്ടിഷ് ചിന്തകനായ തോമസ് കാർലൈൽ, പൗരസ്ത്യതത്വശാസ്ത്രങ്ങളോട് ഏറെ പ്രിയമുണ്ടായിരുന്ന ഇംഗ്ലീഷ്കവിയും പത്രപ്രവർത്തകനുമായ എഡ്വിൻ ആർനോൾഡ്, റഷ്യൻ തത്വചിന്തകനായ ലിയോ ടോൾസ്റ്റോയ് തുടങ്ങിയവരുടെ ചില കൃതികൾ വിവിധമതങ്ങളെ കുറിച്ച് ആഴത്തിൽ പഠിക്കുന്നതിന് ഗാന്ധിജിയെ സഹായിച്ചു. പതഞ്ജലിയുടെ യോഗസൂത്രം, സ്വാമി വിവേകാനന്ദന്റെ രാജയോഗം എന്നീ ഗ്രന്ഥങ്ങളും, വേദോപനിഷത്തുക്കളും, ഇതിഹാസങ്ങളും, ഭഗവദ്ഗീതയും ആത്മീയരംഗത്ത് ഉൾക്കാഴ്ച വർദ്ധിപ്പിക്കാൻ ഗാന്ധിജിയെ സഹായിച്ചു.

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ മതങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ വ്യത്യസ്ത കാലഘട്ടങ്ങളിൽ അനുഷ്ഠിക്കുകയും ഇവയിലൂടെയെല്ലാം ഈശ്വരാനുഭൂതിയും സാക്ഷാത്കാരവും സാധ്യമാകുമെന്ന് സ്വന്തം ജീവിതത്തിലെ ആത്മീയപരീക്ഷണങ്ങളിലൂടെ തെളിയിച്ച ശ്രീരാമകൃഷ്ണ പരമംഹംസരുടെ സന്ദേശങ്ങളും സാമൂഹ്യ പരിഷ്കർത്താക്കളുമായുള്ള ആശയ വിനിമയങ്ങളും ഗാന്ധിജിയെ ഏറെ സ്വാധീനിച്ചു.

ആദ്ധ്യാത്മികരംഗത്തെ അന്വേഷണങ്ങളുടെ ഫലമായി ഗാന്ധിജിക്കുണ്ടായ ആത്മീയവികാസം കണ്ടെത്തലുകൾ, ബോധ്യങ്ങൾ എന്നിവയെക്കുറിച്ച് അദ്ദേഹം തന്റെ ആത്മകഥയിലൂടെയും വിവിധ ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ലോകത്തിനുമുമ്പിൽ തുറന്നു വച്ചു.

എന്നിട്ട് അദ്ദേഹം പറയുന്നു: "എനിക്ക് ഇത് സാധിക്കുന്നു എങ്കിൽ ഇതേ പ്രക്രിയയിലൂടെ കടന്നുപോകുന്ന ഏതൊരു കുട്ടിക്കും ഇത് സാധ്യമാകുക തന്നെ ചെയ്യും. ഇത് ശാസ്ത്രസത്യമാണ്."

ഈശ്വരൻ, മതം, മനുഷ്യന്റെ ആത്യന്തികലക്ഷ്യം എന്നിവയെ സംബന്ധിച്ച് ഗാന്ധിജിക്കുണ്ടായ ബോധ്യപ്പെടൽ ഇതേ മാർഗത്തിൽ അന്വേഷണം നടത്തിയ മറ്റു മതത്തിലെ ആത്മീയാചാര്യന്മാർക്കും ഉണ്ടായി. ശാസ്ത്രീയതയുടെ സാക്ഷ്യപത്രമാണത്.

മേൽപറഞ്ഞ മൂന്ന് കാര്യങ്ങളെ സംബന്ധിച്ച് വ്യക്തത ഉണ്ടാകേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ അനിവാര്യമാണ്.

നിരവധി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അക്രമങ്ങളും വർത്തമാനകാല സമൂഹത്തിൽ നിന്ന് ഒഴിവാക്കാൻ ഇത് സഹായിക്കും.

ജീവിതലക്ഷ്യം

മനുഷ്യന്റെ ആത്യന്തികമായ ജീവിതലക്ഷ്യം എന്താണ്? ഈ ചോദ്യത്തിന് എല്ലാ മതങ്ങളും ഒരേ ഉത്തരമാണ് നൽകുന്നത്.

ഈശ്വരസാക്ഷാത്കാരം അഥവാ ആത്മസാക്ഷാത്കാരം ആണ് മനുഷ്യന്റെ അന്തിമമായ ജീവിതലക്ഷ്യം എന്ന് ഹിന്ദുമതം വിശ്വസിക്കുന്നു.

മറ്റു മതങ്ങളും വിവിധ പേരുകളിലൂടെയാണെങ്കിലും ഇതേ പ്രക്രിയ തന്നെയാണ് ജീവിതലക്ഷ്യമായി പറയുന്നത്.

ഇസ്ലാം എന്ന അറബ് വാക്കിന്റെ അർത്ഥം സമർപ്പണം, കീഴ്വണക്കം, അനുസരണം. അള്ളാഹുവിന് സമ്പൂർണമായി സമർപ്പിക്കലാണ് ഒരു ഇസ്ലാമിന്റെ ജീവിത ദൗത്യം.

ക്രിസ്ത്യാനിയുടെ ജീവിതലക്ഷ്യമായി പറയുന്നത് പരിശുദ്ധാത്മാവിൽ വിലയം പ്രാപിക്കുക എന്നതാണ്. ഇതും ഈശ്വരസാക്ഷാത്കാരം തന്നെ. നിർവാണം, മോക്ഷം എന്നീ വാക്കുകളിലൂടെ ബുദ്ധ-ജൈന മതങ്ങളും ഇതുതന്നെയാണ് അംഗീകരിക്കുന്നത്.

ലക്ഷ്യത്തിന്റെ കാര്യത്തിൽ എല്ലാ മതങ്ങളുടേയും അഭിപ്രായം (മതം) ഒന്നാണ്.

ദൈവം ഒരു വ്യക്തിയല്ല

ദൈവം ഏകമാണ് അഥവാ ഒന്നേ ഉള്ളൂ എന്ന് പ്രധാന മതങ്ങളെല്ലാം അഭിപ്രായപ്പെടുന്നു. ബ്രഹ്മം, പരിശുദ്ധാത്മാവ്, അള്ളാഹു എന്നീ പേരുകൾ ഓരോ മതവും ദൈവത്തിന് നൽകുന്നു.

അവതാരങ്ങൾക്കും പ്രവാചകർക്കും മനുഷ്യന്റെ രൂപമോ മറ്റു രൂപങ്ങളോ ഉണ്ടായിരിക്കും.

എന്നാൽ ദൈവം ഒരു വ്യക്തിയല്ല. രൂപം സങ്കൽപ്പിക്കാനും ആകില്ല.

സർവ ജീവജാലങ്ങളിലും കുടികൊള്ളുന്ന, അവയെ സജീവമാക്കുന്ന ചൈതന്യമാണ്, ഊർജമാണ് ദൈവം. ഇതിന് നിർമ്മിതിയോ നാശമോ ഇല്ല. പരിപൂർണമായ ബ്രഹ്മത്തിന്റെ അംശങ്ങളാണ് സർവചരാചരങ്ങളിലും ആത്മാംശമായി നിലകൊള്ളുന്നത്.

ഒരു വ്യക്തി ഉറങ്ങുമ്പോഴും അയാളിൽ സജീവവും സചേതനവുമായി നിലകൊള്ളുന്നതാണ് ആത്മാംശം. മരിക്കുമ്പോൾ സ്വതന്ത്രമാക്കുന്നതും ഈ ആത്മശക്തി തന്നെ. ഇതിന് ജനനമോ മരണമോ ഇല്ല.

ഒരു ബൾബിൽ പ്രകാശമായും, ഫ്രിഡ്ജിൽ തണുപ്പായും, ഇലക്ട്രിക് അയേണിൽ ചൂടായും ഫാനിൽ കാറ്റിന്റെ രൂപത്തിലും പ്രവർത്തന നിരതമാകുന്നത് വൈദ്യുതോർജ്ജമാണ്. ഈ ഇലക്ട്രിസിറ്റിയെ നമുക്ക് നേരിട്ട് കാണാൻ സാധിക്കില്ല. അത് മൂലമുണ്ടാകുന്ന വിവിധ പ്രഭാവങ്ങളാണ് നമുക്ക് അനുഭവപ്പെടുന്നത്. അനുഭൂതിയുടെ രൂപത്തിലാണ് അത് ബോധ്യപ്പെടുന്നത്.

എല്ലാവരിലും ഈശ്വരാംശം അഥവാ ആത്മാംശം നിലകൊള്ളുന്നതു കൊണ്ട് എല്ലാ മനുഷ്യരും ജീവജാലങ്ങളും ആത്മബന്ധുക്കളാണ്. പര സ്പരം സഹായിച്ചും സേവനം ചെയ്തും സ്നേഹിച്ചും മുന്നോട്ട് പോകേ ണ്ടവരാണ്.

ഈശ്വരനെ സംബന്ധിച്ച് ആ സത്യം നമുക്ക് ബോധ്യപ്പെടുമ്പോൾ നമുക്ക് നമ്മുടെ സഹജീവികളോട് ഉണ്ടാകുന്ന സ്നേഹാദരങ്ങളും കാരു ണ്യവുമാണ് അഹിംസ.

സമസ്ത ജീവജാലങ്ങളുടേയും ക്ഷേമത്തിനും നന്മയ്ക്കും വേണ്ടി പ്രവർത്തിക്കണം എന്ന സർവ്വോദയ ദർശനത്തിന്റെ അടിസ്ഥാനം ഇതാണ്.

ചൂഷണവും ഹിംസയും ഇല്ലാത്ത ഒരു സർവ്വോദയ സമൂഹരചന നമ്മുടെ കടമയായി മാറുന്നത് ഈ സത്യദർശനത്തിന്റെ ഭാഗമായാണ്. ഇത്തരം സമൂഹത്തിൽ ജാതി, മത, വർണ, വർഗഭേദങ്ങൾക്ക് പ്രസക്തിയില്ല.

നമ്മിലുള്ള ഈശ്വരാംശത്തിന്റെ അനുഭൂതി നമുക്ക് ഉണ്ടാകണമെ ങ്കിൽ ചിത്തശുദ്ധി ഉണ്ടാകണം.

ഹൃദയ വിശുദ്ധിയുള്ളവർ അനുഗ്രഹീതരാകുന്നു എന്തുകൊ ണ്ടെന്നാൽ അവർ ദൈവത്തെ സാക്ഷാത്കരിക്കും. (മത്തായി 5:8) എന്ന് ബൈബിളിൽ പറയുന്നു. സ്വർഗരാജ്യം നിന്നിൽ തന്നെയാണ് എന്ന സന്ദേശ (ലൂക്ക 17:21) വും സമാനമാണ്. ശരീരം ഒരു ക്ഷേത്രവും ആത്മാവ് അതിനു ള്ളിലെ ക്ഷേത്രജ്ഞനും ആകയാൽ ഹൃദയവിശുദ്ധിയുടെ അനിവാര്യതയെ ക്കുറിച്ച് ഭഗവദ്ഗീത നമ്മെ ഓർമ്മപ്പെടുത്തുന്നു.

പരിശുദ്ധമായ ഹൃദയവും നിക്ഷ്പക്ഷവും നിഷ്കളങ്കവും നിസ്വാർത്ഥവുമായ ചിന്തയും ഉള്ളവരെ അള്ളാഹു തന്റെ വെളിച്ചത്തിലേക്ക് ചേർക്കുമെന്ന് വിശുദ്ധ ഖുർആൻ 24-ാം സൂറത്ത് നൂറിൽ പറയുന്നു. ഈ ദിവ്യവെളിച്ചവും ലഭിച്ചവൻ സ്വയം രക്ഷപ്പെട്ടവനും മറ്റുള്ളവർക്ക് രക്ഷാമാർഗം കാണിച്ചുകൊടുക്കുന്നവനുമായിരിക്കും എന്ന് ഖുർ ആൻ വിശദീകരിക്കുന്നു.

ആർത്തിയും അഹങ്കാരവും ക്രോധവുമില്ലാത്ത മനസ്സ്, സത്യവും അഹിംസയും വിനയവും സേവനമനോഭാവവുമുള്ള മനസ്സ് ആത്മശക്തി യുടെ വർദ്ധനവിനും ഈശ്വരസാക്ഷാത്കാരത്തിനും സഹായകമാകുന്നു.

പ്രതിഫലേച്ഛ കൂടാതെയുള്ള പ്രവർത്തനങ്ങളും, സഹജീവി കൾക്കുള്ള സേവനങ്ങളും ഈശ്വരാനുഭൂതിയും സാക്ഷാത്കാരത്തിനുള്ള മാർഗങ്ങളാണ്. പ്രാർത്ഥനയും വ്രതാനുഷ്ഠാനങ്ങളും സ്വന്തം കടമകളുടെ സത്യസന്ധമായ നിർവഹണവുമെല്ലാം ഹൃദയത്തെ ശുദ്ധമാക്കും. ഇതുവഴി ഈശ്വരാനുഭൂതി സാധ്യമാകും.

മതങ്ങളുടെ സ്ഥാനം

ഓരോ വ്യക്തിയിലും ഹൃദയവിശുദ്ധിയും ആത്മീയ വികാസവും സാധ്യമാക്കുക എന്നതാണ് മതങ്ങളുടെ കടമ.

എല്ലാ മതങ്ങളുടേയും ലക്ഷ്യം ഒന്നാണ്.

ആചാരാനുഷ്ഠാനങ്ങളിൽ മാത്രമാണ് ചില ബാഹ്യമായ വ്യത്യാസങ്ങളുള്ളത്. എന്നാൽ ഇവയെല്ലാം തന്നെ ഒരേ ബിന്ദുവിലേക്കുള്ള പാതകളോ വാഹനങ്ങളോ ആണ്.

പട്ടണത്തിലേക്ക് പോകുന്ന വ്യക്തികൾക്ക് ഏതു ബസ്സിൽ വേണമെങ്കിലും പോകാം ബസ്സിന്റെ പേര് ശ്രീകൃഷ്ണ, ക്രിസ്തുരാജ്, അള്ളാഹു എന്നിങ്ങനെ ഏതുമാകട്ടെ പട്ടണത്തിൽ എത്താൻ സാധിക്കും. സ്ഥലത്തെത്തിയാൽ ബസ്സിൽ നിന്ന് ഇറങ്ങി മുന്നോട്ടുപോകണം. എങ്കിലേ ലക്ഷ്യസ്ഥാനത്ത് എത്തുകയുള്ളൂ. കയറിയ ബസ്സിന്റെ ഭംഗി കണ്ട് മതിഭ്രമം ബാധിച്ച് ബസ്സിൽ തന്നെ ഇരുന്നാൽ യാത്ര ആരംഭിച്ച സ്ഥലത്ത് തന്നെ തിരിച്ചെത്തുകയേയുള്ളൂ; ലക്ഷ്യത്തിൽ എത്തുകയുമില്ല. മതങ്ങളുടെ സങ്കുചിതത്വങ്ങളിൽ കുടുങ്ങിക്കിടക്കാതെ മതത്തിനും അതീതമായി ഒരടി മുന്നോട്ടുപോകുമ്പോഴാണ് ആത്മീയവികാസവും ഈശ്വരസാക്ഷാത്കാരവും സാധ്യമാകുന്നത്.

പരിമിതമായ ആചാരാനുഷ്ഠാനങ്ങളിലൂടെയാണ് മതങ്ങളും ദേവാലയങ്ങളും ആത്മീയ ഉന്നമനത്തിനുള്ള പാത ഒരുക്കേണ്ടത്. ആർഭാടങ്ങളും അനാചാരങ്ങളും വ്യക്തികളെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ ഇടയാക്കും.

ഓരോരുത്തരും അവരവരുടെ സ്വന്തം മതത്തെക്കുറിച്ച് ആദ്യം പഠിക്കണം. പിന്നീട് മറ്റു മതങ്ങളെക്കുറിച്ചും. മതങ്ങളുടെ സമാനതകൾ തിരിച്ചറിയാൻ ഇത് സഹായിക്കും.

മതവിദ്വേഷങ്ങൾ ഒഴിവാകും. മത പരിവർത്തനം വിഡ്ഢിത്തമാണെന്ന് ബോധ്യപ്പെടും. വർഗീയതയും ഭീകരവാദവുമെല്ലാം ഒഴിവാക്കാൻ ഇത്തരം മതപഠനങ്ങൾ വ്യക്തിയേയും സമൂഹത്തേയും പ്രാപ്തമാക്കും.

വ്യക്തി, കുടുംബം, സമൂഹം എന്നിവയുടെ സുസ്ഥിരമായ നിലനിൽപ്പിന് വേണ്ടിയാണ് മതങ്ങൾ നിലകൊള്ളുന്നത്. പവിത്രമായ ഈ ദൗത്യം ഏറ്റെടുക്കുന്നതുകൊണ്ട് മതത്തിന് ധർമ്മം എന്ന പര്യായപദവും ഉണ്ട്. എല്ലാ മതങ്ങളും ഒരേ ധർമ്മമാണ് നിർവഹിക്കുന്നത്. അതുകൊണ്ട് സമഭാവനയോടെ മതങ്ങളെ കാണണമെന്ന്, സർവധർമ്മ സമഭാവം നിലനിൽക്കണമെന്ന് ഗാന്ധിജി നിർദ്ദേശിക്കുന്നു.

ആത്മീയ വികാസം പ്രാപിച്ച വ്യക്തിയും സമഭാവനയുള്ള സമൂഹവും സർവ്വോദയ സമൂഹരചനയുടെ അടിസ്ഥാന ശിലകളാണ്. ഇത്തരം ഒരു സമൂഹത്തിന് ഇരുപത്തി ഒന്നാം നൂറ്റാണ്ട് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ സാധിക്കും.

★

8

ഭൂദാന പ്രസ്ഥാനം

മഹാത്മാഗാന്ധിയുടെ ദർശനമായ 'സർവ്വോദയം' പ്രയോഗത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് 1951 ൽ ആചാര്യ വിനോബഭാവെയുടെ നേതൃത്വത്തിൽ ഭൂദാൻ പ്രസ്ഥാനം ആരംഭിക്കുന്നത്.

ധാരാളം ഭൂമിയുള്ളവർ ഒരു ഭാഗം ഭൂമി ഭൂദാൻ സമിതിക്ക് നൽകുക. ഭൂമി ഇല്ലാത്തവർക്കായി ഈ ഭൂമി വീതിച്ച് നൽകുന്നു, വ്യവസ്ഥകളോടെ.

ഒരു പ്രദേശത്ത് ഇപ്രകാരം ഭൂമി ലഭിക്കുന്നവർ പൊതുവായി ഭൂദാനഗ്രാമസമിതി രൂപീകരിക്കുന്നു.അവിടത്തെ നിവാസികൾ തന്നെ നിശ്ചിത ഇടവേളകളിൽ തെരഞ്ഞെടുക്കുന്ന സമിതിയായിരിക്കും ഈ ഗ്രാമത്തിലെ കാര്യങ്ങൾക്കെല്ലാം നേതൃത്വം നൽകുന്നത്. എല്ലാ കുടുംബാംഗങ്ങളുടെയും സഹകരണത്തോടെ.

ഓരോ കുടുംബത്തിനും പ്രത്യേകം ഭൂമിയും വീടും നൽകിയിട്ടുണ്ടാകും. പക്ഷേ, ഇത് വിൽക്കാനോ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാനോ പാടില്ല.

അഖിലേന്ത്യാ സർവ്വോദയ മണ്ഡലത്തിന്റെ മൂന്നാമത് വാർഷിക സമ്മേളനത്തിൽ പങ്കെടുക്കാനായാണ് വിനോബാജി ഹൈദരാബാദിനടുത്തുള്ള ശിവറാംപള്ളി ഗ്രാമത്തിലെത്തിയത്. സ്വന്തമായി കിടപ്പാടമില്ലാത്ത ലക്ഷക്കണക്കിന് കുടുംബങ്ങൾ അന്ന് ഇന്ത്യയിൽ ഉണ്ടായിരുന്നു. ഭൂമിക്ക് വേണ്ടി രക്തച്ചൊരിച്ചിൽ നടത്തുന്ന സമരങ്ങൾ അവിടെ ആരംഭിച്ചിരുന്നു. ഹിംസയിൽ താത്പര്യമില്ലാതിരുന്ന ഗ്രാമവാസികൾ വിനോബാജിയെ ഗ്രാമത്തിലേക്ക് ക്ഷണിച്ചു.

ഇന്നത്തെ തെലുങ്കാന സംസ്ഥാനത്ത് നൽഗോണ്ട ജില്ലയിൽ പോച്ചമ്പിള്ളി ഗ്രാമത്തിൽ വിനോബാജി എത്തി. വീട് ഇല്ലാത്ത 40 ഹരിജൻ കുടുംബങ്ങൾ വിനോബാജിയോട് പ്രയാസങ്ങൾ അറിയിച്ചു. വൈകുന്നേരം പ്രാർത്ഥനായോഗത്തിൽ, ഭൂമിയില്ലാത്തവർക്ക് അദ്ധ്വാനിച്ച് ജീവിക്കാൻ വേണ്ടി രണ്ട് ഏക്കർ വീതം നൽകാൻ ആരെങ്കിലും തയ്യാറുണ്ടോ എന്ന് വിനോബ

ചോദിച്ചു. രാമചന്ദ്രറെഡ്ഡി എന്നൊരു ഭൂവുടമ മുന്നോട്ട് വന്ന് 100 ഏക്കർ നൽകാമെന്ന് സമ്മതിച്ചു.

ഇപ്രകാരം ഭൂദാനയജ്ഞം ആരംഭിച്ചു.

വിനോബാജി തന്റെ പദയാത്ര തുടർന്നു. പൗനാറിൽ തിരിച്ചെത്തിയപ്പോഴേക്കും 12 ലക്ഷം ഏക്കർ ഭൂമി ദാനമായി ലഭിച്ചു. ഇവയെല്ലാം ഇല്ലാത്തവർക്ക് നൽകി, സഹകരണാത്മക ഗ്രാമസമൂഹങ്ങൾ സജീവമായി.

രക്തച്ചൊരിച്ചിലിനെ ഭയപ്പെട്ടിട്ടാണ് ചിലർ ഭൂമി ദാനം ചെയ്യുന്നത് എന്ന് വ്യാഖ്യാനമുണ്ടായി. ഒരു തരത്തിലുമുള്ള ഭീഷണി ഇല്ലാത്തിടത്തും ഈ പ്രസ്ഥാനത്തിന്റെ ആദർശം ഉൾക്കൊണ്ട്, വിനോബാജിയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ടാണ് ആളുകൾ ഭൂമി ദാനം ചെയ്തത്.

പൗനാറിലെത്തിയ വിനോബാജിയെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഡൽഹിയിലേക്ക് ക്ഷണിച്ചു. ആസൂത്രണ കാര്യങ്ങളെ സംബന്ധിച്ച യോഗത്തിലേക്ക് വിനോബാജി നടന്നാണ് പോയത്. ഡൽഹിയിലെത്തുമ്പോഴേക്കും 18 ലക്ഷം ഏക്കർ ഭൂമി വാഗ്ദാനം ലഭിച്ചു. മൊത്തം 47 ലക്ഷത്തിലധികം ഏക്കർ ഭൂമി ദാനമായി ലഭിച്ചു.

രക്തച്ചൊരിച്ചിലോ നിയമനിർമ്മാണങ്ങളോ ഒന്നും ഇല്ലാതെ, സ്നേഹപൂർവമുള്ള അഭ്യർത്ഥനകൊണ്ട്, ഉന്നതമായൊരു ആദർശത്തിനുവേണ്ടി ഭൂമി ദാനമായി സമർപ്പിക്കപ്പെട്ടു. ലക്ഷക്കണക്കിന് പാവപ്പെട്ടവർക്ക് സ്വന്തമായി കിടപ്പാടവും അദ്ധ്വാനിക്കാൻ ഭൂമിയും ലഭിച്ചു.

'വായുവും വെള്ളവും വെളിച്ചവും പോലെ ഭൂമിയും പൊതുമുതലാണ്; സ്വകാര്യ ഉടമസ്ഥത പാടില്ല.' ഇതായിരുന്നു ഭൂദാനയജ്ഞത്തിന്റെ മുദ്രാവാക്യം.

പിന്നീട്, ഗ്രാമങ്ങൾ മുഴുവനായും തന്നെ ദാനം ചെയ്യപ്പെടുന്ന 'ഗ്രാമദാൻ' പ്രസ്ഥാനമായി ഇത് വികസിച്ചു. യു.പി.യിലെ മാംഗ്രോത്ത് ആദ്യ ദാനഗ്രാമം. 5000 ദാനഗ്രാമങ്ങളുണ്ടായി.

വിദേശത്ത് വിദ്യാർത്ഥിയായിരിക്കുമ്പോൾ ഒരു കമ്യൂണിസ്റ്റായി പൊതു പ്രവർത്തനം ആരംഭിച്ച്, ഇന്ത്യയിലെത്തിയപ്പോൾ സോഷ്യലിസ്റ്റു നേതാവായി മാറിയ ലോക്നായക് ജയപ്രകാശ് നാരായണൻ 1953 ൽ പ്രസ്താവിച്ചു: "നമുക്ക് അനുയോജ്യമായ സോഷ്യലിസം സർവ്വോദയമാണ്. അതിന്റെ ഒരു പ്രയോഗരൂപമാണ് ഭൂദാനയജ്ഞം."

തുടർന്ന് ജെ.പി. സർവ്വോദയത്തിനുവേണ്ടി സ്വജീവിതം സമർപ്പിച്ചു (ജീവൻ ദാൻ).

കേരളത്തിൽ സർവശ്രീ. കെ. കേളപ്പൻ, ഇ. ഇക്കണ്ടവാര്യർ, ടി.വി. അനന്തൻ, പ്രൊഫ. എം.പി. മന്മഥൻ തുടങ്ങിയവർ ഭൂദാനകരസ്ഥാനത്തിന് നേതൃത്വം നൽകി. 'ഭൂദാന കാഹളം' എന്ന പ്രസിദ്ധീകരണവും ഉണ്ടായി. കണ്ണൂർ ജില്ലയിലെ ഭൂദാനഗ്രാമങ്ങൾ പാണപ്പുഴ, വാതിൽമട, ഏച്ചൂർ, കുറ്റ്യാട്ടൂർ, മയ്യിൽ, എച്ചിയാട്, ഉളിക്കൽ, പാല, മുഴക്കുന്ന്, ശിവപുരം എന്നിവയാണ്.

മദ്ധ്യകേരളത്തിലെ ഭൂദാന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനുള്ളവർക്കുള്ള ഒരു മാസത്തെ പരിശീലനക്യാമ്പ് തൃശൂർ ജില്ലയിലെ പുത്തൂർ (നടത്തറ) പഞ്ചായത്തിലെ കൈന്നൂർ വില്ലേജിലെ പറമ്പത്ത്പാടത്ത് നടന്നു.

ലോകംമുഴുവൻ വലിയ പ്രതീക്ഷയോടെ ഈ അഹിംസാത്മക സാമൂഹ്യ വിപ്ലവ പ്രസ്ഥാനത്തെ ശ്രദ്ധിച്ചു. 'കിഴക്കുനിന്നുള്ള ക്രിയാത്മക ചിന്ത' എന്നാണ് അമേരിക്കൻ ചിന്തകനായ ലൂയി ഫിഷർ പറഞ്ഞത്. ഇംഗ്ലീഷ് ഗ്രന്ഥകാരനായ ഹല്ലാം ടെന്നിസൺ വിനോബാജിയുടെ ജീവിതത്തെ ആസ്പദമാക്കി 'The saint on the march' എന്ന ഗ്രന്ഥം രചിച്ചു. അമേരിക്കൻ അംബാസിഡറായിരുന്ന ചെസ്റ്റർ ബൗൾസ് 'The dimensions of the peace' എന്ന ഗ്രന്ഥത്തിലൂടെ ഭൂദാന പ്രസ്ഥാനത്തിന്റെ സാധ്യതക്കളെ വിവരിച്ചു.

പ്രകൃതിവിഭവങ്ങളുടെ പൊതുഉടമസ്ഥത എന്ന ആശയം ജനമനസ്സിൽ എത്തിക്കാൻ ഭൂദാന പ്രസ്ഥാനത്തിന് സാധിച്ചു. സ്വാതന്ത്ര്യാനന്തരം നാം സ്വീകരിച്ച കേന്ദ്രീകൃതമായ രാഷ്ട്രീയഭരണ സംവിധാനങ്ങളും പണാധിഷ്ഠിതവും ചൂഷണാത്മകവുമായ വികല വികസന കാഴ്ചപ്പാടുകളും ഈ ഗാന്ധിയൻ സർവ്വോദയ സമൂഹരചനയുടെ ഗതിവേഗത്തിന് ഇടക്കാലത്തു വച്ച് മന്ദത ഉണ്ടാക്കിയിട്ടുണ്ട്. ആഗോളവത്കരണത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട നമ്മൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെത്തിയപ്പോൾ തിരിച്ചറിവിന്റെ പാതയിലേക്ക് നീങ്ങുകയാണ്.

കേരളത്തിലും മറ്റു ഏതാനും സംസ്ഥാനങ്ങളിലും നടപ്പാക്കിയ ഭൂപരിഷ്കരണ നിയമങ്ങൾക്ക് പ്രചോദനമേകാനും പ്രക്രിയയെ സുഗമമാക്കാനും ഭൂദാനയജ്ഞസന്ദേശം വളരെ സഹായിച്ചു. ഭൂപരിഷ്കരണത്തിന്റെ രണ്ടും മൂന്നും ഘട്ടങ്ങളിലേക്ക് നാം മുന്നേറണം. തോട്ടം മേഖലയിലേക്കും ബിനാമി ഭൂമിയിലേക്കും പരിഷ്കരണം വ്യാപിക്കണം.

അദ്ധ്വാനസംസ്കാരം വീണ്ടെടുക്കാനും പണിയെടുക്കുന്നവരുടെ പക്കലാണ് ഭൂമി എന്ന് ഉറപ്പുവരുത്താനും സഹകരണാത്മകസമൂഹബന്ധങ്ങൾ ശക്തമാക്കാനുമുള്ള സാധ്യത ഇപ്പോഴുമുണ്ട്. ഭരണസംവിധാനത്തിലുൾപ്പെടെ ആവശ്യമായ മാറ്റങ്ങൾ വരുത്തി സർവ്വോദയ സമൂഹരചനക്കായി ജനശക്തി ഉണർത്താൻ നമുക്ക് സാധിക്കണം.

★

9

പശ്ചിമഘട്ട സംരക്ഷണം

പശ്ചിമഘട്ട മലനിരകളെ കുറിച്ച് പഠനം നടത്തിയ പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ മർമ്മം എന്നത് അടിസ്ഥാനതല രാഷ്ട്രീയമാണ്. പരിസ്ഥിതിലോല പ്രദേശങ്ങളെ (geological sensitive area) നിർണയിക്കാനും സംരക്ഷിക്കാനുമുള്ള അവസരവും അധികാരവും തദ്ദേശീയ ജനതയ്ക്ക് നൽകണമെന്നാണ് ഗാഡ്ഗിൽ കമ്മിറ്റി നിർദ്ദേശിക്കുന്നത്. കേന്ദ്രീകൃത അധികാരത്തിന്റെ വക്താക്കളായ രാഷ്ട്രീയ പാർട്ടികൾക്കും ചില മത നേതൃത്വത്തിനും ഇത് ഇഷ്ടപ്പെടുന്നില്ല.

ഇത്തരം അധികാരശക്തികളെ പ്രീണിപ്പിക്കുന്നതിനുവേണ്ടി ഉണ്ടായതാണ് കസ്തൂരിരംഗൻ റിപ്പോർട്ട്. ആത്മാവു നഷ്ടപ്പെട്ട ജഡരൂപമാണിത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ കുറിച്ച് പഠിക്കാൻ നിയോഗിച്ച കസ്തൂരിരംഗൻ കമ്മിറ്റി ഗാഡ്ഗിൽ ശുപാർശകൾക്ക് ആധാരമായ ജനകീയ നിലപാടുകളേയും പരിസ്ഥിതിസൗഹൃദ രീതിശാസ്ത്രത്തേയും നിരാകരിക്കുകയാണ്. എന്നിട്ടും കസ്തൂരിരംഗൻ റിപ്പോർട്ടിനേയും മേൽപറഞ്ഞ അധീശശക്തികൾ എതിർക്കുന്നു. ഗാഡ്ഗിൽ നിർദ്ദേശങ്ങളെ പൂർണമായും തമസ്കരിക്കാനുള്ള ഗൂഢതന്ത്രത്തിന്റെ ഭാഗമാണ് ഈ അഭിനവ എതിർപ്പുകൾ.

ജനപ്രതിനിധികളോടു അഭിപ്രായം ആരാഞ്ഞുകൊണ്ട് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുമെന്നാണ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. പ്രതിപക്ഷത്തിന്റെ മൗനം സമ്മതമായി നിലനില്ക്കുകയാണ്. റിയൽ എസ്റ്റേറ്റ് – ഖനനലോബികളുടേയും, മത – രാഷ്ട്രീയ നേതൃത്വത്തിന്റേയും നിക്ഷിപ്ത താത്പര്യങ്ങളെ മറികടന്നുകൊണ്ട് സ്വതന്ത്രമായ അഭിപ്രായ പ്രകടനം നടത്താൻ സാധിക്കുമോ? ജനങ്ങളുടെ നേരിട്ടുള്ള അഭിപ്രായവും ഗ്രാമസഭകളുടെ അഭിപ്രായവുമാണ് യഥാർത്ഥത്തിൽ സർക്കാർ ആരായേണ്ടത്.

പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം

ആഫ്രിക്കൻ നാടുകളും ആമസോൺ തീരവും കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ ജൈവവൈവിധ്യം നിലനില്ക്കുന്നത് ഇന്ത്യയിലാണ്. ഇന്ത്യയുടെ ജൈവ വൈവിധ്യ ശേഖരത്തിന്റെ 27 ശതമാനവും പശ്ചിമഘട്ടനിരകളിലാണ് കാണപ്പെടുന്നത്. ഇന്ത്യയുടെ മൊത്തം വിസ്തൃതിയുടെ 5% മാത്രം വരുന്ന പശ്ചിമഘട്ടമലനിരകൾ ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടകം, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലായാണ് സ്ഥിതിചെയ്യുന്നത്. മൊത്തം 164280 ച.കി. മീറ്റർ വിസ്തൃതിയാണുള്ളത്. 1500 ഇനങ്ങളിലുള്ള അപൂർവ സസ്യങ്ങൾ, 116 അപൂർവ ഇനം ശലഭങ്ങൾ, 19 ഇനം അപൂർവ പക്ഷിൾ 19 ഇനം അപൂർവയിനം സസ്തനികൾ എന്നിവ ഈ മേഖലയിൽ സ്ഥിതിചെയ്യുന്നു.

"ലോകാ സമസ്ത സുഖിനോ ഭവന്തു", "വസുധൈവ കുടുംബകം" എന്നിങ്ങനെ മഹത്തായ ആപ്തവാക്യങ്ങൾ മുഖമുദ്രയായി അവകാശപ്പെടുന്ന ഭാരതത്തിന് ഇത്തരം ജീവജാലങ്ങളുടെ നിലനില്പ് ഉറപ്പ് വരുത്തേണ്ടത് സ്വധർമ്മം തന്നെയാണ്. ഇത്തരം ഒരു സർവ്വോദയ നിലപാട് സ്വീകരിക്കുമ്പോഴാണ് നാം നമ്മുടെ രാഷ്ട്രപിതാവിനോടും നീതി പുലർത്തുന്നത്. പശ്ചിമഘട്ട സംരക്ഷണം ലോക ക്ഷേമത്തിന്റെ ഭാഗമായി കൂടി കാണണം.

മൺസൂൺ കാലാവസ്ഥയിൽ അധിഷ്ഠിതമായ ഭാരതത്തിൽ കാർഷികവിളകളേയും കാലാവസ്ഥയേയും സംരക്ഷിക്കുന്നതിനും സുസ്ഥിരമായി നിലനിർത്തുന്നതിനും പശ്ചിമഘട്ട സംരക്ഷണം അനിവാര്യമാണ്.

ദക്ഷിണേന്ത്യയിലെ ഭൂരിഭാഗം നദികളുടേയും പ്രഭവകേന്ദ്രമാണ് പശ്ചിമഘട്ടം. ജല സംരക്ഷണത്തിന്റെ കാര്യത്തിലും ഇത് പ്രാധാന്യമർഹിക്കുന്നു.

അതിപ്രാചീനമായ 14 ഗോത്രങ്ങൾ ഉൾപ്പടെ 29 ആദിവാസിഗോത്ര വംശങ്ങളുടേയും പ്രകൃതിയുമായി ലയംപ്രാപിക്കുന്ന നിഷ്കളങ്കസംസ്കാരത്തിന്റേയും സംഗമ – സംരക്ഷണമേഖലകൂടിയാണ് പശ്ചിമഘട്ടനിരകൾ.

പശ്ചിമഘട്ടത്തിന്റെ സംരക്ഷണം ഏതൊരു പ്രകൃതിസ്നേഹിയുടേയും ധർമ്മമാണ്. വരാനിരിക്കുന്ന തിരഞ്ഞെടുപ്പിന്റെ വോട്ടുബാങ്കോ, ജാതി-മതവിഭാഗങ്ങളുടെ അംഗബലമോ നോക്കിയല്ല ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

ഗാഡ്ഗിൽ റിപ്പോർട്ട്

പശ്ചിമഘട്ട നിരകളുടെ സംരക്ഷണത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിന് വേണ്ടിയാണ് കേന്ദ്രസർക്കാർ പ്രൊഫ. മാധവ് ഗാഡ്ഗിൽ ചെയർമാനായി കമ്മിറ്റിയെ നിയോഗിച്ചത്. ഏറെക്കുറെ സമഗ്രമായ പഠനം

ഈ കമ്മിറ്റി നടത്തുകയും ചെയ്തു. പശ്ചിമഘട്ട സംരക്ഷണത്തിന് അടിയന്തിരനടപടികൾ അനിവാര്യമാണെന്ന് കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നു.

- തദ്ദേശീയരായ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് അവരുടെ കൂടി പങ്കാളിത്തത്തോടെയാവണം സംരക്ഷണമെന്ന് ഗാഡ്ഗിൽ കമ്മിറ്റി നിർദ്ദേശിക്കുന്നു. പരിസ്ഥിതി ലോല പ്രശ്നങ്ങളുടെ അതിരുകളെ സംബന്ധിച്ച തീരുമാനങ്ങൾ പോലും ജനാഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാകണമെന്നും ഇക്കാര്യത്തിൽ ഗ്രാമസഭകൾക്ക് നിർണായക പങ്ക് വഹിക്കാനുണ്ട് എന്നും റിപ്പോർട്ടിൽ പറയുന്നു. ഇപ്രകാരം, ജനാഭിപ്രായത്തേയും ഗ്രാമസഭകളേയും സജീവമാക്കുന്നതിൽ – വികേന്ദ്രീകൃത ജനാധിപത്യം പ്രാവർത്തികമാക്കുന്നതിൽ– വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികൾക്കും മണ്ണ്, മണൽ, പാറ, ഖനനലോബികൾക്കും റിയൽ എസ്റ്റേറ്റുകാർക്കും വലിയ താത്പര്യമില്ല. പ്രകൃതിയെ അമിതമായി ചൂഷണം ചെയ്ത് കൊള്ളലാഭം കൊയ്യുന്നവരും പങ്കുപറ്റുന്നവരും ചേർന്ന് ജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുകയാണ്. ആരെയെങ്കിലും കുടിയൊഴിപ്പിക്കാനോ, സ്വത്ത് നഷ്ടപ്പെടുത്താനോ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ എവിടേയും പറയുന്നില്ല.

  തദ്ദേശീയരുടെ അഭിപ്രായങ്ങൾക്കാണ് മുൻഗണന നൽകണമെന്ന് പറയുന്നത്. ഇത്തരം യഥാർത്ഥ്യങ്ങൾ മറച്ചുവച്ച്, കുടിയൊഴിപ്പിക്കലിന്റെ ഉമ്മാക്കി കാണിച്ച്, ചില മതവിഭാഗങ്ങളേയും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ അണിനിരത്താൻ മേൽപറഞ്ഞ നിക്ഷിപ്ത താത്പര്യക്കാർ ശ്രമിക്കുകയാണ്.

- ഭൂപ്രകൃതിയും ഭൂഘടനയും പരിഗണിച്ചുകൊണ്ടാണ് പശ്ചിമഘട്ട നിരകളെ മൂന്ന് മേഖലകളായി തിരിച്ച് സംരക്ഷിക്കാൻ ഗാഡ്ഗിൽ കമ്മിറ്റി നിർദ്ദേശം നൽകിയിരിക്കുന്നത്. ഈ മേഖലകളുടെ വ്യാപ്തി, അതിർത്തി എന്നിവ നിർണയിക്കുന്നതിലും ജനാഭിപ്രായം പരിഗണിക്കണമെന്നും ഗാഡ്ഗിൽ കമ്മിറ്റി നിർദ്ദേശിക്കുന്നു.

- ഇ.എസ്.എ. നിർണയിക്കുന്ന കാര്യത്തിൽ സസ്യജാലങ്ങൾക്കും പ്രധാന പരിഗണന നൽകുന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ട്. മനുഷ്യർ മാത്രമല്ല, സമസ്ത ജീവജാലങ്ങളും പരിഗണിക്കപ്പെടുന്നു. ആനത്താരാ, കടുവാ ഇടനാഴി എന്നിവ പരിഗണിച്ചുകൊണ്ടാണ് മേഖലകൾ നിശ്ചയിച്ചിരിക്കുന്നത്.

സമസ്ത ജീവജാലങ്ങളുടേയും നന്മയെ ലക്ഷ്യംവയ്ക്കുന്ന, സ്നേഹത്തിലും അഹിംസയിലും അധിഷ്ഠിതമായ ഈ റിപ്പോർട്ടിനെ ഏതൊരു മതവും പ്രോത്സാഹിപ്പിക്കുകയല്ലേ വേണ്ടത്.

കസ്തൂരി രംഗൻ റിപ്പോർട്ട്

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ നിക്ഷിപ്ത താത്പര്യക്കാരുടെ എതിർപ്പ് ശക്തമായപ്പോഴാണ് കസ്തൂരിരംഗൻ കമ്മിറ്റിയെ നിയോഗിച്ചത്. ഗാഡ്ഗിൽ ശുപാർശകളെ കുറിച്ച് പഠിപ്പിക്കുക എന്നതിനേക്കാൾ എതിർപ്പുകാരെ പ്രീണിപ്പിക്കുന്നതിനുള്ള രേഖയായി മാറി കസ്തൂരി രംഗൻ റിപ്പോർട്ട്. അതുകൊണ്ട് തന്നെ പ്രകൃതിസംരക്ഷണം, ജനാവകാശം എന്നീ അടിസ്ഥാനതത്വങ്ങൾ അവഗണിക്കപ്പെട്ടു.

- പശ്ചിമഘട്ടത്തെ രണ്ട് മേഖലകളായി പരിഗണിക്കുകയാണ് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് ചെയ്തത്. 37% വരുന്നത് സ്വാഭാവിക ഭൂപ്രദേശവും ബാക്കിയുള്ളത് സാംസ്കാരിക ഭൂപ്രദേശവും. ഇതിൽ രണ്ടാമത് പറഞ്ഞ ഭാഗത്ത് പാറപൊട്ടിക്കൽ, മണൽവാരൽ, ഖനനം എന്നിവയൊഴികെ മറ്റ് ഏത് ഭൗതിക പ്രവർത്തനങ്ങളും അനുവദിക്കുക എന്നതാണ് നയം. തത്വത്തിൽ പശ്ചിമഘട്ടത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും സംരക്ഷിക്കപ്പെടാതിരിക്കും എന്നർത്ഥം.
- ദേശീയ വന നയം പ്രകാരം മലമ്പ്രദേശത്തിന്റെ 60 ശതമാനം വനമായിരിക്കണമെന്നാണ് നിബന്ധന. ഏകദേശം ഇതിന്റെ പകുതി മാത്രം പശ്ചിമഘട്ടമേഖലയിൽ സംരക്ഷിച്ചാൽ മതിയെന്ന നിലപാടാണ് കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറയുന്നത്.
- സമസ്ത ജീവജാലങ്ങളേയും കണക്കിലെടുക്കുന്നതിനു പകരം ചിലരുടെ ഭൂമി സംരക്ഷിക്കുകയെന്ന ലക്ഷ്യമായി അത് ചുരുങ്ങി.
- ഇ.എസ്.എ. യുടെ അതിർത്തി നിശ്ചയിക്കുമ്പോൾ വന്യജീവികളുടെ സ്വാഭാവിക ആവാസം പരിഗണിക്കുകയോ, തീരുമാനം എടുക്കുന്നതിലും നടപ്പിലാക്കുന്നതിലും ജനകീയ അഭിപ്രായം തേടുന്നതിനോ ഉള്ള ശുപാർശകൾ കസ്തൂരിരംഗൻ റിപ്പോർട്ടിലില്ല.
- കേരളത്തിലെ 123 വില്ലേജുകളിലായി ചെയ്യുന്ന പശ്ചിമഘട്ടമേഖലയിൽ 12477 ച.കി.മീറ്റർ സ്വഭാവിക ഭൂപ്രദേശം. സാംസ്കാരിക ഭൂപ്രദേശം 17.219 ച.കി.മീറ്റർ.

ഇത്രയൊക്കെ വെള്ളം ചേർത്ത് അവതരിപ്പിച്ച കസ്തൂരിരംഗൻ റിപ്പോർട്ടിനേയും എതിർക്കുകയാണ് ഒരു കൂട്ടർ. ചരിത്രപരമായും സാംസ്കാരികമായും ഭൂമിശാസ്ത്രപരമായും ഏറെ പ്രാധാന്യമുള്ള ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനേയും അതിന്റെ അനുബന്ധങ്ങളേയും പൂർണമായും തമസ്കരിച്ചുകൊണ്ട് പകൽക്കൊള്ള തുടരുക എന്നതാണ് ഇവരുടെ താത്പര്യം.

★

10

പൊതുട്രസ്റ്റുകൾ - ഗാന്ധിയൻ ബദൽ

ദൈവത്തിന്റെ സ്വന്തം നാട് എന്ന് നാം അഭിമാനപൂർവം വിശേഷിപ്പിച്ചുകൊണ്ടിരുന്ന കേരളം ഇപ്പോൾ അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. എങ്ങും പ്രകൃതിക്ക് നേരെയുള്ള ഹിംസാത്മക പ്രവർത്തനങ്ങളാണ് നടക്കുന്നത്. കിഴക്കൻ മലനിരകളെല്ലാം മണ്ണ് മാഫിയകളും പാറ മാഫിയകളും കാർന്നെടുത്തുകൊണ്ടിരിക്കുന്നു. ഇവയിൽ വനഭൂമിയും പട്ടയമുള്ളതും ഇല്ലാത്തതുമായ ഭൂമിയുമെല്ലാം ഉൾപ്പെടുന്നു. മദ്ധ്യകേരളത്തിലെ നെൽപ്പാടങ്ങളെല്ലാം മണ്ണിട്ട് നികത്തുകയോ അല്ലെങ്കിൽ കളിമൺഖനനത്തിന്റെ പേരിൽ വലിയ ഗർത്തങ്ങളാക്കി ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. നദികളെല്ലാം വറ്റിവരളുന്നു. പടിഞ്ഞാറൻ തീരമേഖലയുടെ ഭൂരിഭാഗവും കരിമണൽ ഖനനം, ടൂറിസം എന്നിവയുടെ പേരിൽ വിവിധ സ്വകാര്യ കമ്പനികൾ കൈയടക്കുന്നു.

ഇത്തരം നശീകരണപ്രവർത്തനങ്ങളെ പ്രതിരോധിക്കാൻ ചുമതലപ്പെട്ട പ്രാദേശിക ജില്ലാ സംസ്ഥാന ഭരണസംവിധാനങ്ങൾ കുറ്റകരമായ അനാസ്ഥ തുടരുകയാണ്. പ്രതിരോധിക്കുന്നില്ല എന്നു മാത്രമല്ല ചൂഷണ പ്രവർത്തനങ്ങൾക്ക് നിയമ പ്രാബല്യം നൽകുകയും മറ്റു വിധത്തിലുള്ള അനുകൂല സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

കമ്പനിവത്കരണം

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി എന്ന സ്ഥാപനമാണ് ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യത്തിന് തുടക്കം കുറിച്ചത് എന്ന് ഏതൊരു ചരിത്ര വിദ്യാർത്ഥിക്കും അറിവുള്ള കാര്യമാണ്. കച്ചവടത്തിനായി ഇവിടെ എത്തിയ കമ്പനി ക്രമേണ ഇന്ത്യയുടെ ചില പ്രദേശങ്ങളുടെ ആധിപത്യവും ഏറ്റെടുക്കാൻ തുടങ്ങി. പിന്നീട് ഇന്ത്യയുടെ ഭരണം ബ്രീട്ടീഷ് പാർലമെന്റ് ഏറ്റെ

ടുക്കുന്ന സ്ഥിതി വന്നു. ഇത്തരം ഒരു സാഹചര്യത്തെ ചെറുത്ത് തോൽപ്പിക്കാൻ 200 വർഷത്തെ പോരാട്ടം വേണ്ടി വന്നു.

എന്നാൽ ഇപ്പോൾ കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങൾ വിദേശകമ്പനികളെ ഇങ്ങോട്ട് ക്ഷണിച്ചുവരുത്തുകയാണ്. ജനപങ്കാളിത്തത്തോടുകൂടിയും തദ്ദേശീയഭരണസംവിധാനത്തിന്റെ ഭാഗമായും നടന്നുവന്നിരുന്ന പല പ്രവർത്തനങ്ങളും വിദേശകമ്പനികളെ പൂർണമായോ ഭാഗികമായോ ഏൽപ്പിച്ചുകൊടുക്കുന്നതിനാണ് ഭരണാധികാരികൾക്ക് കൂടുതൽ താത്പര്യം. പ്രാദേശിക ജില്ലാ സംസ്ഥാന കേന്ദ്ര ഭരണകൂടങ്ങൾ നിർവഹിച്ചിരുന്ന പല സേവനങ്ങളും നേരിട്ട് വിദേശ കമ്പനികൾക്ക് കൈമാറുമ്പോൾ ഉയർന്നുവരാനിടയുള്ള ജനശബ്ദത്തെക്കുറിച്ചും ഭരണകൂടങ്ങൾ മുൻകൂട്ടി കാണുന്നുണ്ട്. അതിനാൽ ആദ്യഘട്ടത്തിൽ തദ്ദേശീയ കമ്പനികൾക്ക് അധികാരം കൈമാറുകയും ഈ കമ്പനികൾ അവരുടെ മാതൃസ്ഥാപനങ്ങളായ വിദേശ കമ്പനികൾക്ക് പിന്നീട് പ്രസ്തുത അധികാരം കൈമാറുകയും ചെയ്യുന്നു.

സ്വകാര്യ കമ്പനികൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനായി ഒരു വകുപ്പ് തന്നെ കേന്ദ്രഗവൺമെന്റിലുണ്ട്. കമ്പനികളെ വഴിവിട്ട് സഹായിച്ചതുവഴി നടന്ന അഴിമതിക്കഥകൾ ആയിരത്തൊന്നു രാവിരുന്നു പറഞ്ഞാലും തീരില്ല. 2 ജി. സ്പെക്ട്രം ഇടപാട്, കൽക്കരിപ്പാടം ഇടപാട്, ആദർശ് ഫ്ളാറ്റ് ഇടപാട് എന്നിങ്ങനെയുള്ള അഴിമതി വാർത്തകൾ ഇവയിൽ ചിലതു മാത്രം.

കുറെക്കാലമായി മാറി മാറി വരുന്ന സംസ്ഥാന സർക്കാരുകളും കമ്പനിവൽക്കരണത്തിന്റെ പാത പിന്തുടരുകയാണ്. കേരളത്തിലെ അതിവിസ്തൃതമായ തോട്ടം മേഖലകൾ കണ്ണൻ ദേവൻ, ഹാരിസൺ മലയാളം പ്ലാന്റേഷൻ തുടങ്ങിയ ഏതാനും വൻകിട കമ്പനികളുടെ കൈവശമാണ്. പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ടമോ കുടിശ്ശികയോ നൽകാതെ തോട്ടങ്ങളിൽ നിന്നും കമ്പനികൾ കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാക്കുകയാണ്. ഭൂപരിഷ്കരണനിയമം ഇവർക്കും ബാധകമാക്കാൻ രാഷ്ട്രീയ നേതൃത്വത്തിന് ഇച്ഛാശക്തിയില്ല. തോട്ടങ്ങളിലെ 10 ഏക്കർ സ്ഥലം ടൂറിസത്തിനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാമെന്ന് കഴിഞ്ഞ ദിവസം ഗവൺമെന്റ് ഉത്തരവിറക്കുകയും ചെയ്തു. വൻകിടക്കാരുടെ കൈവശമുള്ള ഭൂമി അവരിൽ തന്നെ നിക്ഷേപമാക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്.

പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ 30 ഏക്കർ ഭൂമി ഒരു സ്വകാര്യ കമ്പനിക്ക് പാട്ടത്തിന് നൽകാൻ അടുത്ത കാലത്ത് തീരുമാനമുണ്ടായി. പൊതുസ്ഥലത്ത് നിന്ന് കോടികളുടെ ലാഭമുണ്ടാക്കുവാൻ ആ സ്വകാര്യ കമ്പനിക്ക് അവസരം ലഭിക്കും.

ആറന്മുള എന്ന കേരളത്തിന്റെ അഭിമാനപൈതൃകഗ്രാമത്തെ തകർത്തുകൊണ്ടും ആയിരത്തിലേറെ ഏക്കർ വരുന്ന നെൽവയൽ നിക

ത്തിക്കൊണ്ടും ഒരു വിമാനത്താവളം നിർമ്മിക്കാനാണ് കെ. ജി. എസ്. കമ്പനി രംഗത്ത് വന്നത്. അവരെ സഹായിക്കാനായി 10 ശതമാനം ഓഹരി സംസ്ഥാന സർക്കാർ എടുക്കുമെന്നും പ്രഖ്യാപനം ഉണ്ടായിരിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നും നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും 100 കി. മീ. പോലും അകലെയല്ലാത്ത ആറന്മുളയിൽ വിമാനത്താവളം വേണമെന്നത് കേരളീയരുടെ ആവശ്യമല്ല. കച്ചവടക്കണ്ണുള്ള ചില രാഷ്ട്രീയനേതാക്കളുടെ അടുത്ത ബന്ധുക്കൾ ഓഹരിക്കാരായ കമ്പനികളുടെ മാത്രം ആവശ്യമാണ്.

കേരളത്തിലെ ഏറ്റവും വലിയ തണ്ണീർത്തടമായ വേമ്പനാട്ട് കായലിനെ കച്ചവടച്ചരക്കാക്കാനും ചില കമ്പനികൾ രംഗത്ത് വന്നിരിക്കുന്നു. എമർജിൻ കേരള എന്ന കൂട്ടുകച്ചവടമേഖലയിലൂടെയാണ് ഇവർ രംഗത്ത് വന്നത്. വേമ്പനാട്ട് കായലിന് മുകളിലൂടെ 2 പേർക്ക് ഇരിക്കാവുന്ന വിമാനം പറത്തി കളിക്കാനും രംഗ നിരീക്ഷണം നടത്താനുമാണ് ഈ പ്രൊജക്ട്.

കായലിലെ ആവാസ വ്യവസ്ഥയേയും അതിന് ചുറ്റുമുള്ള ആയിരക്കണക്കിന് കുടുംബങ്ങളുടെ ജീവിതത്തേയും ദുരിതപൂർണമാക്കുന്ന പദ്ധതിയുമായി സർക്കാർ മുന്നോട്ടുതന്നെ.

ആലപ്പുഴ, കൊല്ലം, തീരദേശമേഖലകളിലെ കരിമണലും മറ്റു ധാതുക്കളും സ്വകാര്യകമ്പനികൾക്ക് ചൂഷണം ചെയ്യുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുന്നു.

മണ്ണുത്തി – ഇടപ്പള്ളി ദേശീയപാതയിലൂടെ സഞ്ചരിക്കണമെങ്കിൽ ഏജീസ് എന്ന ഫ്രഞ്ച് കമ്പനിക്കാരന് നാം ചുങ്കം കൊടുക്കണം. സ്വതന്ത്ര ഭാരതത്തിലെ റോഡിൽ വിദേശക്കമ്പനികൾക്ക് ടോൾ കൊടുക്കേണ്ടി വന്നിട്ടും ഇവിടുത്തെ പ്രധാന രാഷ്ടീയ – യുവജനപ്രസ്ഥാനങ്ങൾ ഉറക്കത്തിലാണ്. കഴിഞ്ഞ വർഷം വരെ ഗുരുവായൂർ ഇൻഫ്രാ സ്ട്രക്ചർ ഡവലപ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന കമ്പനിയായിരുന്നു പാലിയേക്കരയിൽ ടോൾ പിരിച്ചിരുന്നത്. വിദേശക്കമ്പനിയുടെ വെറും ബിനാമി മാത്രമായിരുന്നു ഈ കമ്പനി എന്ന് വ്യക്തമായി. ടോൾ നിർത്തലാക്കണമെന്ന വാദഗതിയുമായി ജനകീയ സന്നദ്ധസംഘടനകൾ രംഗത്ത് വന്നപ്പോഴും ടോൾ നിർത്തലാക്കേണ്ട, ടോൾ കുറച്ചാൽ മതി എന്ന നിലപാടാണ് കേരളത്തിലെ ഏറ്റവും വലിയ രണ്ട് രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വീകരിച്ചത്.

2013 ഏപ്രിൽ 1 മുതൽ പങ്കാളിത്ത പെൻഷൻ സംസ്ഥാനത്ത് നടപ്പാക്കുക വഴി പെൻഷൻ ഫണ്ടും ബഹുരാഷ്ട്രകുത്തക കമ്പനികളുടെ ഓഹരി കമ്പോളത്തിന് തുറന്നുകൊടുത്തിരിക്കുന്നു.

കേരളം ഭരിക്കുന്ന പ്രമുഖ പാർട്ടിയുടെ സംസ്ഥാനത്തെ ഏറ്റവും വലിയ സ്ഥാനത്തിരിക്കുന്ന നേതാവ് നടത്തിയ കേരളയാത്ര തൃശ്ശൂരിൽ വന്നപ്പോൾ ഒരു പ്രസ്താവന നടത്തി. കേരളത്തിലെ ഭൂമി മുഴുവൻ ആരൊ

ക്കെയോ വാങ്ങിക്കൂട്ടുന്നു. സാധാരണക്കാരന് 5 സെന്റ് ഭൂമി വാങ്ങി കിടപ്പാടം ഉണ്ടാക്കാൻ കഴിയുന്നില്ല. ഭൂമാഫിയകളെ നിയന്ത്രിക്കാൻ നിയമം വേണമെന്ന് ഭരണത്തിന് നേതൃത്വം നൽകുന്ന അദ്ദേഹത്തിന് അഭിപ്രായമുണ്ടത്രേ. പിന്നെയെന്തേ നിയമം ഉണ്ടാക്കാത്തത്.

സർക്കാർവക സ്വകാര്യ കമ്പനികൾ വരുന്നു

പ്രകൃതിവിഭവങ്ങളെ കച്ചവടച്ചരക്കാക്കാനും, സാധാരണക്കാരന്റെ പക്കലുള്ള ഭൂമി ഏറ്റെടുത്ത് സ്വകാര്യ കമ്പനികൾക്ക് കൈമാറാനും പുതിയ കമ്പനികൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്.

കുടിവെള്ളം കുപ്പിയിലാക്കിയും ടാങ്കർലോറികൾ വഴിയും വിറ്റഴിക്കാൻ സർക്കാർ പങ്കാളിത്തമുള്ള കമ്പനികൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. വെള്ളവും വായുവും നദിയുമൊന്നും കച്ചവടച്ചരക്കല്ല എന്ന ഉറച്ച നിലപാട് എടുക്കുകയാണ് സർക്കാർ ചെയ്യേണ്ടിയിരുന്നത്. സ്വകാര്യ മേഖലയിൽ ഇപ്പോൾതന്നെ ആരംഭിച്ചിരിക്കുന്ന കുടിവെള്ള കച്ചവടത്തെ പ്രോത്സാഹിപ്പിക്കാനേ ഇത് ഉപകരിക്കുകയുള്ളൂ. കേരളത്തിലെ പല ജലാശയങ്ങളിലുള്ള ജലത്തെ ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ തയ്യാറാണ് എന്ന് പ്രഖ്യാപിച്ചുകൊണ്ട് 15 ഇസ്രായേൽ കമ്പനികൾ രഹസ്യമായി ചർച്ച നടത്തിക്കഴിഞ്ഞു. ലോകത്താർക്കും അറിയാത്ത ഒരു സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലാശയങ്ങളെ ശുദ്ധീകരിച്ച് വെള്ളം വിതരണം ചെയ്യുമെന്നാണ് ഇസ്രായേൽ കമ്പനിയുടെ അവകാശവാദം. ബൊളീവിയായിലെ കൊച്ചബാംബ എന്ന സ്ഥലത്തു നടന്നതുപോലെ, കേരളത്തിലെ ജലാശയങ്ങളുടെ മേൽ ഇസ്രായേൽ കമ്പനികൾ അവകാശവാദമുന്നയിച്ചാൽ അത്ഭുതപ്പെടാനില്ല.

പട്ടണങ്ങളിലും ഗ്രാമങ്ങളിലുമെല്ലാം പൊതുകക്കൂസുകളും, മൂത്രപ്പുരകളുമെല്ലാം ഇപ്പോൾ നടത്തിക്കൊണ്ടു പോകുന്നത് തദ്ദേശഭരണസ്ഥാപനങ്ങളാണ്. ഇത്തരം സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള എന്ന ഒരു കമ്പനി സ്വകാര്യപങ്കാളിത്തത്തോടെ ആരംഭിക്കാൻ നീക്കങ്ങൾ നടക്കുന്നു. പൊതു ആവശ്യത്തിനാണെന്നു പറഞ്ഞ് കുറഞ്ഞ വിലയ്ക്ക് സ്ഥലങ്ങൾ വ്യക്തികളിൽ നിന്ന് വാങ്ങി കമ്പനിയുടെ പക്കലാക്കും. ഇടക്കാലത്തു വച്ച് സർക്കാർ പിൻമാറുന്നതോടെ സ്ഥലവും സംരംഭവും സ്വകാര്യകമ്പനികളുടേതാകും.

ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനലുകളിലും കാത്തുനില്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രതീക്ഷ ബസ് ഷൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനിയും വരുന്നുണ്ടത്രേ. ഇതിനും സ്വകാര്യപങ്കാളിത്തമുണ്ടാകുമെന്നറിയുന്നു. ഇപ്പോൾ പൊതുസ്ഥലങ്ങളായി കിടക്കുന്ന ബസ് സ്റ്റാന്റുകളും മറ്റും സ്വകാര്യകമ്പനികളുടേതാകും. കാത്തിരിക്കാൻ

പോലും പണം നൽകേണ്ടി വരുമെന്നർത്ഥം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്നതിനു പകരം, അവരുടെ നിലവിലുള്ള അധികാരങ്ങൾ പോലും സ്വകാര്യകമ്പനികൾക്ക് അടിയറവ് വയ്ക്കുന്ന നാളുകളാണ് വരാനിരിക്കുന്നത്.

പരിഹാരം - ഗാന്ധിയൻ കാഴ്ചപ്പാടിൽ

പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കപ്പെടുകയും പൊതുസ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുകയും ചെയ്യുമ്പോൾ ഇതല്ലാതെ മറ്റെന്തു മാർഗം? എന്ന് നമ്മെകൊണ്ട് ചിന്തിപ്പിക്കുകയാണ് ചില സൂത്രധാരന്മാർ. നമ്മെ മാനസികമായും ഭൗതികമായും അടിമത്വത്തിലേക്ക് നയിക്കുകയാണ്.

തീർച്ചയായും ഇതിനെ ചെറുക്കണം. പ്രതിരോധിക്കാൻ ഗാന്ധിജി വിഭാവന ചെയ്ത സർവ്വോദയ മാർഗങ്ങൾ തന്നെയുണ്ട്.

- പഞ്ചായത്തിരാജ് നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി ഗ്രാമസഭകൾക്ക് മാൻഡേറ്ററി പവർ അഥവാ നിർബന്ധിത നിർദ്ദേശ അധികാരം നൽകണം. ഗ്രാമസഭാ തീരുമാനങ്ങൾ/ ഡിവിഷൻ സഭയുടെ തീരുമാനങ്ങൾ, ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി ഭരണസമിതി നടപ്പാക്കണമെന്ന നിർബന്ധിത സാഹചര്യം ഉണ്ടാക്കണം.
- പ്രകൃതിവിഭവങ്ങളെ (വെള്ളം, മണ്ണ്, വയൽ, മണൽ, ധാതുക്കൾ) വൻതോതിൽ ഉപയോഗിക്കുന്ന ഏതൊരു പ്രവർത്തനത്തിനും ഗ്രാമസഭയുടെ അറിവും സമ്മതവും ഉണ്ടായേ പറ്റൂ. ഗ്രാമസഭ നിഷേധിച്ചാൽ ഭരണസമിതി പ്രസ്തുതകാര്യത്തിൽ അനുമതി നൽകരുത്.
- ഓരോ വാർഡിലും 50 വീടുകൾക്ക് ഒരു അയൽക്കൂട്ടം ഉണ്ടാകണം. ഗ്രാമസഭാപ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കാനും സുതാര്യമാക്കുവാനും അയൽക്കൂട്ടങ്ങൾക്ക് കഴിയും.
- 50 വീടുകളിലെ വോട്ടവകാശമുളളവർ ഒരുമിച്ചിരുന്ന് ഒരു പ്രതിനിധിയേയും സമിതിയേയും തിരഞ്ഞെടുക്കാൻ എളുപ്പമാണ്. ബാലറ്റ് പേപ്പറോ, പ്രചാരണങ്ങളോ, മറ്റ് സാഹചര്യങ്ങളോ ഒന്നും കൂടാതെ, കക്ഷിരാഷ്ട്രീയത്തിനും ജാതിമതവിഭാഗീയതക്കും അതീതമായി ഇത് സാധിക്കും.
- അയൽക്കൂട്ട പ്രതിനിധികളിൽ നിന്ന് ഒരാളെ വാർഡ് പ്രതിനിധിയായി നിർദ്ദേശിക്കാം. ഏതാനും വാർഡ് പ്രതിനിധികൾ ചേരുന്ന പഞ്ചായത്ത് ഭരണസമിതി ഇതിൽ നിന്ന് ഒരാളെ ബ്ലോക്കിലേക്ക് നിർദ്ദേശിക്കുക. ഇതുപോലെ ഓരോ ഘട്ടത്തിൽ നിന്നും ഒരാളെ വീതം അഖിലേന്ത്യാതലം വരെ അയക്കാം. തിരഞ്ഞെടുപ്പ് ചെലവുകളും, ചെലവിന്റെ പേരിലുളള അഴിമതികളോ, മണ്ണ്, മണൽ, മദ്യമാഫിയകളുടെ സ്വാധീനങ്ങളോ ഇല്ലാത്ത ഒരു ഭരണസംവിധാനം ഒരുക്കാം. ഓരോ അയൽക്കൂട്ടങ്ങളും മാനവകുടുംബസമ്മേളനങ്ങളായി മാറും.

- ഓരോ പ്രദേശത്തേയും നദി, വയലുകൾ, മലകൾ, മറ്റ് പ്രകൃതിവിഭവങ്ങൾ എന്നിവയുടെ സംരക്ഷണം അതാത് പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങളുടെ ചുമതലയായിരിക്കണം. അത്തരം സ്ഥാപനങ്ങൾ വേണമെന്ന് തീരുമാനിക്കുന്നത് ഗ്രാമസഭയായിരിക്കുന്നു.
- ജലസംരക്ഷണപ്രവർത്തനങ്ങളിലൂടെ നദികളേയും, ജലാശയങ്ങളേയും പുനർജ്ജീവിപ്പിക്കാനും, തരിശുഭൂമികളെ കൃഷിയോഗ്യമാക്കാനും ഗ്രാമീണതൊഴിലവസരങ്ങൾക്കായി കൂട്ടായ്മകൾ സൃഷ്ടിക്കുവാനും അയൽക്കൂട്ടങ്ങൾക്ക് സാധിക്കുന്നു.
- തദ്ദേശീയ വിഭവങ്ങളുടെ സാമൂഹിക ഉടമസ്ഥതക്കും സംരക്ഷണത്തിനും ഉതകുന്ന വിധം നിയമങ്ങളിൽ മാറ്റം വരണം.
- പൊതുവിഭവങ്ങൾ സ്വകാര്യകമ്പനികളെ ഏല്പിക്കുന്നതിനു പകരം പൊതുട്രസ്റ്റുകൾക്ക് രൂപം നൽകണം. പൊതുവരുമാനവും, ജനങ്ങളുടെ അദ്ധ്വാനവും, സന്മനസ്സുള്ളവരുടെ സംഭാവനയും ട്രസ്റ്റിന്റെ മൂലധനമാക്കണം. ട്രസ്റ്റിന്റെ നടത്തിപ്പ് സുതാര്യമാകണമെങ്കിൽ സഹകരണവും മൂലധനവും വർദ്ധിപ്പിക്കുക.
- വിവിധതരത്തിലുള്ള സേവനസ്ഥാപനങ്ങൾ, റോഡുകൾ എന്നിവയുടെ നിർമ്മാണവും നടത്തിപ്പും ഇത്തരം ട്രസ്റ്റുകൾ വഴി നിർവഹിക്കാവുന്നതാണ്.

പ്രകൃതിവിഭവങ്ങളുടെ സാമൂഹ്യ ഉടമസ്ഥതയും സഹകരണാത്മകജീവിതവും സാധ്യമാക്കുന്നതിന് വേണ്ടിയാണ് ഗാന്ധിജി ആഗ്രഹിച്ചത്. അദ്ദേഹത്തിന്റെ ശിഷ്യനായ വിനോബഭാവെ, ഭൂദാൻ- ഗ്രാമദാൻ യജ്ഞത്തിലൂടെ ശ്രമിച്ചതും ഈ മഹത്തായ ലക്ഷ്യത്തോട് അടുത്തെത്താനായിരുന്നു.

പ്രകൃതിവിഭവങ്ങളുടെ സാമൂഹ്യ ഉടമസ്ഥത എന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള മാർഗമെന്ന നിലയ്ക്ക് പ്രകൃതിവിഭവങ്ങളുടെ സാമൂഹികസംരക്ഷണം സാധ്യമായാൽ അത് ഈ നൂറ്റാണ്ടിന്റെ ശ്രേഷ്ഠമായ സാമൂഹ്യവിപ്ലവമായിരിക്കും.

★

11

ഇന്ത്യൻ നിലപാട് ഗാന്ധിവിരുദ്ധം

ശൈശവവിവാഹത്തെ എതിർത്തുകൊണ്ട് ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ പിന്തുണയ്ക്കാതിരിക്കുക വഴി, ഇന്ത്യ ചെയ്തത്, സ്വന്തം ഭരണഘടനാതാത്പര്യങ്ങളേയും നിയമങ്ങളേയും നിഷേധിക്കലും രാഷ്ട്രപിതാവിനെ അവഹേളിക്കലുമാണ്. ഗാന്ധിവധം ആവർത്തിക്കുന്നത് ഇങ്ങനെയാണ്.

ശൈശവവിവാഹത്തെ ഏറ്റവും വലിയ തിന്മയായിട്ടാണ് ഗാന്ധിജി കണ്ടത്. ഇതിനെതിരെ, തന്റെ പത്രാധിപത്യത്തിലുള്ള പ്രസിദ്ധീകരണങ്ങളിൽ, ഗാന്ധിജി എഴുതുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യം കൈവരിക്കുന്നതിനായി ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന രാഷ്ട്രീയ സമരങ്ങൾക്കൊപ്പം രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളും നടന്നിരുന്നു. ലഭ്യമാകുന്ന സ്വാതന്ത്ര്യം നിലനിൽക്കണമെങ്കിൽ അതിനനുസൃതമായ സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക -രാഷ്ട്രീയ പരിസരം സ്വതന്ത്ര ഇന്ത്യയിൽ ഉണ്ടാകണമെന്ന് അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നു. സ്വാതന്ത്ര്യ സംസ്ഥാപനത്തിനും സംരക്ഷണത്തിനും വേണ്ടിയാണ് ഖാദി, ഗ്രാമവ്യവസായം, അയിത്തോച്ചാടനം, രാഷ്ട്രഭാഷാ പ്രചാരണം എന്നിങ്ങനെ നിർമ്മാണ പരിപാടികൾ ഗാന്ധിജി പ്രചരിപ്പിച്ചത്. വനിതകളുടെ സുസ്ഥിതിയും സ്വാതന്ത്ര്യവുമായിരുന്നു നിർമ്മാണ പ്രവർത്തനങ്ങളിൽ മുഖ്യമായ ഒരു ഇനം.

സ്ത്രീകളും പെൺകുട്ടികളും പുരുഷന്റെ അടിമയായി നില്ക്കുന്നതിനെ മഹാത്മജി ശക്തിയായി എതിർത്തു. പുരുഷനു തുല്യമായ സ്ഥാനവും അവസരങ്ങളും വനിതകൾക്കുമുണ്ടാകണമെന്ന് അദ്ദേഹം നിരന്തരം വാദിച്ചു. സ്ത്രീയും പുരുഷനും പരസ്പരപൂരകങ്ങളാണെങ്കിൽ പുരുഷനുള്ള അധികാരങ്ങൾ സ്ത്രീക്കും ഉണ്ട് എന്ന് അദ്ദേഹം സമർത്ഥിച്ചു. ശൈശവവിവാഹത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും അധാർമികതയെ

ക്കുറിച്ചും ഗാന്ധിജി ബോധവത്കരിച്ചുകൊണ്ടിരുന്നു. ഈ തിന്മയെ സമൂഹത്തിൽനിന്ന് പൂർണമായും തുടച്ചുമാറ്റുക തന്നെ വേണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു.

സ്ത്രീ-പുരുഷസമത്വത്തിന്റേയും വിവാഹത്തിന്റേയും ആദ്ധ്യാത്മീകതലം ഭാരതീയർക്കാണ് എളുപ്പം മനസ്സിലാകുക എന്നദ്ദേഹം ഓർമ്മിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഇന്ത്യ ലോകത്തിന് മാതൃകയാകണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഗാന്ധിജിയുടെ ഇത്തരം ശക്തവും വ്യക്തവുമായ നിലപാടുകളാണ് ലക്ഷക്കണക്കിന് വനിതകളെ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ അണിചേരാൻ പ്രേരിപ്പിച്ചത്.

ഭാവിഭാരതത്തെക്കുറിച്ച് സ്വാതന്ത്ര്യസമരസേനാനികൾക്ക് ഉണ്ടായിരുന്ന പ്രതീക്ഷകളേയും മഹാത്മാഗാന്ധിയുടെ നിലപാടിനേയുമാണ് ഇന്ത്യയുടെ ഭരണനേതൃത്വം ഐക്യരാഷ്ട്രസഭയിൽ അട്ടിമറിച്ചത്.

ശൈശവവിവാഹവും പ്രായപൂർത്തിയാകും മുമ്പുള്ള നിർബന്ധിത വിവാഹവും തടയണമെന്ന പ്രമേയത്തിലാണ് ഒപ്പുവയ്ക്കാൻ ഇന്ത്യ വിസമ്മതിച്ചത്. യു.എൻ. മനുഷ്യാവകാശ സംഘടനയാണ് പ്രമേയം കൊണ്ടു വന്നത്. 107 രാജ്യങ്ങൾ പ്രമേയത്തെ അനുകൂലിച്ച് വോട്ടു ചെയ്തു. സ്ത്രീസ്വാതന്ത്ര്യത്തിനും മനുഷ്യാവകാശസംരക്ഷണത്തിനും വേണ്ടി മുന്നണിപ്പോരാളിയായിരുന്ന മഹാത്മജിയുടെ സ്വന്തം നാട് - ഭാരതം - ശൈശവ വിവാഹത്തിനെതിരായുള്ള ഐക്യരാഷ്ട്രസഭാ പ്രമേയത്തെ പിന്തുണയ്ക്കുക തന്നെ ചെയ്യുമെന്നാണ് ലോകരാഷ്ട്രങ്ങൾ കരുതിയത്. സംഭവിച്ചത് മറിച്ചാണ്. ഗാന്ധിജി ഒരിക്കൽ കൂടി തിരസ്കരിക്കപ്പെട്ടു; തമസ്കരിക്കപ്പെട്ടു.

ഗാന്ധിജയന്തിദിനമായ ഒക്ടോബർ രണ്ട്, അന്താരാഷ്ട്ര അഹിംസാദിനമായി ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശപ്രകാരം ആചരിക്കുന്നു.

എല്ലാ അർത്ഥത്തിലും തികഞ്ഞ ഹിംസയാണ് ശൈശവവിവാഹം. ഇത്തരം ഹിംസക്കെതിരെ നിലപാട് സ്വീകരിക്കാതിരിക്കുന്നത് രാഷ്ട്രപിതാവിനോടുള്ള അവഹേളനമാണ്.

ഭരണഘടനാ വിരുദ്ധം

സമത്വത്തിനും സ്വാതന്ത്ര്യത്തിനും മനുഷ്യാവകാശത്തിനും ഏറെ പ്രാധാന്യം കല്പിക്കുന്ന ഇന്ത്യൻ ഭരണഘടനയ്ക്കും ഇന്ത്യയിൽ നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമായ നിലപാടാണ് ഇക്കാര്യത്തിൽ ഇന്ത്യ ഐക്യരാഷ്ട്രസഭയിൽ കൈക്കൊണ്ടത്. ശൈശവവിവാഹത്തിനെതിരായ ബോധവൽക്കരണങ്ങളും പ്രവർത്തനങ്ങളും കാലാകാലങ്ങളിൽ വിവിധ മതങ്ങളിൽ നടന്നിട്ടുണ്ട്. പൊതുവായ സാമൂഹ്യ നവോത്ഥാനത്തിന്റെ ഭാഗമായും ഈ സാമൂഹ്യതിന്മക്കെതിരെ മുന്നേറ്റമുണ്ടായി.

ഇതിന്റെയെല്ലാം ഫലമായി സ്വാതന്ത്ര്യലബ്ധിക്ക് മുമ്പുതന്നെ ശൈശവവിവാഹം നിയന്ത്രിക്കാൻ ഇന്ത്യയിൽ നിയമങ്ങളും ഉണ്ടായി.

നിയമ നിർമ്മാണം

ശൈശവവിവാഹം കുറയ്ക്കുന്നതിനായി ഒരു നിയമം ഉണ്ടാകുന്നത് 1929 ൽ ആണ്. 1930 ഏപ്രിൽ ഒന്നിന് ഇത് നിലവിൽ വന്നു. ശൈശവ വിവാഹ നിയന്ത്രണ നിയമപ്രകാരം 18 വയസ്സ് പൂർത്തീകരിക്കാത്ത ആൺകുട്ടികളും 15 വയസ്സ് പൂർത്തീകരിക്കാത്ത പെൺകുട്ടികളും വിവാഹിതരാകുന്നത് കുറ്റകരമാണ്. പിന്നീട് 1940 ലും 1978 ലും ഈ നിയമത്തിന് ഭേദഗതി ഉണ്ടായി. ആൺകുട്ടികളുടെ വിവാഹപ്രായം 21 ഉം പെൺകുട്ടികളുടേത് 18 ഉം ആയി ഉയർത്തി.

2007 നവംബർ ഒന്നിന് ശൈശവവിവാഹ നിരോധന നിയമം നിലവിൽ വന്നു. കൂടുതൽ ശക്തമായ നിയമമാണിത്.

നിയമങ്ങളെല്ലാം ഉണ്ടെങ്കിലും പ്രതിദിനം 3900 ശൈശവ വിവാഹങ്ങൾ നടക്കുന്നു എന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഇതിന്റെ പ്രത്യാഘാതങ്ങളായി മാതൃമരണം, ശിശുമരണം, പ്രായപൂർത്തിയാകുന്നതിനു മുമ്പുള്ള നിരവധി പ്രസവങ്ങൾ, ഇവ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ, ശൈശവ മാതാക്കൾക്ക് നേരെയുള്ള അതിക്രമങ്ങൾ എന്നിവ വർദ്ധിച്ചു വരുന്നു.

ഇക്കാര്യങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് എല്ലാവർഷവും ജനുവരി 24 ദേശീയ പെൺകുട്ടി ദിനമായി ആചരിക്കുന്നത്.

മുൻ നിലപാടിന് വിരുദ്ധം

സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനു വേണ്ടിയുള്ള അന്താരാഷ്ട്ര ശ്രമങ്ങളിൽ ഇന്ത്യ മുൻകാലങ്ങളിൽ അനുകൂല നിലപാട് സ്വീകരിക്കുകയും പൊതുധാരണകളിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികളുടെ അവകാശത്തിനായുള്ള യു.എൻ. കൺവെൻഷൻ, സ്ത്രീ വിവേചന നിർമ്മാർജന കൺവെൻഷൻ, സാമ്പത്തിക- സാമൂഹിക- സാംസ്കാരിക അവകാശങ്ങൾക്ക് വേണ്ടിയുള്ള അന്താരാഷ്ട്ര കൺവെൻഷൻ എന്നിവ ഇവയിൽ ചിലതാണ്.

മുൻ കാല നിലപാടുകളിൽ നിന്ന് മാറി ചിന്തിക്കാൻ ഇന്ത്യയുടെ രാഷ്ട്രീയ നേതൃത്വത്തെ പ്രേരിപ്പിച്ചത് എന്തായിരിക്കും?

വോട്ടും നോട്ടും തന്നെപ്രധാനം

2015 മുതൽ ശൈശവ വിവാഹവും പ്രായമാകുന്നതിന് മുമ്പുള്ള നിർബന്ധിത വിവാഹങ്ങളും തടയുന്നതിൽ ശ്രദ്ധപതിപ്പിക്കുമെന്നായിരുന്നു

യു.എൻ. പ്രമേയത്തിലെ (2013) ആവശ്യം. ഗാന്ധിജിയുടെ ഭാരതം ഇതിനെ പിന്തുണക്കേണ്ടതല്ലെ? പിന്നെ എന്തുപറ്റി?

ഉത്തരേന്ത്യയിൽ ഏതാനും സംസ്ഥാനങ്ങളിൽ അടുത്ത മാസം തിരഞ്ഞടുപ്പ് വരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പും അടുത്തെത്തി. ഓരോ മതത്തിലേയും അധീശശക്തികൾ പലപ്പോഴും ശൈശവവിവാഹത്തിന് അനുകൂലമാണ്. വോട്ടു ബാങ്കിന്റെ താക്കോലും അവരുടെ കൈയിലാണ്. അവരെ പിണക്കിയാൽ വോട്ടും അധികാരവും അതുവഴിയുള്ള സമ്പത്തും നഷ്ടമാകും. വനിതകൾ എങ്ങനെയെങ്കിലും സഹിച്ചും പൊറുത്തും പുരുഷന്മാർ പറയുന്നിടത്ത് വോട്ടു ചെയ്യും. ഇതായിരിക്കാം നേതൃത്വത്തിന്റെ കണ്ടെത്തൽ. തിരഞ്ഞെടുപ്പുകാലത്ത് വോട്ടിനും നോട്ടിനുമല്ലേ പ്രാധാന്യം? ഇതായിരിക്കും നിലപാടുമാറ്റത്തിന് കാരണം. എല്ലാ രാഷ്ട്രീയ കക്ഷികളും ഏറെക്കുറെ നിശ്ശബ്ദത പാലിക്കുന്നതും ഈ തത്ത്വം മനസ്സിലാക്കിയതു കൊണ്ടായിരിക്കുമോ?

★

12

വേണം ജനപക്ഷ നിയമങ്ങൾ

ഇന്ത്യയിൽ പലപ്പോഴും 'ജനപ്രിയ' നിയമങ്ങൾ ഉണ്ടാകുന്നത് തിരഞ്ഞെടുപ്പ് അടുക്കുമ്പോഴും ഭരിക്കുന്ന പാർട്ടി പ്രതിസന്ധിയെ നേരിടുമ്പോഴുമാണ്.

പാർട്ടിക്കുള്ളിൽ ആധിപത്യം നേടുന്നതിനും തിരഞ്ഞെടുപ്പിൽ വോട്ടു നേടുന്നതിനുമായാണ് ശ്രദ്ധേയമായ പല മുദ്രാവാക്യങ്ങളും ഭരണപരിഷ്കാരങ്ങളും ഉണ്ടാകുന്നത്.

ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ അവസാനത്തിൽ അന്നത്തെ ഭരണകക്ഷിയായ കോൺഗ്രസ്സിൽ അഖിലേന്ത്യാ തലത്തിൽ പിളർപ്പുണ്ടായപ്പോഴാണ് ഔദ്യോഗികപക്ഷം തങ്ങൾ പുരോഗമനപക്ഷക്കാരാണ് എന്ന് ബോധ്യപ്പെടുത്താൻ വേണ്ടി ബാങ്ക് ദേശസാത്കരണവും പ്രിവി പേഴ്സ് നിറുത്തലാക്കലും നടപ്പാക്കിയത്. എഴുപതുകളുടെ ആദ്യത്തിൽ പൊതു തിരഞ്ഞെടുപ്പ് അടുത്തപ്പോഴാണ് 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യം ഉയർന്നുവന്നത്.

സ്വാതന്ത്ര്യം നേടിയ ശേഷം ആറര ദശാബ്ദം പിന്നിട്ടിട്ടും ഇന്ത്യൻ ജനതയിൽ ദാരിദ്ര്യവും പട്ടിണിയും പെരുകുകയാണ്. മാനദണ്ഡങ്ങളിൽ കൃത്രിമം കാണിച്ച് ദാരിദ്ര്യരേഖ താഴ്ത്തിവരച്ചിട്ടും പട്ടിണിപ്പാവങ്ങളുടെ എണ്ണത്തിൽ വലിയ കുറവൊന്നുമുണ്ടാകുന്നില്ല.

പഞ്ചായത്ത് മുതൽ പാർലമെന്റ് വരേയും പ്രാദേശിക സമിതി മുതൽ അഖിലേന്ത്യാ സമിതിവരേയും സ്വജനപക്ഷപാതവും അഴിമതിയും പെരുകുകയാണ്. ലക്ഷക്കണക്കിന് കോടികളുടെ അഴിമതികൾ നിത്യസംഭവമായി മാറുകയാണ്.

മധ്യഇന്ത്യയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും, ധാതുഖനനത്തിന്റെ പേരിലും വൻകിട പദ്ധതികളുടെ പേരിലും പതിനായിരക്കണക്കിന് കുടുംബങ്ങൾ കിടപ്പാടം വിറ്റു പോകേണ്ടിവന്നിരിക്കുന്നു. ഒരു

രാഷ്ട്രീയ പാർട്ടിയുടേയും കീഴിലല്ലാതെ തന്നെ ജനങ്ങൾ സ്വതന്ത്ര സംഘടനകൾ രൂപീകരിച്ചും പ്രക്ഷോഭരംഗത്ത് ഇറങ്ങിയിരിക്കുകയാണ്.

പൊതുതിരഞ്ഞെടുപ്പ് അടുത്തുവരാൻ തുടങ്ങിയപ്പോൾ ജനങ്ങളോടുള്ള വാത്സല്യം 'ജനപ്രിയനിയമങ്ങളി'ലൂടെ പ്രകടമാക്കുകയാണ് രാഷ്ട്രീയപാർട്ടികളും ഭരണവർഗവും.

ഭക്ഷ്യസുരക്ഷാനിയമം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും ഭക്ഷ്യധാന്യങ്ങൾ കുറഞ്ഞ വിലയ്ക്ക് (ഏറെക്കുറെ സൗജന്യമായിത്തന്നെ) നൽകുന്നു എന്നതാണ് ഈ ബില്ലിന്റെ ആകർഷണീയത. ഭക്ഷ്യധാന്യങ്ങളോ അതിനുള്ള പണമോ നൽകാൻ ഭരണകൂടത്തെ ബാധ്യസ്ഥമാക്കുന്ന നിയമമാണിത്. മറ്റൊരുതരത്തിൽ, ജനങ്ങളുടെ സുരക്ഷ ഭരണകൂടത്തിന്റെ കൈകളിലാണെന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുകയാണ് ഈ നിയമം. ആദ്യത്തെ നാലഞ്ച് വർഷക്കാലം പൊതുവിതരണസംവിധാനം ഉപയോഗിച്ച് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യും എന്നതാണ് ഈ നിയമത്തിലെ ഏക ആശ്വാസം.

അത് കഴിഞ്ഞാൽ പിന്നെ ആരാണ് വിതരണം നടത്തുക? ഇക്കാര്യത്തിൽ ഒരു വ്യക്തതയുമില്ല. ഇത്രയേറെ ധാന്യങ്ങളും ഭക്ഷ്യവിഭവങ്ങളും ഉണ്ടാക്കാൻ അനുയോജ്യമായ ഒരു കാർഷികാന്തരീക്ഷം ഇന്ത്യയിൽ സൃഷ്ടിക്കാൻ ഒരു മുന്നൊരുക്കങ്ങളും നിർബന്ധിതമാക്കുന്നതിനെക്കുറിച്ച് ഈ നിയമത്തിലില്ല. അതേസമയം ചെറുകിട - നാമമാത്ര കർഷകരെല്ലാം കൃഷി ഉപേക്ഷിച്ച് പോകേണ്ട സാഹചര്യമാണ് എല്ലാ സംസ്ഥാനങ്ങളിലും സംജാതമാകുന്നത്. ബി.ടി വിത്തുകളുടെ (അന്തകൻ വിത്തുകളുടെ) വ്യാപനവും സബ്സിഡികൾ വെട്ടിക്കുറയ്ക്കലും ഭൂമാഫിയകളുടെ ആർത്തിപൂണ്ട കൈയടക്കലുകളും പ്രശ്നങ്ങളെ കൂടുതൽ ഗുരുതരമാക്കുന്നു. വൻകിടക്കാർ മാത്രം കാർഷികമേഖലയിൽ നിലനിൽക്കുകയുള്ളൂ എന്ന സ്ഥിതിവിശേഷം അനുദിനം വ്യാപകമാകുന്നു. ഭക്ഷ്യസുരക്ഷയുടെ ഉത്തരവാദിത്തം തങ്ങൾക്കുണ്ട് എന്ന ഉമ്മാക്കി കാണിച്ചുകൊണ്ട് ഭക്ഷ്യ ഉത്പാദനവും വിതരണവും ബഹുരാഷ്ട്രകമ്പനികൾക്കും കുത്തകകൾക്കും കൈമാറാൻ ഭരണകൂടത്തിന് അവസരം സൃഷ്ടിക്കുന്നതിലേക്ക് കാര്യങ്ങൾ മാറിമറിഞ്ഞുകൂടെന്നില്ല.

ഗ്രാമീണ കാർഷിക മേഖലയ്ക്കാണ് യഥാർത്ഥത്തിൽ സുരക്ഷ നൽകേണ്ടത്. ചെറുകിട - നാമമാത്ര കർഷകർ ഉൾപ്പെടെ യഥാർത്ഥ കർഷകർ കാർഷികമേഖലയിൽ തുടരുന്നതിനുള്ള സുരക്ഷയാണ് നൽകേണ്ടത്. അതിനനുസരിച്ചുള്ള സാമൂഹ്യ- രാഷ്ട്രീയ - സാമ്പത്തിക അന്തരീക്ഷം സൃഷ്ടിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.

ഭക്ഷിക്കുന്ന ഓരോ വ്യക്തിയും കാർഷികമേഖലയെ സമ്പന്നമാക്കുന്ന എന്തെങ്കിലും പ്രവർത്തനം ചെയ്തേ തീരൂ എന്ന ധാർമ്മിക അവ

ബോധം സൃഷ്ടിക്കുന്ന സാംസ്കാരിക അന്തരീക്ഷമാണ് നമുക്ക് ഉണ്ടാകേണ്ടത്. കാർഷിക മേഖലയ്ക്കു നേരെയുള്ള കടന്നുകയറ്റത്തെ പ്രാദേശികമായ പ്രതിരോധം തീർക്കുന്നതിന് സാധ്യമാകുന്ന വികേന്ദ്രീകൃത – ജനാധിപത്യ- സാഹചര്യവും അത്തരത്തിലുള്ള രാഷ്ട്രീയ അവബോധവും സൃഷ്ടിക്കപ്പെടണം. ഇത്തരം മുന്നൊരുക്കങ്ങൾ വഴി, ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കാനും ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ പരമാവധി സ്വാശ്രയത്വം കൈവരിക്കാനുമാണ് ശ്രമിക്കേണ്ടത്. ഭക്ഷ്യോത്പാദനത്തിൽ സ്വാശ്രയത്വവും സ്വാവലംബനവും സാധ്യമാകുമ്പോൾ ഭക്ഷ്യസ്വരാജ് സംപ്രാപ്തമാകും. ഭക്ഷ്യസുരക്ഷയേക്കാൾ ശാശ്വതമായത് ഭക്ഷ്യസ്വരാജ് ആണ്. സുരക്ഷ നൽകേണ്ടത് കാർഷികമേഖലയ്ക്കും കർഷകർക്കുമാണ്. അതു വഴി ഭക്ഷ്യസ്വരാജും രാജ്യത്തിന്റെ സ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ സാധിക്കും. ഇതാണ് ഗാന്ധിമാർഗത്തിന്റെ അഥവാ സർവ്വോദയത്തിന്റെ രീതിശാസ്ത്രം.

മറ്റേതോ രാജ്യങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കൊണ്ട് ഇവിടെയുള്ള ജനങ്ങളുടെ വിശപ്പടക്കാൻ സാധിക്കും എന്ന ചിന്ത യുക്തിരഹിതവും അശാസ്ത്രീയവുമാണ്. വൻതോതിൽ ഉത്പാദിപ്പിച്ച് എല്ലാവരുടേയും കൈകളിലെത്തിക്കാമെന്നതും ഇന്ത്യയെപ്പോലെ ജനസംഖ്യ ഏറിയ ഒരു രാജ്യത്തിൽ അപ്രായോഗികമാണ്. സ്വാതന്ത്ര്യാനന്തരമുള്ള രണ്ട് ദശാബ്ദങ്ങളിൽ ഈ ശൈലി നാം പരീക്ഷിച്ചതാണ്. അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഇതുകൊണ്ടൊന്നും സാധിച്ചില്ല.

ജവഹർലാൽ നെഹ്റുവിന്റെ ആത്മാർത്ഥമായ അമിത ആവേശമാണ് ഇത്തരം പാശ്ചാത്യ രീതിശാസ്ത്രം പിന്തുടരാൻ കാരണമായത്. ഇത്തരം കാര്യങ്ങളിൽ നെഹ്രുവിയൻ രീതിയും ഗാന്ധിയൻ രീതിയും തികച്ചും വ്യത്യസ്തമാണ്. സോഷ്യലിസ്റ്റ് ആഭിമുഖ്യമുള്ള മഹാനായിരുന്നുവെങ്കിലും ജവഹർലാൽ നെഹ്രു ഇത്തരം കാര്യങ്ങളിൽ ഒരു ഗാന്ധിയൻ ആയിരുന്നില്ല എന്നതാണ് വാസ്തവം. ഒരുപക്ഷേ, പലർക്കും ഇതൊരു അപ്രിയസത്യം ആയിരിക്കാം. എന്നാൽ, ഈ അപ്രിയസത്യം ജനങ്ങൾ മനസ്സിലാക്കുമ്പോഴാണ് അനന്തസാധ്യതകളുള്ള ഗാന്ധിമാർഗത്തെക്കുറിച്ച് കൂടുതൽ വ്യക്തത കൈവരുന്നത്.

★

13

ഭക്ഷ്യസ്വരാജിലേക്ക്

സ്വാതന്ത്ര്യം നേടുന്ന സമയത്ത് ഇന്ത്യ നേരിടുന്ന പ്രശ്നങ്ങളിൽ മുഖ്യമായത് ദാരിദ്ര്യമായിരുന്നു. ഇരുന്നൂറ് വർഷക്കാലത്തെ കൊളോണിയൽ വാഴ്ച ദാരിദ്ര്യം വർദ്ധിപ്പിച്ചു. ഭക്ഷ്യവിളകളെ അവഗണിച്ചും തോട്ടവിളകളെ (നാണ്യവിളകളെ) പ്രോത്സാഹിപ്പിച്ചും ഫ്യൂഡൽ- ജമീന്ദാരി വ്യവസ്ഥകളെ പിന്തുണച്ചുകൊണ്ടുമുള്ള ബ്രിട്ടീഷുകാരുടെ നയങ്ങളാണ് ഇന്ത്യയെ ഇത്തരം ഒരു ദുരന്തത്തിലേക്ക് എത്തിച്ചത്.

സ്വാതന്ത്ര്യസമരകാലത്ത് ഗാന്ധിജി മുന്നോട്ടുവച്ച സൃഷ്ട്യുന്മുഖ പരിപാടികൾ - നിർമ്മാണ പരിപാടികൾ ദാരിദ്ര്യത്തെ ഉച്ചാടനം ചെയ്യാൻ കൂടി ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. കൃഷിയേയും കർഷകരേയും രക്ഷിക്കുന്നതിനും ഖാദിയേയും കൈത്തൊഴിലിനേയും സംരക്ഷിക്കുന്നതിനും, പ്രകൃതിജീവനത്തേയും നാട്ടുവൈദ്യത്തേയും നിലനിർത്തുന്നതിനും ആദിവാസികളേയും വനവിഭവങ്ങളേയും പരിരക്ഷിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ടുള്ളതായിരുന്നു നിർമ്മാണപരിപാടികളിൽ മുഖ്യമായുള്ളവ.

സ്വാതന്ത്ര്യത്തിന്റെ നാളുകളിലും തുടർന്ന് പല കാര്യങ്ങളിലും ഗാന്ധിജിയെ വേണ്ട രീതിയിൽ ശ്രദ്ധിക്കാനോ പ്രാവർത്തികമാക്കാനോ അന്നത്തെ ഭരണനേതൃത്വത്തിന് സാധിച്ചിരുന്നില്ല. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും സംഭവിച്ചത് ഇത് തന്നെ.

ഉത്പാദനവർദ്ധനവിലൂടെ ദാരിദ്ര്യത്തെ മറികടക്കാനാകുമെന്നാണ് ഭരണനേതൃത്വം കരുതിയത്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കൃഷിക്കും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വ്യവസായത്തിനും പ്രാധാന്യം നൽകി. വർഷങ്ങൾ പിന്നിട്ടതോടെ ഉത്പാദനം ഏറെ വർദ്ധിച്ചു. ഇന്ത്യയിലെ ജനങ്ങൾക്ക് ആവശ്യമായതിലേറെ ഭക്ഷ്യധാന്യങ്ങളും പഴങ്ങളും, പച്ചക്കറികളും, പയറുവർഗങ്ങളും ഉത്പാദിപ്പിച്ചു. ഭക്ഷ്യധാന്യങ്ങൾ വിദേശത്തേക്ക് കയറ്റി അയക്കുകയും ചെയ്തു. പക്ഷേ, പിന്നീടുള്ള വിശകലനത്തിൽ ഒരു കാര്യം വ്യക്തമായി. ഇന്ത്യയിൽ ദാരിദ്ര്യം കുറയ്ക്കാൻ സാധിച്ചില്ല. ദരിദ്രരുടെ എണ്ണ

ത്തിൽ ഇതുകൊണ്ട് കാര്യമായ കുറവുണ്ടായിട്ടില്ലെന്ന് സർവെ ഫലങ്ങൾ വെളിപ്പെടുത്തി. ആധുനിക ഉത്പാദനരീതികൾ കൊണ്ടും വൻതോതിലുള്ള ഉത്പാദനംകൊണ്ടും മാത്രം ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനാകില്ല എന്ന് ബോധ്യപ്പെട്ടു. ജനങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, ഉത്പന്നവിതരണം, സാമൂഹിക സമത്വം എന്നീ കാര്യങ്ങളിലേക്ക് ഊന്നൽ നൽകുക കൂടി ചെയ്താലേ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന തിരിച്ചറിവ് ഈ ഘട്ടത്തിലാണ് ഭരണനേതൃത്വത്തിനുണ്ടായത്.

ഭക്ഷ്യസുരക്ഷ

എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനെയാണ് പലപ്പോഴും ഭക്ഷ്യസുരക്ഷ എന്നു പറയുന്നത്. ദാരിദ്ര്യം ഒഴിവാക്കാനുള്ള പ്രധാന ഉപാധിയായി ഇപ്പോഴും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മുന്നോട്ടുവയ്ക്കുന്ന ആശയം ഭക്ഷ്യസുരക്ഷ എന്നതാണ്. എന്നാൽ ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള സുസ്ഥിരവും സ്ഥായിയുമായ ഒരു പദ്ധതിയായിട്ടല്ല ഭരണകൂടങ്ങൾ ഭക്ഷ്യസുരക്ഷ പരിപാടികളെ കാണുന്നത്. തിരഞ്ഞെടുപ്പ് വേളകളിൽ ആകർഷകമായ വാഗ്ദാനം നൽകുന്നതിന്റേയും വോട്ടുബാങ്കുകൾ ഉറപ്പിക്കുന്നതിന്റേയും ഭാഗമായാണ് ഭക്ഷ്യസുരക്ഷാപരിപാടികൾ ഇപ്പോൾ സാധാരണയായി പ്രഖ്യാപിക്കുന്നത്. ഒരു മുന്നണിക്കാർ കിലോയ്ക്ക് രണ്ടുരൂപക്ക് അരി കൊടുക്കുമെന്ന് പ്രഖ്യാപിക്കുമ്പോൾ മറ്റേ മുന്നണിക്കാർ കിലോയ്ക്ക് ഒരു രൂപയ്ക്ക് നൽകുമെന്ന് പ്രഖ്യാപിക്കുന്നു. ഒരു കൂട്ടർ എല്ലാ ബി.പി.എൽ. കാർക്കും നൽകുമെന്ന് പ്രഖ്യാപിക്കുമ്പോൾ മറ്റൊരു കൂട്ടർ എ. പി. എൽ കാർക്കും ഭാഗികമായി നൽകുമെന്ന് പ്രഖ്യാപിക്കുന്നു. ഒരുകൂട്ടർ അരിയും ഗോതമ്പും നൽകുമെന്ന് പ്രഖ്യാപിക്കുമ്പോൾ മറ്റൊരു കൂട്ടർ അരിയും ഗോതമ്പും പലവ്യഞ്ജനങ്ങളും നിസ്സാരവിലയ്ക്ക് നൽകുമെന്ന് പ്രഖ്യാപിക്കുന്നു. ഇതിനായി സംസ്ഥാനത്തിനും രാജ്യത്തിനും വലിയ കടബാധ്യത വരുത്തിവയ്ക്കാനും ഇവർ മത്സരിക്കുന്നു. വോട്ടും ഭരണവും ലഭിക്കുമെന്നത് ശരിയായിരിക്കും. പക്ഷേ ഇതുകൊണ്ട് ശാശ്വതപരിഹാരം ആകുമോ?

വിശക്കുന്നവന് മത്സ്യം കൊടുക്കുന്നത് നല്ലതുതന്നെ. അതോടൊപ്പം തന്നെ അയാളെ മീൻ പിടിക്കാൻ പഠിപ്പിക്കുകയും അതിനായി വല നൽകുകയും ചെയ്യുന്നതാണ് കൂടുതൽ അഭികാമ്യം. അപ്പത്തിനുള്ള മാർഗം സ്വയം കണ്ടെത്താൻ ഒരാളെ പ്രാപ്തമാക്കുന്നതാണ് സുരക്ഷിതമാർഗം.

ഭക്ഷ്യസ്വരാജിലേക്ക്

അവശത അനുഭവിക്കുന്നവർക്ക് പരമാവധി കുറഞ്ഞനിരക്കിലോ സൗജന്യമായോ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിന് പൊതുവിതരണത്തെ

കാര്യക്ഷമമാക്കുന്നത് നല്ലതുതന്നെ. എന്നാൽ ഇത് വ്യാപകമാക്കുന്നതും സ്ഥിരംസംവിധാനമാക്കുന്നതും ഗുണത്തേക്കാളേറെ ദോഷം ചെയ്യും.

അദ്ധ്വാനിക്കാൻ ആരോഗ്യമുള്ള ഒരു വ്യക്തിക്ക് സൗജന്യമായി ഭക്ഷണം നൽകുന്നത് കുറ്റകരമാണെന്ന് ഗാന്ധിജി പറയാറുണ്ട്. അദ്ധ്വാനിച്ച് ഭക്ഷിക്കാനുള്ള അന്തരീക്ഷം നിലനില്ക്കണം. നിലനിർത്തണം. ഇക്കാര്യത്തിലേക്കാണ് ഭരണകൂടങ്ങൾ ശ്രദ്ധിക്കേണ്ടത്. സ്വതന്ത്രമായ കൈകളും സവിശേഷമായ ബുദ്ധിയും ഉപയോഗപ്പെടുത്തിക്കൊണ്ട് മണ്ണിൽ പണിയെടുക്കുമ്പോഴാണ് മനുഷ്യൻ സംസ്കാരസമ്പന്നനും സ്വതന്ത്രനുമാകുന്നത്.

അദ്ധ്വാനിക്കാതെ ഭക്ഷണം കഴിക്കുന്നത് സാംസ്കാരിക അധഃപതനം ഉണ്ടാക്കുന്നു. അദ്ധ്വാനശേഷിയുള്ളവർക്ക് സൗജന്യമായി ഭക്ഷണമോ ഭക്ഷ്യധാന്യങ്ങളോ നൽകുന്നത് വ്യക്തിയേയും രാജ്യത്തേയും തകർക്കും. ഇതുമൂലം ഉണ്ടാകുന്ന കടക്കെണി രാജ്യത്തെ സാമ്പത്തിക അസമത്വത്തിലേക്ക് നയിക്കും. കാർഷികമേഖലയേയും കർഷകനേയും ഇത് ദോഷകരമായി ബാധിക്കുന്നു. അദ്ധ്വാനത്തോടുള്ള വിമുഖത സൃഷ്ടിക്കുക വഴി നമ്മുടെ സംസ്കാരവും അന്യമാകും. മറ്റു രാജ്യങ്ങളോടുള്ള ആശ്രയത്വം (അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ) ക്രമേണ രാഷ്ട്രീയ അസമത്വത്തിലേക്ക് നയിക്കും. തനിക്ക് അധികാരമുണ്ടായിരുന്നെങ്കിൽ ആരോഗ്യമുള്ളവർക്ക് സൗജന്യമായിഭക്ഷണം നൽകുന്ന കേന്ദ്രങ്ങൾ അടച്ചുപൂട്ടിക്കുമെന്ന് ഗാന്ധിജി ഒരിക്കൽ പറയുകയുണ്ടായി.

ഭക്ഷ്യോത്പാദനത്തിലൂടെ സ്വാതന്ത്ര്യം നിലനിർത്തുക

സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷുകാർ ഇന്ത്യയെ വളരെയധികം ചൂഷണം ചെയ്തിരുന്നത് വസ്ത്രവിപണിയിലൂടെയാണ്. ഇവിടെ നിന്ന് കുറഞ്ഞ വിലയ്ക്ക് പരുത്തി വാങ്ങിക്കൊണ്ടുപോയി, ലങ്കാഷെയറിലും, മാഞ്ചസ്റ്ററിലും വൻഫാക്ടറികളിൽ വസ്ത്രങ്ങളാക്കി ഇന്ത്യയിൽ കൊണ്ടുവന്ന് വിറ്റ് ലാഭം കൊയ്യുകയായിരുന്നു അവർ. ഇത്തരം ചൂഷണത്തിനെതിരെ പോരാടുന്നതിനായാണ് ചർക്കയും ഖാദിയും സ്വദേശിയുമെല്ലാം പ്രചരിപ്പിച്ചത്.

അന്ന് വസ്ത്രമേഖലയിലുണ്ടായിരുന്ന ചൂഷണം ഇപ്പോൾ ഭക്ഷണമേഖലയിലേക്ക് വ്യാപിച്ചിരിക്കുന്നു. ഇന്ന് ബഹുരാഷ്ട്രകുത്തകകൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നത് കോർപ്പറേറ്റ് കൃഷിരീതിയിലും ഭക്ഷ്യോത്പന്നങ്ങളുടെ വിതരണത്തിലുമാണ്. മനുഷ്യന്റെ ഏറ്റവും പ്രാഥമികമായ ആവശ്യമെന്ന നിലയിൽ ഭക്ഷണകാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നത് സ്വാതന്ത്ര്യസംരക്ഷണ പരിപാടി കൂടിയാണ്.

ഭക്ഷണം കഴിക്കുന്ന ഓരോ വ്യക്തിയും തങ്ങൾക്ക് കഴിയാവുന്ന വിധം കൃഷി ചെയ്യാൻ തയ്യാറാകുക തന്നെ വേണം. ഫ്ളാറ്റുകളിലും മട്ടുപ്പാവുകളിലും ചട്ടികളിലും ഒരു സെന്റിലും രണ്ട് സെന്റിലുമെല്ലാം കൃഷി ചെയ്യാനാകുമെന്ന് നിരവധി മാതൃകകൾ നമുക്ക് മുമ്പിലുണ്ട്.

അദ്ധ്വാനിക്കുന്നത് അഭിമാനമായി കാണുന്ന ഒരു സംസ്കാരം വീണ്ടെടുക്കാൻ സാധിക്കണം. ഓരോ പുരയിടത്തിലും കൃഷി ചെയ്യുന്നതിനു പുറമെ സ്വയംസഹായസംഘങ്ങൾ, സന്നദ്ധപ്രസ്ഥാനങ്ങൾ എന്നിവയ്ക്ക് കൂടുതൽ വിശാലമായ സ്ഥലങ്ങളിൽ കൃഷിയിറക്കുന്നതിൽ ശ്രദ്ധിക്കാം. പ്രകൃതിക്ക് ഇണങ്ങുന്ന കൃഷിരീതികൾക്ക് മുൻഗണന നൽകണം.

എല്ലാവരും അദ്ധ്വാനിക്കണോ?

അദ്ധ്വാനത്തിന്റേയും കൃഷിയുടേയും മഹത്വത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഗാന്ധിജിയോട് ഒരാൾ ഒരു സംശയം ഉന്നയിച്ചു.

വിശ്വമഹാകവിയായ രവീന്ദ്രനാഥ ടാഗോറും അദ്ധ്വാനിക്കണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്.

ഗാന്ധിജിയുടെ മറുപടി ഇപ്രകാരമായിരുന്നു:

"ടാഗോർ അങ്ങനെ ചെയ്യുമ്പോൾ കൂടുതൽ ഉത്കൃഷ്ടമായ സാഹിത്യ - കലാസൃഷ്ടികൾ അദ്ദേഹത്തിൽ നിന്ന് ലഭ്യമാകും."

സാഹിത്യകാരനോ, അദ്ധ്യാപകനോ, സോഫ്ട് വെയർ എഞ്ചിനീയറോ ആരുതന്നെ ആയാലും പറ്റാവുന്ന സമയം പറ്റാവുന്ന കൃഷികാര്യങ്ങളിൽ ശ്രദ്ധിക്കണം.

ഭക്ഷിക്കാതെ നമുക്ക് ജീവിക്കാൻ സധിക്കില്ല. അതുപോലെ, കൃഷി ചെയ്യാതെയും നമുക്ക് ജീവിക്കാൻ സാധിക്കില്ല എന്ന മനോഭാവം വളരണം. നമുക്കാവശ്യമായ പരമാവധി ഭക്ഷ്യപദാർത്ഥങ്ങൾ നമ്മുടെ ചുറ്റുപാടിൽ ഉത്പാദിപ്പിക്കുന്ന ഒരു അന്തരീക്ഷം ഉണ്ടാകണം. ഇതാണ് ഭക്ഷ്യസ്വരാജ്.

ഭക്ഷ്യസ്വരാജിനു വേണ്ടി യുവാക്കളും, കർഷകരും, വിദ്യാർത്ഥികളും, മറ്റു മേഖലയിൽ ജോലി ചെയ്യുന്നവരുമെല്ലാം ആത്മാർത്ഥമായി പരിശ്രമിക്കുന്ന - അത് ഒരു സംസ്കാരമായി തീരുന്ന ഒരു നവോത്ഥാന പരിസരം നമ്മുടെ സംസ്ഥാനത്തുണ്ടാകണം.

വാങ്ങി ഭക്ഷിക്കുന്ന ശീലം, ഫാസ്റ്റ് ഫുഡ് ശീലം ഒഴിവാക്കുക തന്നെ വേണം. കൃത്രിമത്വങ്ങളില്ലാത്ത നാട്ടുഭക്ഷണത്തിലേക്കും നാട്ടുരുചിയിലേക്കും നമുക്ക് മടങ്ങാനാകണം.

മടിയും കുടിയും ഉപേക്ഷിച്ച് ചെടിയും തൊടിയും സംരക്ഷിക്കുന്ന സാഹചര്യം ഉണ്ടാകണം. സമ്പൂർണ സാക്ഷരതപോലെ ഭക്ഷ്യസ്വരാജിന്റെ കാര്യത്തിലും ഇന്ത്യക്കും ലോകത്തിനും മാതൃകയാകാൻ കേരളത്തിന് സാധിക്കണം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ നവോത്ഥാന പ്രസ്ഥാനമായിരിക്കും ഭക്ഷ്യസ്വരാജ് പ്രസ്ഥാനം.

★

14

സർവ്വോദയസമൂഹം - മാർഗരേഖ

സമസ്തമേഖലകളിലും ദേശീയ ബഹുരാഷ്ട്ര കുത്തകകൾ കടന്നുകയറ്റം നടത്തിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പ്രതിരോധം സൃഷ്ടിക്കാനും യഥാർത്ഥ സ്വരാജ് സംപ്രാപ്തമാക്കാനും ഗാന്ധിയൻ സർവ്വോദയദർശനത്തിൽ ഊന്നിയ പ്രായോഗിക പ്രവർത്തനങ്ങൾ ഉണ്ടാകണം. ഉത്പാദനസേവന മേഖലകളിൽ

- കൂടുതൽ ആളുകൾക്ക് പങ്കാളിത്തമുണ്ടാകുന്ന പ്രവർത്തനങ്ങൾ
- പണമൂലധനത്തോടൊപ്പം തന്നെ അദ്ധ്വാന (കായികവും മാനസികവും) മൂലധനത്തിനും തുല്യപരിഗണനയും അർഹതയും ലഭിക്കുന്ന സാഹചര്യമുണ്ടാകണം.
- അയൽസഭകൾ സജീവമാക്കണം
- നിഷ്പക്ഷമായ സഹകരണസംഘങ്ങൾ രൂപം കൊള്ളണം
- ഗാന്ധിജി നിർദ്ദേശിച്ച ട്രസ്റ്റിഷിപ്പ് മനോഭാവത്തോടെ സാമൂഹ്യനന്മ ലക്ഷ്യം വച്ചുകൊണ്ട് പണം, അദ്ധ്വാനം എന്നീ മൂലധനങ്ങളെ വിനിയോഗിക്കാനുള്ള അവസരം സൃഷ്ടിക്കണം.
- ചൂഷണത്തിലൂടെ പരമാവധി ലാഭം എന്ന കുത്തകകളുടെ സമീപനത്തിന് പകരം സഹകരണാത്മക സമീപനത്തിലൂടെ പരമാവധി സാമൂഹിക നന്മ എന്ന വീക്ഷണം വളർന്നുവരണം.
- സാധനങ്ങളുടേയും സേവനങ്ങളുടേയും ഉത്പാദനത്തിൽ പരമാവധി വികേന്ദ്രീകരണം സാധ്യമാകണം.

പ്രകൃതിവിഭവങ്ങൾ

- പ്രകൃതി വിഭവങ്ങളുടെ പൊതു ഉടമസ്ഥതയും പ്രാദേശിക-ജനകീയ സമിതികൾക്ക് കൈകാര്യ-നിയന്ത്രണ സംവിധാനവും സാധ്യമാകാനുള്ള നിയമ നിർമ്മാണം ഉണ്ടാകണം

- കമ്പനികളുടേയും ബിനാമികളുടേയും കൈവശമിരിക്കുന്ന തോട്ടങ്ങൾ, അധികഭൂമി, മറ്റ് വിഭവങ്ങൾ എന്നിവയെ പൊതു ഉടമയിലാക്കണം.
- അദ്ധ്വാനിക്കാൻ തയ്യാറുള്ള സ്വയം സഹായസംഘങ്ങൾക്കും സഹകരണസംഘങ്ങൾക്കും താത്കാലിക കരാർ അടിസ്ഥാനത്തിൽ ഹ്രസ്വകാലത്തേക്ക് ഭൂമിയും പ്രകൃതിവിഭവങ്ങളും വിനിയോഗിക്കാൻ നൽകാവുന്നതാണ്. വനം, വെള്ളം, വായു, പാറകൾ, ശിലകൾ എന്നിവ പൊതു ഉടമസ്ഥതയിലാക്കാനുള്ള നിയമനിർമ്മാണം ഉണ്ടാകണം.
- പ്രകൃതിവിഭവങ്ങളെ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും ജനകീയ ദൗത്യ സമിതികൾ ഉണ്ടാകണം.

കൃഷി-മൃഗസംരക്ഷണം

- കാർഷിക മേഖലയിലെ കുത്തകവത്കരണത്തെ ചെറുക്കാൻ ബോധവത്കരണം വേണം, നിയമനിർമ്മാണവും ജനകീയപ്രതിരോധവും വേണം.
- വ്യക്തികൾ, കുടുംബങ്ങൾ, അയൽസഭകൾ, സ്വയം സഹായസംഘങ്ങൾ എന്നിവയെല്ലാം കാർഷികരംഗത്ത് സജീവമാക്കണം.
- ആഹാരം, വസ്ത്രം, പാർപ്പിടം, ഔഷധം എന്നിവയ്ക്കായുള്ള കാർഷിക വിളകൾക്ക് പ്രാധാന്യം നൽകണം.
- പ്രാദേശിക ഭരണസമിതികൾ, ഗ്രാമസഭകൾ, അയൽസഭകൾ എന്നിവയെല്ലാം കാർഷിക പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള ജലസേചനം, കൃഷിയിറക്കൽ, വിളവെടുപ്പ്, അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ എന്നീ കാര്യങ്ങളിൽ ജാഗ്രതയോടെ നിലകൊള്ളണം.
- കാർഷിക വിഭവങ്ങളുടെ അയൽപക്ക കൈമാറ്റം (അയൽവീടുകളിലേക്ക് നൽകൽ) തിരിച്ചുകൊണ്ടുവരണം; ശക്തിപ്പെടുത്തണം.
- ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥലത്ത് ഗ്രാമീണ ചന്തകൾ ഉണ്ടാകണം. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ നേരിട്ട് ആവശ്യക്കാർക്ക് കൊടുക്കാനുള്ള സൗകര്യം ഇത്തരം ചന്തകളിൽ ഉണ്ടാകണം. ആഴ്ചയിൽ മൂന്ന് ദിവസം ഒരു നിശ്ചിത സമയം ഇതിനായി വയ്ക്കുക. രണ്ട് ചന്തകൾ ഉണ്ടെങ്കിൽ ദിവസങ്ങൾ ഇടവിട്ട ദിവസങ്ങളാക്കാൻ ശ്രദ്ധിക്കുക. ആവശ്യക്കാർക്ക് എല്ലാ ദിവസവും വിഭവങ്ങൾ ലഭിക്കണം. ചന്തയുടെ സമയം ക്ലിപ്തപ്പെടുത്തുക വഴി കർഷകർക്ക് സമയനഷ്ടം കുറയ്ക്കുന്നതിന് സാധിക്കും.
- ധാന്യങ്ങളും പയർവർഗങ്ങളും തത്കാലത്തേക്ക് സംഭരിച്ച് വയ്ക്കാനുള്ള ഇടങ്ങളും ഉണ്ടാകണം.

- രാസവളങ്ങളും, കീടനാശിനികളും പരമാവധി കുറച്ച് നാടൻ അറിവുകളിൽ അധിഷ്ഠിതമായ കൃഷി രീതികളും ജൈവ കൃഷിയും പ്രോത്സാഹിപ്പിക്കപ്പെടണം.
- നിലവിലുള്ള വയലുകളിലെല്ലാം നെൽകൃഷി നടത്തും എന്ന് ഉറപ്പു വരുത്തണം.
- കരനെൽകൃഷിയേയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- വനിതാ സംഘങ്ങളും, പുരുഷ സംഘങ്ങളും അയൽ സഭകളും കൃഷിയിൽ സജീവമാകുന്ന അന്തരീക്ഷം ഒരുക്കണം.
- കൃഷി എല്ലാവരുടേയും ഉത്തരവാദിത്തമാണ് എന്ന പൊതുവിശ്വാസം ഉണ്ടാകണം.
- കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ഇത്തരം സംഘങ്ങൾക്ക് പ്രോത്സാഹനം ഉണ്ടാകണം.
- പശു, ആട്, മറ്റ് വളർത്തുമൃഗങ്ങൾ എന്നിവ വ്യക്തികൾ അവരുടെ കുടുംബത്തിൽ വളർത്തുന്നതോടൊപ്പം തന്നെ ഏതാനും കുടുംബക്കാർ ഒരുമിച്ചും ഇത്തരം സംരംഭങ്ങൾ ഉണ്ടാകുന്നത് നല്ലത്.
- പരിസ്ഥിതിയെ മലിനപ്പെടുത്തുന്നവിധമുള്ള വൻകിട മൃഗപരിപാലന കേന്ദ്രങ്ങൾക്ക് പകരം ചെറുകിട പരിപാലന കേന്ദ്രങ്ങളേയും മൂല്യ വർദ്ധിത ഉത്പാദന കേന്ദ്രങ്ങളെയും പ്രോത്സാഹിപ്പിക്കപ്പെടണം.
- മത്സ്യകൃഷിയുടേയും മറ്റും പേരിൽ തന്നെ വയലുകൾ ഘടനാമാറ്റം ഉണ്ടാകുന്നത് ഒഴിവാക്കണം.
- കനാലുകളും, തോടുകളും, ചിറകളും സംരക്ഷിക്കാനുള്ള കൂട്ടായ ശ്രമങ്ങൾ ഉണ്ടാകണം.

വ്യവസായം-കച്ചവടം

- അനിവാര്യ മേഖലയിൽ മാത്രമേ വൻകിട വ്യവസായങ്ങൾ ഉണ്ടാകേണ്ടതുള്ളൂ.
- ഏത് വിധത്തിലുള്ള വ്യവസായമായാലും പണത്തിനും അദ്ധ്വാനത്തിനും തുല്യപരിഗണന നൽകുന്ന (പണത്തേയും അദ്ധ്വാനത്തേയും മൂലധനമായി പരിഗണിക്കണം) സാമൂഹ്യാന്തരീക്ഷം രൂപപ്പെടണം.
- മനുഷ്യാദ്ധ്വാനത്തെ പരമാവധി വിനിയോഗിക്കുന്നവിധത്തിലുള്ള ചെറുകിട, ഗ്രാമവ്യവസായങ്ങൾക്ക് പ്രാധാന്യം നൽകണം.
- ഇത്തരം ഗ്രാമീണ ഉത്പന്നങ്ങളുടെ വിപണനത്തിനായി പൊതു ഇടങ്ങൾ ഉണ്ടാകണം.
- ദല്ലാളുമാരെ ഒഴിവാക്കിക്കൊണ്ട് ഉത്പാദകന് പരമാവധി വിലകിട്ടുന്ന അന്തരീക്ഷം ഉണ്ടാകണം.

- ഗ്രാമീണ കുടിൽ സംരംഭങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങളെ വാങ്ങാനും ഉപയോഗിക്കാനും താത്പര്യപൂർവം ജനങ്ങൾ മുന്നോട്ട് വരുന്ന പൊതുപരിസരം രൂപപ്പെടാൻ ശ്രമിക്കണം.
- സ്വയം സഹായ സംഘങ്ങളും പണമൂലധനവും അംഗങ്ങളുടെ അദ്ധ്വാനമൂലധനവും വ്യവസായ സംരംഭങ്ങൾക്കായി ഉപയോഗപ്പെടുത്താം.
- അളവ്, തൂക്കം, ഗുണനിലവാരം എന്നിവയിൽ കളവ് ഇല്ലാത്ത ഇടങ്ങളാണ് ഗ്രാമങ്ങളിലുള്ളത് എന്ന് ഉറപ്പുവരുത്താൻ കച്ചവടക്കാർ പ്രത്യേകം ശ്രദ്ധിക്കണം.
- വൻകിട കുത്തക കമ്പനികൾ സ്ഥാപിച്ചിട്ടുള്ള വലിയ കച്ചവട മാളുകളിൽ നിന്ന് വാങ്ങുതിന് പകരം സാധാരണ ഗ്രാമീണ കടകളിൽ നിന്നും ഉത്പാദക യൂണിറ്റുകളിൽ നിന്നും തങ്ങൾക്ക് ആവശ്യമായത് വാങ്ങുന്നതാണ് മനുഷ്യത്വപരം, അഭിമാനകരം എന്ന പൊതുബോധം ശക്തമാകണം.
- സർക്കാർ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഗ്രാമീണ വ്യവസായങ്ങൾക്കും കച്ചവടസ്ഥാപനങ്ങൾക്കും അനുകൂലമായ നടപടികൾ എടുക്കണം.
- നിത്യ ജീവിതത്തിന് അത്യാവശ്യമുള്ള എല്ലാ വസ്തുക്കളും പ്രാദേശികമായി ഉത്പാദിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തണം.
- ഒന്നോ രണ്ടോ രൂപ കൂടിയാലും പ്രാദേശികമായി ഉത്പാദിപ്പിച്ച വസ്തുക്കൾക്ക് മുൻഗണന നൽകാനുള്ള പൊതുബോധം രൂപപ്പെടണം.
- പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾക്കും പലതവണ ഉപയോഗിക്കാവുന്ന ഉത്പന്നങ്ങൾക്കും മുൻഗണന നൽകണം.
- ഗൃഹോപകരണങ്ങളുടെ അറ്റകുറ്റ പണികൾക്ക് പ്രാപ്തരാക്കാൻ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പരിശീലനം നൽകണം.

വിദ്യാഭ്യാസം

- ബഹുരാഷ്ട്ര കുത്തക കമ്പനികളും മറ്റ് വിഭാഗക്കാരും ഏറ്റവും കൂടുതൽ കച്ചവടവത്കരണം നടത്തുന്ന മേഖലയാണ് വിദ്യാഭ്യാസം.
- വൻതോതിൽ ഫീസും തലവരി പണവും ഇത്തരക്കാർ ഈടാക്കുന്നു. ലക്ഷക്കണക്കിന് രൂപ കടഭാരവുമായാണ് വിദ്യാർത്ഥികൾ പുറത്തുവരുന്നത്. പേര് സ്വാശ്രയ വിദ്യാഭ്യാസം എന്ന്. ഒരു ആശ്രയവുമില്ലാത്തവരായി ചെറുപ്പക്കാരേയും അവരുടെ കുടുംബത്തേയും മാറ്റുന്നു.

- ഐ.ടി.സ്ഥാപനങ്ങളിലും മണ്ണിൽ അദ്ധ്വാനിക്കുന്നത് ഒഴികെയുള്ള കായികാദ്ധ്വാനം കുറവുള്ള എല്ലാ ജോലികളിലും ഏറ്റവും കുറഞ്ഞ ശമ്പളത്തിന് താത്കാലിക ജീവനക്കാരായി യാതൊരുവിധ ആനുകൂല്യങ്ങളുമില്ലാത്ത മേൽപറഞ്ഞ നിരാശ്രയരായ ചെറുപ്പക്കാരെ നിയമിക്കുന്നു. കമ്പനികൾ വൻ ലാഭമുണ്ടാക്കുന്നു.
- സമൂഹത്തിന് ഗുണംചെയ്യുന്ന ഏതൊരു തൊഴിലും അഭിമാനകരമാണെന്ന് ചിന്തിക്കുന്ന യുവാക്കളെ സൃഷ്ടിക്കുന്നതാവണം വിദ്യാഭ്യാസം.
- ഏതെങ്കിലും ഒരു തൊഴിലിലൂടെയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥിയിൽ അഭിമാനബോധം ഉണ്ടാക്കാനും ആത്മവിശ്വാസമുണ്ടാക്കാനും സാധിക്കുന്നു.
- സെക്കന്ററി തലം മുതൽ ഉന്നത വിദ്യാഭ്യാസക്കാലം മുഴുവൻ ഏതെങ്കിലും ഒരു ഉത്പാദനത്തിലൂടെയോ സേവനം നൽകുന്നതിലൂടെയോ വരുമാനം ഉണ്ടാക്കാൻ സാധിക്കണം.
- സെക്കന്ററിതലം തൊട്ട് തനിക്ക് താത്പര്യമുള്ള തൊഴിൽ മേഖല തിരഞ്ഞെടുത്ത് ഉപജീവനവുമായി മുന്നോട്ട് പോകാൻ സാധിക്കണം.
- അദ്ധ്വാനിച്ചുണ്ടാക്കുന്ന പണംകൊണ്ട് ഉപരിപഠനം സാധ്യമാകണം.
- പരീക്ഷാസമ്പ്രദായങ്ങളിലും മാറ്റം വരണം
- വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ, മാനേജ്മെന്റ്, പ്രാദേശിക ഗവൺമെന്റ് എന്നിവർ ഉൾപ്പെട്ട ഒരു ട്രസ്റ്റായിരിക്കണം സ്വാശ്രയവിദ്യാഭ്യാസസ്ഥാപനത്തിന്റെ നടത്തിപ്പ് ചുമതല.
- സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള അത്യാവശ്യ പണം മാത്രം ലക്ഷ്യമാക്കണം. അമിതലാഭം സ്വരൂപിക്കരുത്.
- വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകളെ ആവിഷ്കരിക്കാനുള്ള അവസരവും വിദ്യാഭ്യാസകാലത്ത് ഉണ്ടാകണം.

റോഡ് ഗതാഗതം

- വൻകിട കമ്പനികൾ സർക്കാരിൽ നിന്ന് പണം വാങ്ങി റോഡ് പണിത് ജനങ്ങളിൽ നിന്ന് ടോൾ പിരിച്ച് വൻലാഭമുണ്ടാക്കുന്ന രീതി തുടരാൻ പാടില്ല.
- ത്രിതല പഞ്ചായത്തുകൾ, സർക്കാരുകൾ, റോഡ് നിർമ്മാണത്തിനായുള്ള പ്രാദേശിക സഹകരണസംഘങ്ങൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ പ്രദേശത്തെ ജനങ്ങളുടെ കായികാദ്ധ്വാനത്തേയും സാങ്കേതിക മികവുകളേയും പ്രയോജനപ്പെടുത്തിക്കൊണ്ട് റോഡുകളും പാലങ്ങളും മറ്റ് പൊതുമരാമത്ത് പണികളും നടക്കണം.
- പ്രാദേശികമായി തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തണം.

- നിർമ്മാണം സംബന്ധിച്ച് എല്ലാ വിവരങ്ങളും ബന്ധപ്പെട്ട ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലും ഗ്രാമസഭകളിലും ലഭ്യമാകുന്ന സംവിധാനം ഉണ്ടാകണം.
- ദേശീയ-സംസ്ഥാന പാതകൾ കടന്നുപോകുന്ന പ്രദേശങ്ങളിൽ തദ്ദേശീയരുടെ ഗതാഗതത്തിനും ജീവിതസൗകര്യങ്ങൾക്കും തടസ്സമുണ്ടാക്കാത്തവിധം സമാന്തര പാതകളും അനുബന്ധപാതകളും നിർമ്മിക്കുന്നതിനും അറ്റകുറ്റപണികൾക്കും പ്രത്യേകം ശ്രദ്ധ നൽകണം.
- പ്രദേശത്തെ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ ഹനിക്കുന്ന തരത്തിലുള്ള കരാറുകളും സ്വാഗതം ചെയ്യേണ്ടതില്ല.

പത്രങ്ങളും മറ്റു മാധ്യമങ്ങളും

പത്രങ്ങളുടേയും മറ്റു മാധ്യമങ്ങളുടേയും ഉടമസ്ഥത ഏറ്റെടുക്കുക വഴിയും വൻ തോതിൽ പരസ്യങ്ങൾ നൽകിക്കൊണ്ടും മാധ്യമങ്ങളെ തങ്ങളുടെ വരുതിക്ക് നിർത്തുന്ന കാലഘട്ടമാണിത്. ഈ രണ്ടു പ്രവർത്തനങ്ങളും സമൂഹത്തിന് ഗുണം ചെയ്യില്ല.

- ജനങ്ങൾക്ക് സത്യം അറിയാനുള്ള സാഹചര്യം നിലനിർത്താൻ നിരന്തര ജാഗ്രത വേണം.
- നിഷ്പക്ഷമായ ജനകീയ വാർത്താമാധ്യമങ്ങൾ രൂപീകരിച്ച് മുന്നോട്ട് കൊണ്ടുപോകാനുള്ള ഒത്തൊരുമിച്ച ശ്രമങ്ങൾ വേണം.

ആരോഗ്യം

കുത്തക കമ്പനികൾ പണം കൊയ്യുന്ന മേഖലയായി ആരോഗ്യ ചികിത്സാ രംഗം മാറുന്നു. ഇത് മറികടക്കാൻ

- ലളിതവും മിതവുമായ ജീവിതശൈലി രൂപപ്പെടണം
- മാനസീകവും കായികവും സാമൂഹികവുമായ സുസ്ഥിതി നില നിർത്താനുള്ള വ്യക്തി-കുടുംബ-സമൂഹപ്രവർത്തനങ്ങൾ ഉണ്ടാകണം.
- രോഗം വരാതിരിക്കാനുള്ള ആരോഗ്യകരമായ ജീവിതശൈലി നിലനിർത്തണം.
- നാട്ടറിവുകളേയും പാർശ്വഫലങ്ങളില്ലാത്ത ചികിത്സകളേയും പ്രോത്സാഹിപ്പിക്കണം.
- അനാവശ്യ ടെസ്റ്റുകളും ഫീസുകളും ഈടാക്കുന്നത് തുറന്ന് കാണിക്കാൻ സാധിക്കണം
- സാമൂഹ്യപ്രതിബദ്ധതയുള്ള ഡോക്ടർമാർ ആരോഗ്യപ്രവർത്തകർ എന്നിവരെ പ്രോത്സാഹിപ്പിക്കണം.
- ജനകീയ ആരോഗ്യ പ്രസ്ഥാനം ശക്തമാക്കണം.

★

15

ദേശീയ വിദ്യാഭ്യാസനയം

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഭാരതത്തിൽ നടന്ന സ്വാതന്ത്ര്യസമരത്തിന് സമഗ്രമായൊരു പരിപ്രേക്ഷ്യം ഉണ്ടായിരുന്നു. കേവലം ഒരു രാഷ്ട്രീയ പ്രശ്നമായല്ല ഗാന്ധിജി ഇതിനെ കണ്ടത്. രാജ്യത്തിന്റെ രാഷ്ട്രീയ അധികാരം ബ്രിട്ടീഷുകാർ കൈയാളുമ്പോൾ തന്നെ, പ്രസ്തുത ആധിപത്യത്തെ ഇവിടെ നിലനിർത്താൻ നമ്മുടെ സാമ്പത്തിക രംഗത്തും, സാമൂഹിക സാന്മാർഗിക രംഗത്തും, ആത്മീയ മേഖലയിലും വ്യതിചലനങ്ങൾ വരുത്താൻ ബ്രിട്ടീഷുകാർ, പരോക്ഷമായി, ബോധപൂർവം ശ്രമിച്ചിരുന്നു. വൈദേശികരെ അധികാരത്തിൽ നിന്ന് മാറ്റുമ്പോൾ നമുക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിക്കും, പക്ഷേ, പതിറ്റാണ്ടുകളായി മറ്റു മൂന്ന് മേഖലകളിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ദൗർബല്യത്തെ അകറ്റി സ്വന്തം കാലിൽ നിൽക്കാനാകുമ്പോൾ മാത്രമേ ആ മേഖലകളിലും നാം സ്വതന്ത്രമാകുകയുള്ളൂ.

ഇപ്രകാരം രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക-ആത്മീയ മേഖലകളിൽ സ്വാതന്ത്ര്യം വീണ്ടെടുത്ത് സമഗ്രസ്വാതന്ത്ര്യം അഥവാ സ്വരാജ് സംപ്രാപ്തമാക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യസമരത്തിന്റെ അടിസ്ഥാന ലക്ഷ്യം.

സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ സത്യാഗ്രഹ സമരപരിപാടികൾക്കൊപ്പം തന്നെ ഖാദി, ഗ്രാമവ്യവസായം, കൃഷി, സമുദായ മൈത്രി, അയിത്തോച്ചാടനം, പ്രാദേശിക ഭാഷ, രാഷ്ട്ര ഭാഷ, ശുചിത്വം, അടിസ്ഥാനവിദ്യാഭ്യാസം എന്നിങ്ങനെ 18 തരം സൃഷ്ട്യുന്മുഖ പരിപാടികൾ വളരെ പ്രാധാന്യത്തോടുകൂടിത്തന്നെ ദേശവ്യാപകമായി നടപ്പാക്കിയത് സ്വരാജ് കൈവരിക്കുന്നതിന് വേണ്ടിയാണ്.

ഭാരതത്തെ സ്വാശ്രിതവും സ്വയംപര്യാപ്തവുമാക്കുന്നതിന് വ്യക്തമായൊരു വിദ്യാഭ്യാസ ദർശനവും നയവും പ്രവർത്തന പരിപാടികളും ഉണ്ടാ

കണമെന്ന അനിവാര്യതയുടെ അടിസ്ഥാനത്തിലാണ് അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി രൂപം കൊണ്ടത്. 1937 ഒക്ടോബറിൽ വാർദ്ധയിൽ ചേർന്ന യോഗത്തിൽ വച്ചാണ് ഇതിന് ഔപചാരികമായ രൂപരേഖ തയ്യാറാക്കിയത്. വാർദ്ധാവിദ്യാഭ്യാസ പദ്ധതി, നയിതാലിം എന്നീ പേരുകളിലും ഇത് അറിയപ്പെട്ടു.

മനുഷ്യരിലെ ഉത്തമഗുണങ്ങളെ വെളിപ്പെടുത്തുന്നതും, സേവന മനോഭാവവും അദ്ധ്വാന സംസ്കാരവും വളർത്തുന്നതും, സ്വഭാവശുദ്ധിക്ക് പ്രാധാന്യം നൽകുന്നതുമായ വിദ്യാഭ്യാസം. അതായത് ശരീരത്തിനും മനസ്സിനും ആത്മാവിനും വികാസം ഉണ്ടാകുന്ന പദ്ധതിയാണ് അടിസ്ഥാന വിദ്യാഭ്യാസം. ഒരു കുട്ടി ഗർഭസ്ഥനാകുന്നതു മുതൽ മരണം വരെ അടിസ്ഥാന വിദ്യാഭ്യാസം നീണ്ടുനിൽക്കുന്നു എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം.

അക്കാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപപ്പെട്ടിരുന്ന വിദ്യാഭ്യാസ ദർശനങ്ങളേയും പദ്ധതികളേയും വിലയിരുത്തിക്കൊണ്ടും ഇന്ത്യയുടെ തനത് സാധ്യതകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടും നേരത്തെ സൂചിപ്പിച്ച സമഗ്രസ്വാതന്ത്ര്യം അഥവാ സ്വരാജ് പരിപ്രേക്ഷ്യത്തെ ആധാരമാക്കിക്കൊണ്ടുമാണ് അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി രൂപംകൊണ്ടത്.

ഇതിനനുസരിച്ച് രാജ്യത്തിന്റെ എല്ലാ ഭാഗത്തും അടിസ്ഥാന വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നത് ഒരു ദേശീയ ദൗത്യമായി എല്ലാ രാജ്യസ്നേഹികളും ഏറ്റെടുത്തു.

ശിശുവായിരിക്കുമ്പോൾ തന്നെ ഗൃഹാന്തരീക്ഷത്തിൽ അനൗപചാരികമായി വിദ്യാഭ്യാസം ആരംഭിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസഘട്ടത്തിൽ മാതൃഭാഷയിലൂടെ പ്രവർത്തനാധിഷ്ഠിതമായി കാര്യങ്ങൾ മനസ്സിലാക്കൽ, അടുത്ത ഘട്ടത്തിൽ അഭിരുചിക്കനുസരിച്ച് വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം, ഏതെങ്കിലും ഒരു കൈത്തൊഴിൽ മാധ്യമമായി സ്വീകരിച്ചുകൊണ്ട് തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി സ്വാഭാവികമായ രീതിയിൽ മറ്റുവിഷയങ്ങളും പഠിക്കൽ, 14 വയസ്സുവരെ സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം, ബിരുദ വിദ്യാഭ്യാസത്തിന്റെ ഏതൊരു ഘട്ടത്തിലും ആർജിച്ച നൈപുണികളുടെ അടിസ്ഥാനത്തിൽ തൊഴിലിൽ പ്രവേശിക്കാനുള്ള സാധ്യത, കലാലയങ്ങളും സർവകലാശാലകളും സമൂഹത്തിന്റെ പിൻതുണയോടെ സ്വയംഭരണ സ്ഥാപനങ്ങളാകൽ, സംസ്ഥാനങ്ങൾക്കും പ്രദേശങ്ങൾക്കും സ്വതന്ത്രമായ പ്രവർത്തന സാഹചര്യം, ദേശീയ തലത്തിലും സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും മാർഗദർശനത്തിനായുള്ള സംവിധാനങ്ങൾ എന്നിവയെല്ലാം ഗാന്ധിയൻ വിദ്യാഭ്യാസത്തിന്റെ സവിശേഷതകളാണ്. ബിരുദസർട്ടിഫിക്കറ്റ് ഒരു വ്യക്തിക്ക് തൊഴിൽ ലഭിക്കാനുള്ള അവകാശപത്രിക അല്ലെന്നും വ്യക്തിയുടെ നൈപുണിയും കാര്യക്ഷമതയും തിരഞ്ഞെടുക്കപ്പെടുന്നതിന് മുൻഗണനാ ഘടകങ്ങളാകണമെന്നും ഗാന്ധിജി പറയുന്നു.

ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ദേശീയ വിദ്യാഭ്യാസനയം 2020 അതിന്റെ ദർശനത്തിലും ഘടനയിലും പരിപാടികളിലും ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയുമായി സാമ്യതകൾ ഉള്ളതായി കാണാം. അറിവിനോടൊപ്പം വിവേകവും സ്വഭാവരൂപീകരണവും നൈപുണി വികസനവും സാധ്യമാകുന്ന സമഗ്രവിദ്യാഭ്യാസമാണ് ദേശീയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത്. മൂന്ന് വയസ്സുമുതൽ പതിനെട്ട് വയസ്സുവരെ സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുമ്പോൾ സാമൂഹിക-സാമ്പത്തിക കാരണങ്ങളാൽ പാർശ്വവത്കരിക്കപ്പെട്ടുപോകുന്നവരെകൂടി മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നു.

അഞ്ചാം ക്ലാസ്സ് വരെ ബോധനമാധ്യമം മാതൃഭാഷയോ പ്രാദേശിക ഭാഷയോ ആയിരിക്കണമെന്നതും ഗാന്ധിയൻ വിദ്യാഭ്യാസത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്നതാണ്. ആറാം ക്ലാസ്സ് മുതൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കും, നിരീക്ഷണങ്ങൾക്കും, രൂപകൽപ്പനയ്ക്കുമെല്ലാം പ്രാധാന്യം നൽകുന്നതും ഒരു സാമ്യതയാണ്.

മധ്യഘട്ടത്തിലും സെക്കന്ററി തലത്തിലും തൊഴിൽ പഠനം എന്നതാണ് ദേശീയ വിദ്യാഭ്യാസ നയം 2020ന്റെ പ്രധാന നിർദ്ദേശം. തൊഴിലിലൂടെ മറ്റു വിഷയങ്ങളും സ്വാഭാവികമായി പഠിക്കാൻ സാധിക്കുന്ന വിധമുള്ള ഘടനാമാറ്റം ഉണ്ടായാൽ കുറേക്കൂടി ഗുണം ചെയ്യും. അഭിരുചിക്കനുസൃതമായ തൊഴിൽ പരിശീലനത്തിലൂടെ ആവശ്യമായ മറ്റുവിഷയങ്ങളും പഠിക്കുക എന്നതാണ് അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിയുടെ സമീപനം.

ഓർമ്മശക്തിയെ മാത്രം മാനദണ്ഡമാക്കുന്ന മൂല്യനിർണയത്തിനു പകരം പ്രയോഗത്തിനും അവതരണത്തിനും പങ്കാളിത്തത്തിനുമെല്ലാം പ്രാധാന്യം നൽകിക്കൊണ്ടുള്ള തുടർ മൂല്യനിർണയ സമ്പ്രദായം ആവിഷ്കരിക്കുന്നതും അടിസ്ഥാനവിദ്യാഭ്യാസപരിപാടികളുമായി ഒത്തുപോകുന്നതാണ്. കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ കൊണ്ടുവന്ന് അവർക്ക് പഠനം തുടരാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതും ഇതിനാവശ്യമായ പ്രത്യേക സംവിധാനമൊരുക്കുന്നതും ശ്രദ്ധേയമായ സർവോദയ സമീപനമാണ്.

വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് ശാസ്ത്രം, കല, സാഹിത്യം, മാനവിക വിഷയങ്ങൾ എന്നിവ സമ്മിശ്രമായി തിരഞ്ഞെടുത്ത് പഠിക്കാനുള്ള അവസരം ഉണ്ടാകുമ്പോൾ ഉത്തമ ഗുണങ്ങളുടെ പ്രകാശനവും സമഗ്രവ്യക്തിത്വവികസനവും സാധ്യമാകുന്നു.

ബിരുദ പഠനത്തിന്റെ ഓരോ ഘട്ടത്തിലും വിട്ടുപോയി ജോലിയിൽ പ്രവേശിക്കാനും തിരിച്ചുവന്ന് പഠനം തുടരാനുമുള്ള സാധ്യതകളും ഓരോ തലത്തിലേയും മികവുകളെ വിലയിരുത്തി സാക്ഷ്യപത്രം നൽകലും അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിക്കനുയോജ്യമാണ്.

വിവിധ തരത്തിലുള്ള സർവകലാശാലകളും ഓട്ടോണമസ് സ്ഥാപനങ്ങളും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ അനിവാര്യമായ ഘടനാമാറ്റങ്ങളാണ്. ശ്രദ്ധയും, സൂക്ഷ്മതയും, കാര്യശേഷിയും മെച്ചപ്പെടുത്താൻ ഇത് സഹായകരമാകും.

അതേസമയം ഓട്ടോണമസ് സ്ഥാപനങ്ങളെ സംബന്ധിച്ച് നിലവിലുള്ള കാഴ്ചപ്പാട് മാറണം. ഒരു വ്യക്തിയോ സംഘടനയോ കോടിക്കണക്കിന് രൂപ മുടക്കി കോളേജ് സ്ഥാപിക്കുന്നു. പ്രവേശനത്തിനും പ്രതിമാസ പഠനത്തിനും വൻതുക നൽകിക്കൊണ്ട് വിദ്യാർത്ഥികൾ അവിടെ പഠിക്കേണ്ടിവരുന്നു. വീടും പറമ്പും പണയം വച്ചും ബാങ്ക് വായ്പകൾ വാങ്ങിയും ലക്ഷക്കണക്കിന് രൂപയുടെ കടക്കാരായാണ് വിദ്യാർത്ഥികൾ ബിരുദ സർട്ടിഫിക്കറ്റുമായി പുറത്തിറങ്ങുത്.

സേവന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി താത്പര്യമുള്ളവരോ സംഘടനകളോ സഹകരണസംഘങ്ങളോ പൊതുനന്മയ്ക്ക് വേണ്ടി പണം മുടക്കുന്നു എന്ന ഉത്തമബോധ്യത്തോടെ മഹാത്മജി നിർദ്ദേശിച്ച ട്രസ്റ്റിഷിപ്പ് മനോഭാവത്തോടെ വേണം ഓട്ടോണമസ് സ്ഥാപനം ആരംഭിക്കാൻ. പഠനത്തിന്റെ ഭാഗമായി വിദ്യാർത്ഥി തിരഞ്ഞെടുക്കുന്ന തൊഴിലിന്റെ പ്രതിഫലമായി വിദ്യാർത്ഥിക്ക് ലഭിക്കുന്ന പണം വിദ്യാർത്ഥിയുടെ വിഹിതമായി കാണണം. വിദ്യാർത്ഥിയുടെ അദ്ധ്വാനവും മാനേജ്മെന്റിന്റെ പണമുതൽമുടക്കും മൂലധനമായിത്തന്നെ കണക്കാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകണം. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സന്മനസ്സുള്ളവർ എന്നിവരുടെ കൂട്ടായ സംരംഭം എന്ന നിലയിലായിരിക്കണം ഓട്ടോണമസ് സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്.

വൻലാഭം ലക്ഷ്യമിട്ടുകൊണ്ട് മാത്രം ഈ രംഗത്തേക്ക് കടന്നുവരുന്ന കമ്പനികളേയും വിദേശ സർവകലാശാലകളേയും ചുഷണ ഗ്രൂപ്പുകളേയും പ്രതിരോധിക്കാൻ ഗാന്ധിയൻ-സർവോദയ ദർശനത്തിലധിഷ്ഠിതമായ പൊതുവായ ട്രസ്റ്റിഷിപ്പ് കൂട്ടായ്മയ്ക്ക് സാധിക്കും.

വിദ്യാഭ്യാസരംഗത്ത് ഇത്തരത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ അനുകൂലമായ ഒരു വികേന്ദ്രീകൃത രാഷ്ട്രീയ സംഘടന അത്യാവശ്യമാണ്. ഇതിനായി അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാകണം.

വിദ്യാഭ്യാസ മേഖലയിലും മറ്റു മേഖലകളിലും പ്രവർത്തനങ്ങൾ തങ്ങൾകൂടി പങ്കാളികളായിക്കൊണ്ടാണ് നടക്കുന്നത് എന്ന ധാരണ ഏതൊരു വ്യക്തിക്കും ഉണ്ടാകാൻ യഥാർത്ഥ പഞ്ചായത്ത് രാജും അധികാര വികേന്ദ്രീകരണവും സംസ്ഥാപിതമാകണം. ഗാന്ധി വിഭാവനം ചെയ്ത സമഗ്ര സ്വാതന്ത്ര്യം അഥവാ സ്വരാജിലേക്കുള്ള പാതയും അധികാരവികേന്ദ്രീകരണത്തിന്റേതാണ്.

★

16

ഗാന്ധിജിയിലൂടെ മുന്നേറാം

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷവേളയിൽ ഗാന്ധിജിയെക്കുറിച്ചുള്ള ചർച്ചകൾ സജീവമാക്കിയ മാധ്യമങ്ങൾക്ക് അഭിനന്ദനങ്ങൾ. സംവാദങ്ങളെ സഹൃദയ മനസ്സോടുകൂടി സ്വീകരിച്ചിട്ടുള്ള മാതൃകാപത്രപ്രവർത്തകൻ കൂടിയായ മഹാത്മാവിന് സമർപ്പിക്കുന്ന ആശയാഞ്ജലികളായി ഈ ചർച്ചകൾ പരിണമിക്കട്ടെ.

"സത്യംപറയുന്ന ഞാൻ ഒറ്റയ്ക്കാവാം. ഞാൻ പറയുന്നത് കേൾക്കാൻ ആളില്ലായിരിക്കാം എന്നാൽ മറ്റു ശബ്ദങ്ങൾ തളർന്നാൽ എന്റെ ശബ്ദം കേൾക്കാതിരിക്കില്ല" എന്ന് ഗാന്ധിജി ഉറച്ച് വിശ്വസിച്ചിരുന്നു. ഇന്ന് എല്ലാവരും ഗാന്ധിജിയുടെ ശബ്ദത്തിന് കാതോർക്കാൻ തയ്യാറാണെന്ന് സമ്മതിക്കുന്നു. നല്ല കാര്യം.

സർവ്വോദയ ദർശനത്തിൽ അധിഷ്ഠിതമായ ഒരു പുതിയ സമൂഹ സൃഷ്ടിക്കുവേണ്ടിയാണ് ഗാന്ധിജി ലക്ഷ്യമിട്ടിരുന്നത്. ഇതിനായി വ്യക്തിമനസ്സിലാണ് ആദ്യം മാറ്റം ഉണ്ടാകേണ്ടത്. വ്യക്തിയിലൂടെ കുടുംബത്തിലും ഗ്രാമത്തിലും രാഷ്ട്രത്തിലും ലോകത്തിലും മാറ്റമുണ്ടാക്കുക എന്നതാണ് രീതിശാസ്ത്രം. തെറ്റുകൾ ബോധ്യപ്പെട്ടാൽ അത് തിരുത്തി കൂടുതൽ ശരിയിലേക്ക് അഥവാ സത്യത്തിലേക്ക് മുന്നേറുക എന്നതാണ് ഗാന്ധിജിയുടെ സത്യാന്വേഷണമാർഗം.

ഗാന്ധിജിക്ക് നേരെ നിറയൊഴിച്ച വ്യക്തിയും പിൻതുണ നൽകിയ സംഘടനയും ചെയ്തത് കടുത്ത അപരാധമാണെന്ന് തുറന്നുപറയാൻ സാധിക്കണം. അത്തരം വെറുപ്പിന്റെ ശക്തികൾക്ക് പ്രോത്സാഹനം നൽകുന്ന സമീപനം പ്രത്യക്ഷമായോ പരോക്ഷമായോ ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്താൻ സാധിക്കണം.

തന്റെ മൃതശരീരത്തിൽ കൂടി മാത്രമേ ഇന്ത്യയെ വിഭജിക്കുന്ന പ്രക്രിയ നടക്കുകയുള്ളൂ എന്നാണ് ഗാന്ധിജി പറഞ്ഞത്. സ്വാതന്ത്ര്യം ലഭിക്കുന്നത് അവിഭക്ത ഭാരതത്തിനായിരിക്കണം എന്ന ഗാന്ധിജിയുടെ വ്യക്തമായ തീരുമാനം യാഥാർത്ഥ്യമാക്കാൻ ഏതാനും മാസങ്ങൾകൂടി ക്ഷമി

ക്കാനും പോരാട്ടം തുടരാനും തയ്യാറാകാതിരുന്നത് തെറ്റായിപ്പോയി എന്ന് തിരിച്ചറിയാൻ സാധിക്കണം.

"തന്റെ ഫോട്ടോയ്ക്ക് മുമ്പിൽ മാല്യാർപ്പണവും പുഷ്പാർച്ചനയും നടത്താൻ ആളുകൾ ഏറെയുണ്ട്; എന്നാൽ തന്റെ അഭിപ്രായം കേൾക്കാൻ ഇവരാരും തയ്യാറാകുന്നില്ല എന്നും ഇന്ന് താൻ ഒരു ജഡം മാത്രമായി മാറിയിരിക്കുന്നു" എന്നും മഹാത്മജിക്ക് ആത്മഗതം നടത്തേണ്ടിവരരുതായിരുന്നു.

ഹിന്ദുവർഗീയവാദി, കപട ഹിന്ദു, പാക്കിസ്ഥാൻ ചാരൻ, സാമ്രാജ്യത്വത്തിന്റെ ചെരുപ്പ് നക്കി, ഇന്ത്യൻ ബൂർഷ്വാസിയുടെ ഏജന്റ്, ഇന്ത്യയെ മാന്തി പുണ്ണാക്കിയവൻ എന്നിങ്ങനെ നിരവധി ആക്ഷേപങ്ങൾ ഗാന്ധിജിക്കെതിരെ തൊടുത്തുവിട്ടവർ അത് തെറ്റായിരുന്നുവെന്ന് സമ്മതിക്കണം.

ഗാന്ധിജിയുടെ സ്വപ്നത്തിലുണ്ടായിരുന്ന ഇന്ത്യയെ യാഥാർത്ഥ്യമാക്കാനുള്ള കൂട്ടായ പരിശ്രമങ്ങളാണ് 150-ാം ജന്മവാർഷികാഘോഷവേളയിൽ ഉണ്ടാകേണ്ടത്. ഇതിനായി ചില സൂചനകൾ താഴെ കൊടുക്കുന്നു.

• ലക്ഷക്കണക്കിന് രൂപ വായ്പാഭാരം പേറിക്കൊണ്ട് പഠനം പൂർത്തിയാക്കി പുറത്തുവരുന്ന ഡോക്ടർമാർ, എൻജിനിയർമാർ, നഴ്സുമാർ എന്നിവരേയും തൊഴിൽ അന്വേഷകരായ നിരവധി ചെറുപ്പക്കാരേയും സൃഷ്ടിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസത്തിന് പകരം ഗാന്ധിജി നിർദ്ദേശിച്ച തൊഴിലിലൂടെയുള്ള വിദ്യാഭ്യാസം, സ്വാശ്രിത വിദ്യാഭ്യാസം നടപ്പിൽ വരുത്താൻ സാധിക്കണം. • നിലവിലുള്ള തിരഞ്ഞെടുപ്പ് സമ്പ്രദായവും കേന്ദ്രീകൃത ഭരണ സംവിധാനവുമാണ് ഇന്ത്യയിൽ ജാതി-മത ശക്തികളെ പ്രോത്സാഹിപ്പിച്ചും പ്രീണിപ്പിച്ചും നിലനിർത്തുന്നത്. ഇതിനുപകരം ഗാന്ധിജി നിർദ്ദേശിച്ച വികേന്ദ്രീകൃത പങ്കാളിത്ത ജനാധിപത്യം നിലവിൽ വരണം. ബാലറ്റുപേപ്പറുകളോ, ജാതി-മത പ്രീണനം നടത്തിക്കൊണ്ടുള്ള തിരഞ്ഞെടുപ്പ് പ്രചരണങ്ങളോ ഇല്ലാതെ ചെറിയ അയൽക്കൂട്ട സമിതികളിൽ നിന്ന് ജനപ്രതിനിധികളെ പൊതുസമ്മതപ്രകാരം തിരഞ്ഞെടുക്കാനുള്ള സംവിധാനം ഉണ്ടാകണം. ഭൂരിഭാഗം കാര്യങ്ങളും ഗ്രാമതലത്തിൽ ചർച്ചചെയ്ത് പങ്കാളിത്തത്തോടെ നടപ്പാക്കാൻ സാധിക്കണം. ഗ്രാമങ്ങളിൽ നിന്ന് ബ്ലോക്കുകളിലേക്കും ജില്ലയിലേക്കും സംസ്ഥാനത്തിലേക്കും അഖിലേന്ത്യതലത്തിലേക്കും പ്രതിനിധികളെ പൊതുസമ്മതപ്രകാരം നർദ്ദേശിക്കാൻ സാധിക്കണം. അത്യാവശ്യഘട്ടങ്ങളിൽ തിരിച്ചുവിളിക്കാനുള്ള അവകാശവും ഉണ്ടാകണം. • തൊഴിലാളിയുടെ അദ്ധ്വാനവും മുതലാളിയുടെ പണവും തുല്യപ്രാധാന്യമുള്ള മൂലധനമായി കണക്കിലെടുക്കുന്ന ട്രസ്റ്റിഷിപ്പ് വ്യവസായ സംരംഭങ്ങൾ ഉണ്ടാകണം. • കക്ഷിരാഷ്ട്രീയ വിമുക്തമായ സഹകരണപ്രസ്ഥാനങ്ങളിലൂടെ കാർഷിക മേഖലയിലും ഗ്രാമവികസന മേഖലകളിലും സംരംഭങ്ങൾ ആരംഭിച്ച് മുന്നേറാൻ സാധിക്കണം. • മദ്യം, മയക്കുമരുന്ന് എന്നിവ നിരോധിക്കാനുള്ള ശക്തമായ നിയമങ്ങളും ഇടപെടലുകളും ഉണ്ടാകണം. • പ്രകൃതിവിഭവങ്ങളുടെ പൊതുഉടമസ്ഥതയും ഗ്രാമസഭകൾക്ക് കൂടുതൽ അധികാരവും ലഭിക്കുന്ന ഭരണക്രമം വേണം.

★

17

സർവ്വോദയം: സൂസ്ഥിരതയുടെ ദർശനം

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷിക ആഘോഷപരിപാടികളുടെ ഭാഗമായി അദ്ദേഹത്തിന്റെ ജീവിതത്തേയും ദർശനത്തേയും കുറിച്ചുള്ള ചർച്ചകൾ സജീവമാകുന്നതിൽ സന്തോഷമുണ്ട്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പുതിയ സമൂഹത്തിന് മുമ്പിൽ യഥാർത്ഥ ഗാന്ധിയെ അവതരിപ്പിക്കാൻ തികച്ചും സ്വതന്ത്രമായ സമീപനവും പ്രവർത്തനപരിപാടികളുമാണ് വേണ്ടത്.

ഇത്തരം ഒരു ഉത്തരവാദിത്തമാണ് സർവ്വോദയ പ്രസ്ഥാനവും ഗാന്ധിമാർഗ സംഘടനകളും ഏറ്റെടുക്കുക എന്ന് പ്രതീക്ഷിക്കുന്നു.

ഗാന്ധിജിയുടെ മഹത്വത്തെക്കുറിച്ച് ധാരാളമായി ഉച്ചത്തിൽ ഉദ്ഘോഷിക്കുകയും അദ്ദേഹത്തെ അനുകരിച്ച് പ്രാർത്ഥനകളും പദയാത്രകളും നടത്തുകയും ഫോട്ടോയ്ക്കു മുമ്പിൽ പുഷ്പാർച്ചനയും ഹാരാർപ്പണവും നടത്തുകയും ചെയ്തശേഷം 'ഗാന്ധിജിക്കേ ഇതൊക്കെ സാധിക്കൂ നമ്മളെക്കൊണ്ടൊന്നും ഇത് എളുപ്പമല്ല' എന്ന് പതുക്കെ ഏറ്റുപറയുകയും ചെയ്യുന്ന പതിവു ശൈലിയിൽ നിന്ന് മാറ്റം വരണം.

ഗാന്ധിജിയെ അവതരിപ്പിക്കുന്നതോടൊപ്പം തന്നെ അദ്ദേഹം മുന്നോട്ടുവച്ച 'സർവ്വോദയം' എന്ന ദർശനത്തെക്കുറിച്ചും അതിന്റെ കാലികമായ അനിവാര്യതയേയും പ്രായോഗികതയെക്കുറിച്ചും വിശദമായ ചർച്ചകൾ ഗാന്ധിജിയുടെ 150-ാം ജന്മവാർഷിക ആഘോഷത്തിന്റെ ഭാഗമായി ഉണ്ടാകണം. സർവ്വോദയ സമൂഹസൃഷ്ടിക്കായുള്ള പ്രവർത്തന പരിപാടികൾക്ക് രൂപം നൽകാനും പ്രവർത്തനമാരംഭിക്കാനും ഈ കാലഘട്ടത്തിൽ സാധിക്കണം.

സാമ്രാജ്യവിരുദ്ധ പോരാട്ടത്തിന്റെ പുതുരൂപം

ചൂഷണത്തിലും ആർത്തിയിലും അധിഷ്ഠിതമായ ഒരു ജീവിത ശൈലി വ്യക്തിയിലും സമൂഹത്തിലും നിലനിർത്തിക്കൊണ്ടാണ് സാമ്രാ

ജ്യത്വം വളർന്ന് വികസിക്കുന്നത് എന്ന് കൃത്യമായി നിർവചിച്ചാണ് ഗാന്ധിജി സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിന് തുടക്കം കുറിക്കുന്നത്.

ആസക്തിയും അമിത ഉപയോഗവും മുഖമുദ്രയായ യൂറോപ്യൻ നാഗരികതയെ പ്രതിരോധിക്കാൻ ആത്മനിയന്ത്രണത്തിന്റേയും മിതത്വത്തിന്റേതുമായ നാഗരീകതയെ സജീവമാക്കുകയാണ് അദ്ദേഹം ചെയ്തത്. 'ഹിന്ദ് സ്വരാജ്' എന്ന ലഘു ഗ്രന്ഥത്തിലൂടെ ഇതിന്റെ ഒരു രൂപരേഖ അദ്ദേഹം അവതരിപ്പിക്കുന്നു. തുടർന്നുള്ള ദശാബ്ദങ്ങളിൽ 18 ഇന കർമ്മ പരിപാടികളായി (കൺസ്ട്രക്ടീവ് പ്രോഗ്രാം) ഇത് വികസിക്കുന്നു. നമുക്ക് സ്വയം ശക്തമാകാനും സാമ്രാജ്യത്വത്തെ പ്രതിരോധിക്കാനുമായി അദ്ദേഹം മുന്നോട്ടുവച്ച ഈ കർമ്മപരിപാടികളെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ അതിന്റെ കൃത്യമായ രാഷ്ട്രീയവും സാമ്പത്തികദർശനവും സാംസ്കാരിക നിലപാടും ആത്മീയതയും ബോധ്യപ്പെടും.

പിക്കറ്റിങ്, ഉപവാസം, ജയിൽവാസം, പദയാത്ര എന്നിങ്ങനെയുള്ള പരിപാടികളിലൂടെ മാത്രം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം പഠിക്കാൻ ശ്രമിക്കുമ്പോഴാണ് തെറ്റായ നിഗമനങ്ങളിലെത്തുന്നത്.

മേൽപറഞ്ഞ സമരപരിപാടികളേയും സൃഷ്ടിയുന്മുഖ പ്രവർത്തനങ്ങളേയും ഒരേസമയം വിലയിരുത്തുമ്പോൾ ഗാന്ധിജിയുടെ സർവ്വോദയ ദർശനത്തേയും അതിനായുള്ള കർമ്മപരിപാടികളേയും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും.

പുതിയരൂപത്തിലും ഭാവത്തിലുമാണ് സാമ്രാജ്യത്വം ഇന്ന് ലോക സമൂഹത്തെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുരാഷ്ട്ര കുത്തക കമ്പനികൾ സമസ്ത മേഖലയിലും ആധിപത്യം ചെലുത്തിക്കൊണ്ടിരിക്കുന്നു. രാഷ്ട്രങ്ങളേയും ഭരണകൂടത്തേയും നിയന്ത്രിക്കുന്ന ശക്തികളായി ഇവർ മാറുന്നു.

സർവ്വോദയം : സുസ്ഥിരതയുടെ ദർശനം

എല്ലാ ജീവജാലങ്ങളുടേയും നന്മയും ഉദയവുമാണ് ഗാന്ധിജി നിർദ്ദേശിക്കുന്ന സർവ്വോദയത്തിന്റെ ലക്ഷ്യം. ആധിപത്യങ്ങളില്ലാത്ത സ്ഥിതി സമത്വ സമൂഹത്തെയാണ് ലക്ഷ്യമിടുന്നത്. ദേശീയ സ്വാതന്ത്ര്യസമരം ശക്തമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് 1917 ൽ റഷ്യൻ വിപ്ലവം നടക്കുന്നത്. അവിടെ അധികാരത്തിൽ വന്ന കമ്യൂണിസ്റ്റ് ഭരണകൂടത്തിന് സ്ഥിതി സമത്വ സമൂഹം അഥവാ സോഷ്യലിസം സാധ്യമാക്കാൻ സാധിക്കുമെന്ന് പലരും പ്രത്യാശിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കൂടുതൽ രാജ്യങ്ങളിൽ സോഷ്യലിസത്തിന്റെ ബാനറിലുള്ള ഭരണകൂടങ്ങൾ നിലവിൽ വന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശാബ്ദത്തിലെത്തിയപ്പോഴേക്കും പുതുതായി സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളിലും സോഷ്യലിസ്റ്റ് ദർശന

ത്തിലുള്ള ഭരണകൂടങ്ങൾ ഇല്ലാതാകുകയും പുതു മുതലാളിത്ത ശക്തികൾ നയിക്കുന്ന ഭരണകൂടങ്ങൾ നിലവിൽ വരികയും ചെയ്തു. റഷ്യയും ചൈനയും ഇതിൽ നിന്ന് രക്ഷപ്പെട്ടില്ല. ആധിപത്യത്തിന്റെ ശൈലിയിൽ നിന്ന് മോചനം നേടിക്കൊണ്ടുള്ള ജനകീയ ജീവിതശൈലി വളർത്തിയെടുക്കുവാൻ ഇവിടങ്ങളിൽ സാധിച്ചില്ല. സോഷ്യലിസത്തിൽ നിന്ന് സർവ്വോദയത്തിലേക്കുള്ള ഒരു വികാസത്തിനായുള്ള ശ്രമങ്ങൾ നടന്നില്ല.

അതിജീവനം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ലോകം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ അതിജീവിക്കാനും സുസ്ഥിര സമൂഹം സൃഷ്ടിക്കുന്നതിനും സർവ്വോദയലക്ഷ്യത്തിലും മാർഗത്തിലും അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. ഗാന്ധിജിയുടേയും അദ്ദേഹത്തിന്റെ സഹധർമ്മിണി കസ്തൂർബാഗാന്ധിയുടേയും 150-ാം ജന്മവാർഷികാഘോഷവേള ഇതിനായി ഉപയോഗപ്പെടുത്താം.

നിലവിലുള്ള സമൂഹത്തിൽ നിന്ന് സർവ്വോദയ സമൂഹത്തിലേക്കുള്ള മാറ്റത്തിനായി ഏതാനും സൂചകങ്ങൾ മാത്രം താഴെകൊടുക്കുന്നു:

കേന്ദ്രീകൃത ജനാധിപത്യം	വികേന്ദ്രീകൃത ജനാധിപത്യം
പാർലമെന്ററി ജനാധിപത്യം	പങ്കാളിത്ത ജനാധിപത്യം
കേന്ദ്രീകൃത നിയമവ്യവസ്ഥ	വികേന്ദ്രീകൃതനിയമവ്യവസ്ഥ
പാർട്ടി കേന്ദ്രീകൃത ജനാധിപത്യം	ജനകീയ ജനാധിപത്യം
രഹസ്യ ബാലറ്റ്	പൊതുസമ്മതത്തിലൂടെ തിരഞ്ഞെടുപ്പ്
പാർട്ടിസ്ഥാനാർത്ഥി	ജനകീയസ്ഥാനാർത്ഥി
പാർലമെന്റ്	പഞ്ചായത്ത്
ത്രിതലപഞ്ചായത്ത്	പഞ്ചതല പഞ്ചായത്ത്
മുകളിൽ നിന്ന് താഴോട്ട്	താഴെ നിന്ന് മുകളിലോട്ട്
സ്വകാര്യവത്കരണം	പൊതുവത്കരണം
പൊതു-സ്വകാര്യ പങ്കാളിത്തം	ട്രസ്റ്റിഷിപ്പ് സമീപനം
വൻകിട ഉത്പാദനം	ജനപങ്കാളിത്തമുള്ള ഉത്പാദനം
പ്രകൃതി വിഭവങ്ങളിൽ ഭരണകൂട അധികാരം	ജനകീയ അധികാരം

വൻകിടപദ്ധതികൾ	ചെറുകിട പദ്ധതികൾ
പാർട്ടി അധിഷ്ഠിത സഹകരണ പ്രസ്ഥാനം	നിഷ്പക്ഷ സഹകരണ പ്രസ്ഥാനം
തൊഴിൽ തേടുന്ന വിദ്യാഭ്യാസം	തൊഴിലിലൂടെയുള്ള വിദ്യാഭ്യാസം
വ്യക്തി-മത വിദ്യാഭ്യാസ സ്ഥാപനം മതേതരത്വം	ട്രസ്റ്റിഷിപ്പ് സ്വയംഭരണം സർവ്വധർമ്മസമഭാവം
ജാതി - മത സംവരണം	സാമൂഹ്യനീതി, അവസര സമത്വം
കോർപ്പറേറ്റ് ആരോഗ്യമേഖല	ജനകീയ ആരോഗ്യമേഖല
കോർപ്പറേറ്റ് കൃഷി	ജനകീയ ജൈവകൃഷി

സർവ്വോദയ സമൂഹ രചനയെക്കുറിച്ച് ആശയവിനിമയത്തിനും ഉറച്ച ബോധ്യപ്പെടലിനുമായി ഗാന്ധി മാർഗ - സർവ്വോദയ - പ്രവർത്തകർക്കായി ചർച്ചാവേദികൾ, പഠനക്യാമ്പ് എന്നിവയുണ്ടാകണം.

★

18

കൊറോണാനന്തര വിദ്യാഭ്യാസം

കൊറോണകാലം വഴിത്തിരിവിന്റേയും തിരിച്ചറിവിന്റേയും കാലമാണ്. ബുദ്ധിയേയും ഭൗതികതയേയും മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള വിദ്യാഭ്യാസത്തിനും വികസനത്തിനും പരിമിതികൾ ഉണ്ട് എന്ന് തിരിച്ചറിയുന്ന കാലം. ബുദ്ധിയോടൊപ്പം ഹൃദയത്തിന്റേയും ഭൗതികതയോടൊപ്പം ആത്മീയതയുടേയും വികാസം ഉണ്ടാകുമ്പോഴേ സമഗ്രമായ മനുഷ്യവ്യക്തിത്വ വികാസം സാധ്യമാകുകയുള്ളൂ എന്ന് സമ്മതിക്കാൻ തുടങ്ങുന്നു. എല്ലാത്തിന്റേയും അവസാനവാക്ക് ഭൗതികമായ ശാസ്ത്രമാണ് എന്ന ധാരണ തിരുത്തപ്പെടുന്നു. ശാസ്ത്രത്തിന് നിർവചിക്കാൻ സാധിക്കാത്ത മാറ്റങ്ങളാണ് ലോകത്തുണ്ടായത്. സത്യസന്ധമായി നിരീക്ഷിക്കുന്നവർക്കെല്ലാം അതീതമായ ഒരു ശക്തിയെ ബോധ്യപ്പെടുന്നു. ഇതുകൂടി ഉൾക്കൊള്ളുമ്പോഴാണ് പൂർണതയാകുന്നത്.

പൂർണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം എന്ന് സ്വാമി വിവേകാനന്ദൻ പറയുന്നതും, വ്യക്തിയുടെ സമഗ്ര വികാസം (ഉത്തമഗുണങ്ങളുടെ പ്രകാശനം) ആണ് വിദ്യാഭ്യാസം എന്ന് മഹാത്മാഗാന്ധി പറയുന്നതും ഇന്ന് കൂടുതൽ പ്രസക്തമാകുന്നു.

ലോകരാഷ്ട്രങ്ങൾ ഇന്ന് ഇന്ത്യയിലേക്ക് നോക്കുകയാണ്. ഈ അവസരത്തിൽ ഇന്ത്യയുടെ തനത് വിദ്യാഭ്യാസപ്രക്രിയയിലൂടേയും മൂല്യാധിഷ്ഠിത ജീവിതത്തിലൂടെയും രാഷ്ട്രങ്ങൾക്ക് മാർഗദർശനം നൽകാൻ ഭാരതത്തിന് സാധിക്കേണ്ടതുണ്ട്. സമസ്ത ലോകത്തിന്റേയും നന്മ ആഗ്രഹിക്കുന്ന ഒരു സമൂഹത്തിലെ വിദ്യാഭ്യാസത്തിന്റെ സവിശേഷതകൾ സംബന്ധിച്ച ഏതാനും സൂചനകൾ താഴെ കൊടുക്കുന്നു:

പ്രാഥമികവിദ്യാഭ്യാസം

- വാത്സല്യവും സുരക്ഷിതത്വബോധവും നിറഞ്ഞുനിൽക്കുന്ന കുടുംബാന്തരീക്ഷത്തിൽ നിന്ന് വിദ്യാഭ്യാസം ആരംഭിക്കുന്നു.

- ആകർഷണീയതയും, ആസ്വാദ്യതയും, ആവിഷ്കാരവുമാണ് ആദ്യ മുണ്ടാകേണ്ടത്
- അക്ഷരങ്ങൾ എഴുതിപഠിപ്പിക്കുന്നത് മൂന്നാമത്തെ ഘട്ടത്തിൽ മാത്രമേ വരേണ്ടതുള്ളൂ.
- ആദ്യം ആശയങ്ങൾ രൂപപ്പെടാനുള്ള അവസരങ്ങൾ ഒരുക്കണം.
- കാണാനും, കേൾക്കാനും, വരയ്ക്കാനും, കളിക്കാനും, ചെറിയതോതിൽ സ്വന്തമായി നിർമ്മിക്കാനുമെല്ലാം അവസരമുണ്ടാകണം.
- ചിത്രങ്ങളും, അക്ഷരങ്ങളും കണ്ട് പഠിക്കണം.
- തുടർന്ന് അക്ഷരങ്ങൾ എഴുതി പഠിപ്പിക്കാൻ ആരംഭിക്കാം.
- മാതൃഭാഷയിലൂടേയും പ്രാദേശിക അറിവുകളിലൂടേയും വിദ്യാഭ്യാസം
- കലയും, പാട്ടും, ആട്ടവും, കൊട്ടലും, നിർമ്മിക്കലും, വിവിധ കളികളുമെല്ലാം പ്രൈമറിതലത്തിൽ കുട്ടിക്ക് അനുഭവമാകണം.
- സ്വഭാവരൂപീകരണവും മൂല്യബോധവും വിദ്യാർത്ഥിയിൽ സ്വാഭാവികമായും എത്താവുന്നവിധമുള്ള വിദ്യാഭ്യാസ അന്തരീക്ഷമാണ് ഒരുക്കേണ്ടത്.
- വിദ്യാലയങ്ങളിലെ ശുചിത്വ പരിപാലനം, ക്രമീകരണം എന്നിവയിലെല്ലാം വിദ്യാർത്ഥികളുടെ പങ്കാളിത്തമുണ്ടാകണം.
- പ്രായത്തിനനുസരിച്ചുള്ള കരകൗശല പ്രവർത്തനങ്ങൾക്കുള്ള അവസരം ഉണ്ടാകണം.
- പ്രാദേശിക ഭരണസമിതികളുടെ (തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ) സഹകരണത്തോടെയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തേണ്ടത്.
- പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായിരിക്കണം.
- വീടിന് സമീപമുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് മുൻഗണന നൽകണം.
- അപ്പർ പ്രൈമറികാലത്ത് മാതൃഭാഷ, രാഷ്ട്രഭാഷ, സംസ്കൃതം, ഇംഗ്ലീഷ് എന്നിവ ഉൾപ്പടെ മൂന്ന് ഭാഷകളെങ്കിലും പരിചയപ്പെടാൻ അവസരമുണ്ടാകണം.

സെക്കന്ററി വിദ്യാഭ്യാസം

- അപ്പർ പ്രൈമറി കഴിയുന്നതോടെ വൈവിധ്യവത്കരണം ആകാം.
- വിദ്യാർത്ഥിയുടെ അഭിരുചിക്കനുസരിച്ച് അനുയോജ്യമായ മേഖല തിരഞ്ഞടുക്കാം.

- തിരഞ്ഞെടുത്ത മേഖലയിൽ ഒരു തൊഴിലിലൂടെയാണ് വിദ്യാഭ്യാസം നടക്കുക.
- താത്പര്യമുള്ള തൊഴിലുമായി മുന്നോട്ട് പോകുമ്പോൾ സ്വാഭാവികമായും മറ്റുവിഷയങ്ങളും പഠിക്കാനവസരമുണ്ടാകുന്നു.

  ഉദാഹരണം : കൃഷിയോട് താത്പര്യമുള്ള കുട്ടി കൃഷിയെക്കുറിച്ച് പഠിക്കുമ്പോൾ ചെടിയെക്കുറിച്ച് (ജീവശാസ്ത്രം) പഠിക്കുന്നു. കൃഷിക്കുള്ള മണ്ണിനെക്കുറിച്ച് പഠിക്കുമ്പോൾ ഭൂമിശാസ്ത്രവും, കൃഷിയിറക്കാനുള്ള കാലത്തെ കുറിച്ച് പഠിക്കുമ്പോൾ കാലാവസ്ഥാശാസ്ത്രവും, ചിലവുകളെ കുറിച്ച് പഠിക്കുമ്പോൾ സാമ്പത്തിക ശാസ്ത്രവും, കാർഷികോത്പന്നത്തിന്റെ വിപണിയെ കുറിച്ച് പഠിക്കുമ്പോൾ വാണിജ്യശാസ്ത്രവും പഠിക്കുന്നു. സ്വാഭാവികമായും പ്രത്യേക പ്രയാസങ്ങളൊന്നുമില്ലാതെ താത്പര്യപൂർവം വിവിധ വിഷയങ്ങൾ പഠിക്കാനവസരം ഉണ്ടാകുന്നു.
- ഹൈസ്കൂൾ തലത്തിൽ, തൊഴിലുമായി ബന്ധപ്പെട്ടു പഠിക്കുന്നതുകൊണ്ട് പ്രസ്തുത തൊഴിലിൽ നിന്ന് ലഭിക്കുന്ന ഉത്പന്നം വിറ്റഴിക്കാനും വരുമാനമുണ്ടാക്കാനും സാധിക്കുന്നു. ഇത് പഠനചിലവിലേക്കായി വിദ്യാലയത്തിന് നൽകാം. സ്വന്തമായി അദ്ധ്വാനിച്ച പണം കൊണ്ട് പഠിക്കുന്നു എന്ന അഭിമാനബോധവും ഉണ്ടാകുന്നു.
- നൈപുണി വർദ്ധനവും വരുമാനവും ഉണ്ടാകുന്നതോടൊപ്പം സത്യം, അഹിംസ, അദ്ധ്വാനം, മിതവ്യയം, സേവനം എന്നീ മൂല്യങ്ങൾ വളർത്തിയെടുക്കാൻ സാധിക്കുന്നു.
- സന്മാർഗശാസ്ത്ര പഠനവും ആകാം. എന്നാൽ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഏതെങ്കിലും ഒരു മതത്തെ കുറിച്ചുമാത്രം പഠനം ആവശ്യമില്ല.
- ബ്രിട്ടീഷുകാർ എഴുതിവച്ച ചരിത്രം ചില വക്രീകരണങ്ങളോടുകൂടി ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത് മാറണം. നിഷ്പക്ഷമായ ചരിത്രം ഭാരതത്തിന്റെ പ്രാദേശികതയേയും പൈതൃകത്തേയും മനസ്സിലാക്കാവുന്ന വിധം ചരിത്രപഠനം സാധ്യമാക്കണം.
- ഭാവിയിൽ ഏതു ജോലി സ്വീകരിച്ചാലും സമൂഹസേവനം മുഖ്യലക്ഷ്യമായി കരുതുന്നതും അദ്ധ്വാനസംസ്കാരത്തിൽ അഭിമാനം കൊള്ളുന്നതുമായ ഒരു തലമുറയെ വളർത്തുന്നതായിരിക്കണം വിദ്യാഭ്യാസം.
- ആധുനിക സാങ്കേതികവിദ്യയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം

- അതേസമയം പ്രാഥമിക-സെക്കന്ററി തലങ്ങളിൽ പ്രത്യേകിച്ചും വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിലുള്ള വ്യക്തിബന്ധം ഊഷ്മളമായി നിലനിൽക്കുന്ന വിദ്യാലയ അന്തരീക്ഷം ഉണ്ടാകണം.

മൂല്യനിർണയം

- ഓർമ്മശക്തിയെ മാത്രം പരീക്ഷിക്കുന്ന പരീക്ഷാസമ്പ്രദായം ഉപേക്ഷിക്കണം. തുടർച്ചയായ പ്രക്രിയാധിഷ്ഠിതമായ മൂല്യനിർണയം വേണം.
- പത്താം ക്ലാസ്സിൽ പ്രത്യേക പൊതുപരീക്ഷ ആവശ്യമില്ല.
- പ്ലസ് ടു (ഹയർസെക്കന്ററി) തലം പൂർത്തീകരിക്കുമ്പോഴേക്കും തൊഴിലുമായി ബന്ധപ്പെട്ട നൈപുണി വികാസവും സംരംഭകത്വ പരിശീലനവും ലഭ്യമാക്കണം.
- കരിക്കുലം നിർമ്മാണം, സിലബസ് മാർഗനിർദ്ദേശങ്ങൾ, പ്രാദേശികമായി ഉണ്ടാകുന്ന കൂട്ടിച്ചേർക്കലുകൾ, ഏകോപനം എന്നിവയാണ് കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ ചുമതല.
- ഗവൺമെന്റിനെ ആശ്രയിക്കാതെതന്നെ സ്വയംപര്യാപ്ത സ്ഥാപനങ്ങളായിരിക്കണം സ്കൂളുകൾ. മാനേജ്മെന്റ്, വിദ്യാർത്ഥി, രക്ഷിതാവ് എന്നിവരുടെ സംയുക്ത സംരംഭം.
- ത്രിതല പഞ്ചായത്തുകളുടെ സഹകരണവും ഉണ്ടാകണം.
- കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒന്നുമുതൽ പന്ത്രണ്ടാംക്ലാസ്സ് വരെ പഠനത്തിനായി പ്രത്യേകം ചാനലുകൾ ഏർപ്പെടുത്തുമ്പോൾ മേൽപറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളാൻ സാധിക്കണം.
- ചാനലുകളുടെ പരിപാടികൾ ഏകപക്ഷീയമാകരുത്. ഓരോ സംസ്ഥാനത്തിനും മേഖലയ്ക്കും ആവശ്യമായ അനുപൂരക പ്രവർത്തനങ്ങൾ നടത്താനുള്ള സാധ്യതയും ഉണ്ടാകണം.
- സംസ്ഥാന സിലബസും, സി.ബി.എസ്.ഇ സിലബസും, പരീക്ഷയും ഏകീകരിക്കണം.
- മാതൃഭാഷയിൽ പഠിക്കാനും, പരീക്ഷ എഴുതാനും അവസരമുണ്ടാകണം.

ഉന്നതവിദ്യാഭ്യാസ രംഗം

- ഉന്നതവിദ്യാഭ്യാസം തൊഴിലിലൂടെ നേടുന്നതായിരിക്കണം
- കലാ-സാഹിത്യവിഷയങ്ങളാണെങ്കിലും വിദ്യാർത്ഥിക്ക് ഏതെങ്കിലും ഒരു കൈത്തൊഴിൽ (വരുമാനമാർഗം പഠനവുമായി ബന്ധപ്പെട്ട്) ഉണ്ടാകണം.
- മാതൃഭാഷയിൽ പഠനം ആവശ്യമുള്ളവർക്ക് അതിനുള്ള അവസരം ഉണ്ടാകണം.

- കോളേജുകൾ സ്വാശ്രയ സ്വയംഭരണ സംവിധാനത്തിലായിരിക്കണം
- മാനേജ്മന്റ് വിഹിതം, വിദ്യാർത്ഥിയുടെ വരുമാനത്തിൽ നിന്നുള്ള വിഹിതം എന്നിവ വരുമാനമാർഗങ്ങളാക്കണം.
- മാനേജ്മെന്റ്, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരുടെ സംയുക്തമായ ഭരണസംവിധാനമാണ് ഉണ്ടാകുക.
- ധാരാളം സമ്പത്തുള്ളവർ കോളേജുകളുടെ മാനേജ്മെന്റ് ആകാനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്ന സാമൂഹ്യാന്തരീക്ഷം നിലനിർത്തണം.
- കോഴ്സിന്റെ അവസാനത്തിൽ ഏതെല്ലാം മേഖലയിൽ പഠനം നടന്നു എന്നതു സംബന്ധിച്ച് ഒരു രേഖയാണ് നൽകേണ്ടത്.
- ബിരുദ സർട്ടിഫിക്കറ്റ് തൊഴിലിനുള്ള ലൈസൻസായി മാറരുത്. ജയം/തോൽവി രേഖപ്പെടുത്തുന്നതിനു പകരം ഗ്രേഡ് നൽകുക.
- ഓരോ തൊഴിൽമേഖലക്കും (വ്യവസായശാലകൾ, ആശുപത്രികൾ, സേവനസ്ഥാപനങ്ങൾ) ആവശ്യമായവരെ കണ്ടെത്താൻ പ്രത്യേകം പ്രവേശന പരീക്ഷകൾ നടത്തി യോഗ്യതയുള്ളവരെ കണ്ടെത്താനും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആവശ്യമായ പരിശീലനം നൽകാനും തൊഴിൽദാതാക്കളായ സ്ഥാപനങ്ങൾ തയ്യാറാകണം.
- ഇത്തരം കാര്യങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാം. ശമ്പളം നൽകലും മറ്റും മാനേജുമെന്റുകൾ (സ്വയംഭരണസമിതികൾ) വഹിക്കണം.
- കക്ഷിരാഷ്ട്രീയ അതിപ്രസരമില്ലാത്ത സഹകരണസംഘങ്ങൾക്കും ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിശീലന കേന്ദ്രങ്ങളും ആരംഭിക്കാം.
- എല്ലാ തൊഴിലുകൾക്കും തുല്യമായ ബഹുമാന്യതയാണ് ഉള്ളത് എന്ന കാഴ്ചപ്പാട് വിദ്യാഭ്യാസ-സാമൂഹ്യരംഗത്ത് നിലനിൽക്കണം.
- ഓരോ മേഖലയിലും തൊഴിൽരംഗത്ത് എത്രപേർ ആവശ്യമുണ്ട് എന്ന ധാരണ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഉണ്ടാകണം.
- പണമില്ലാത്തതുകൊണ്ട് പഠിക്കാൻ സാധിച്ചില്ല എന്ന സാഹചര്യം ഉണ്ടാകരുത്. പണത്തിനേക്കാൾ കുട്ടിയുടെ അഭിരുചിക്ക് പ്രാധാന്യം നൽകണം.
- ആവശ്യമെങ്കിൽ ചില മാതൃകാ പരിശീലന ഗവേഷണ സ്ഥാപനങ്ങളും കോളേജുകളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ആരംഭിക്കാം. എന്നാൽ ഭൂരിഭാഗവും ജനകീയ-സ്വയംഭരണ സ്ഥാപനങ്ങളായിരിക്കണം.
- സർവകലാശാലകൾ സാമൂഹികമായ ആവശ്യങ്ങൾക്കനുസരിച്ച് ജനകീയ സംരംഭമായി ആരംഭിക്കണം. സ്വയംഭരണസ്ഥാപനങ്ങളായി നിലനിൽക്കണം.

- കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം സർവകലാശാലകളുടെ രൂപീകരണവും നടത്തിപ്പും. അതേസമയം എല്ലാത്തിനും സർക്കാരിനെ ആശ്രയിക്കുന്ന സ്ഥിതി ഉണ്ടാകരുത്.
- സർവകലാശാലകൾ കേവലം ബിരുദ സർട്ടിഫിക്കറ്റ് വിതരണ ഏജൻസിയായി പരിമിതപ്പെടരുത്. സാമൂഹ്യാവശ്യം പരിഗണിച്ച് നൂതനാശയങ്ങളെ രൂപീകരിക്കാനും, പ്രവർത്തിക്കാനും, ഏകോപിപ്പിക്കാനും ഉള്ള പ്രചോദനകേന്ദ്രങ്ങളാകണം സർവകലാശാലകൾ.
- അദ്ധ്യാപകർ നിത്യവിദ്യാർത്ഥികളായിരിക്കണം. അക്കാദമിക് യോഗ്യതയോടൊപ്പം മൂല്യാധിഷ്ഠിത ജീവിതവും നയിക്കുന്നവരായിരിക്കണം.
- വിദ്യാർത്ഥികൾക്ക് പഠനം ആസ്വാദ്യകരവും, ആനന്ദപ്രദവും ആയിരിക്കണം. എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും കൈത്തൊഴിൽ, സാമൂഹ്യസേവന പ്രവർത്തനം എന്നിവയ്ക്ക് അവസരം ഉണ്ടാകണം. കക്ഷിരാഷ്ട്രീയത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കണം.
- പഠനത്തിന്റെ ഏതു ഘട്ടത്തിലും തൊഴിലിലേക്ക് പ്രവേശിക്കാനുള്ള സാധ്യത വേണം.
- സ്കൂൾ-കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സന്നദ്ധപ്രസ്ഥാനങ്ങൾ എന്നിവരുടെ ഒത്തൊരുമിച്ച പ്രവർത്തനങ്ങൾകൊണ്ട് വിദ്യാഭ്യാസ മേഖല സജീവമായി നിലനിൽക്കണം.

വികസിത വ്യക്തിത്വങ്ങളുടെ വിശിഷ്ടമായൊരു സമൂഹമാകാൻ ഭാരതത്തിന് സാധിക്കണം. മറ്റു രാഷ്ട്രങ്ങളിലുള്ളവർക്കും ഇവിടുത്തെ വിദ്യാഭ്യാസ മേഖലയുടെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കട്ടെ.

★

19

കൊറോണകാലത്തെ സ്കൂൾ വിദ്യാഭ്യാസം

കൊറോണകാലം തിരിച്ചറിവിന്റേയും വഴിത്തിരിവിന്റേയും കാലമായി മാറുകയാണ്. മഹാമാരിയെ മെരുക്കാൻ അന്താരാഷ്ട്ര സമൂഹം കൈകോർക്കുന്നു. ലോകസമൂഹം എന്ന ചിന്ത ശക്തമാകുമ്പോൾ തന്നെ ഓരോ രാജ്യവും അവരുടെ തനിമയേയും പൈതൃകത്തേയും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വന്തംകാലിൽ നിൽക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു. അതിവേഗവും അനന്തപ്രയാണങ്ങളും പെട്ടെന്ന് നിലയ്ക്കുന്നു. ആർഭാടവും ആലിംഗനങ്ങളും മിതത്വത്തിനും വന്ദനശൈലിക്കും വഴിമാറുന്നു. വീട്ടിലിരിപ്പ് വീണ്ടെടുക്കുന്നു. വൻകിട മാളുകൾക്കും ഷോപ്പിങ് കോംപ്ലക്സ്കൾക്കും പകരം അയൽപക്ക കൊടുക്കൽ വാങ്ങലുകളും, നാട്ടിൻ പുറങ്ങളിലെ ചെറുകടകളും, തൊടിയിലെ വിഭവങ്ങളുമെല്ലാം നമുക്ക് ആശ്രയമായി. കാരണവൻമാരിൽ നിന്ന് കൈമാറി കിട്ടിയ വീട്ടുവൈദ്യത്തിലും ഒറ്റമൂലികളിലും കാര്യങ്ങളുണ്ടെന്ന് കണ്ടു. പ്രാദേശിക ഭരണസംവിധാനത്തിന്റെ പ്രാധാന്യവും അയൽക്കൂട്ട സമിതികളുടെ സേവന പ്രവർത്തനങ്ങളുടെ മഹത്വവും നാം തിരിച്ചറിഞ്ഞു.

വിദ്യാഭ്യാസ രംഗത്തും മാറ്റങ്ങൾ അനിവാര്യമാകുകയാണ്. ബുദ്ധിയുടേയും ഭൗതീകതയുടേയും വികാസത്തോടൊപ്പം ഹൃദയത്തിന്റേയും നൈതീകതയുടേയും ആത്മീയതയുടേയും വികാസത്തിനും പ്രാധാന്യം നൽകണമെന്ന തിരിച്ചറിവ് ശക്തിപ്പെടുകയാണ്.

വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ അടിയന്തിര നടപടികളും ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ആവശ്യമാണ്.

അടിയന്തിര നടപടികൾ

ഓർമ്മശക്തിക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് നടത്തുന്ന പരീക്ഷകളായിരുന്നു സ്കൂൾ-കോളേജ് തലത്തിൽ വർഷാന്തപരീക്ഷകൾ. വിദ്യാലയങ്ങൾ അടഞ്ഞുകിടക്കുമ്പോൾ താത്കാലിക ബദൽ സംവിധാനങ്ങൾ ഉണ്ടായി. പത്ത്, പന്ത്രണ്ട് ക്ലാസ്സുകൾക്ക് സംസ്ഥാന സിലബസ്സിലുള്ളവർക്ക് പരീക്ഷ പൂർത്തീകരിക്കാൻ സാധിച്ചതുകൊണ്ട് പതിവുപടി മൂല്യനിർണയം നടത്തി. കേന്ദ്ര സിലബസ്സ് പ്രകാരമുള്ള വിദ്യാർത്ഥികൾക്ക് നടന്ന പരീക്ഷയുടെ അടിസ്ഥാനത്തിൽ ഫലപ്രഖ്യാപനം ഉണ്ടായി.

പതിനൊന്നാം ക്ലാസ്സുകാർക്കും പല യൂണിവേഴ്സിറ്റികളിലേയും ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് തുടർ മൂല്യനിർണയത്തിന്റേയും ആന്തരിക വിലയിരുത്തലിന്റേയും അടിസ്ഥാനത്തിൽ കയറ്റം നൽകാൻ ധാരണയാകുന്നു. ചിലർ അവസാനവർഷക്കാർക്ക് മാത്രം ഓൺലൈൻ പരീക്ഷയെ കുറിച്ച് ആലോചിക്കുകയാണ്.

ലോക്ഡൗൺ കാലം വിദ്യാർത്ഥികളിൽ ഭാവിയെകുറിച്ചുള്ള ആശങ്കകൾക്കും ഒറ്റപ്പെടലിന്റെ മനോവ്യഥകളും വർദ്ധിക്കാനിടയായി. ഇതുകൂടി കണക്കിലെടുത്തുകൊണ്ടാണ് പരീക്ഷ-മൂല്യനിർണയ വ്യവസ്ഥകളിൽ ഇത്തരത്തിലുള്ള മാറ്റങ്ങളുണ്ടാക്കിയത്. പുതിയ അദ്ധ്യയനവർഷത്തിനായി ആകാംക്ഷാപൂർവം കാത്തിരുന്ന വിദ്യാർത്ഥികൾക്ക് നിരാശയുണ്ടാകാതിരിക്കാനാണ് ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചത്.

ഓൺലൈൻ പഠനം

വർഷങ്ങൾക്ക് മുമ്പ് തന്നെ സംസ്ഥാനത്തെ സ്കൂളുകളിൽ ഐ.ടി. അധിഷ്ഠിത പഠനം ആരംഭിച്ചിരുന്നു. കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ള പഠനം പരിചിതമായിരുന്നുവെങ്കിലും ഒരു മുറിയിൽ ഒറ്റപ്പെട്ടിരുന്നുകൊണ്ടുള്ള ഓൺലൈൻ പഠനം കുട്ടികൾക്ക് പുതുമയും ഒപ്പം തന്നെ അമ്പരപ്പും സൃഷ്ടിക്കുന്നതായിരുന്നു. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സിലബസ്സ് പ്രകാരം പ്രവർത്തിക്കുന്ന പല സ്കൂളുകളിലും അവരവരുടെ അദ്ധ്യാപകർ തന്നെ കുട്ടികളോട് പരസ്പരം സംവദിച്ചുകൊണ്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ നടത്തുണ്ട്. ഡസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, ലാപ്പ് ടോപ്പ്, സ്മാർട്ട്ഫോൺ എന്നിവ ഇതിനായി ഉപയോഗിക്കാം.

എന്നാൽ പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ സാമൂഹ്യ-സാമ്പത്തിക സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ടുള്ള സംവിധാനമാണ് ഒരുക്കിയത്. വിദഗ്ദ്ധരായ അദ്ധ്യാപകർ തയ്യാറാക്കുന്ന ക്ലാസ്സ്, വിക്ടേഴ്സ് ചാനലിലൂടെ, ജനകീയമാധ്യമമായി മാറിക്കൊണ്ടിരിക്കുന്ന ടി. വിയിലൂടെയും കണ്ട് പഠിക്കാനുള്ള സൗകര്യമാണ് ഒരുക്കിയത്. ആവശ്യമുള്ളവർക്ക് സ്മാർട്ട് ഫോണിലോ, കമ്പ്യൂട്ടറിലോ ഡൗൺലോഡ് ചെയ്തും

ക്ലാസ്സ് കാണാനുള്ള സൗകര്യം ഉണ്ട്. പലതവണ സംപ്രേക്ഷണം ചെയ്യുന്നതുകൊണ്ട് വിദ്യാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കുകയും ചെയ്യും.

ഇത്തരം ക്ലാസ്സുകൾ വിദ്യാലയങ്ങൾ തുറക്കുന്നതുവരേയുള്ള താത്കാലിക പരിഹാര നടപടികൾ മാത്രമാണ് എന്ന് അധികൃതർ ആവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്. അംഗനവാടി മുതൽ പ്ലസ് ടു വരെയുള്ളവർക്ക് ഇപ്പോൾ ക്ലാസ്സുകൾ നടക്കുന്നു.

പുതിയ പാഠങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നു. പക്ഷേ സഹപാഠികളെ ഒരുമിച്ച് കാണാനോ ഒരുമിച്ച് സഞ്ചരിക്കാനോ കളിക്കാനോ സ്വതന്ത്രമായി ആശയവിനിമയം നടത്താനോ ഉള്ള സൗകര്യങ്ങളൊന്നും ഇപ്പോഴും ലഭ്യമാകുന്നില്ല. കൂടുതൽ സമയം ഇത്തരം ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ കണ്ണിനും മനസ്സിനുമുണ്ടാകുന്ന സമ്മർദ്ദങ്ങളെക്കുറിച്ചും പലരും വേവലാതിപ്പെടുന്നു.

രോഗ ഭീതി തുടരുന്ന ഈ സമയത്ത് അടച്ചുപൂട്ടൽ മൂലം തൊഴിൽ സാധ്യതകൾ നഷ്ടപ്പെട്ടവരും വരുമാനമാർഗം കുറഞ്ഞവരുമായ രക്ഷിതാക്കളും ഒറ്റപ്പെടലിന്റെ വ്യഥകൾ അനുഭവിക്കുന്ന വിദ്യാർത്ഥികളും ഉൾപ്പെടുന്ന കുടുംബാന്തരീക്ഷം സംതൃപ്തമായി നിലനിർത്തുക എന്നത് ശ്രമകരമായ കാര്യം തന്നെയാണ്.

ഉള്ളതുകൊണ്ട് ഒതുങ്ങി ജീവിക്കാനും ലഭിച്ച സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കാണ്ട് സംതൃപ്തമാകാനുമുള്ള മനസ്സ് രൂപപ്പെടണം. വിദ്യാർത്ഥികളും രക്ഷിതാക്കളും അദ്ധ്യാപകരും പൊതു സമൂഹവും പ്രത്യേക ശ്രദ്ധ നൽകുകതന്നെ വേണം.

വിദ്യാർത്ഥികൾ

സ്കൂളിൽ ക്ലാസ്സുകൾ ഉള്ളപ്പോൾ ചെയ്യുന്നതുപോലെ ഓൺലൈൻ ക്ലാസ്സിനും തയ്യാറാകുക. രാവിലെ നേരത്തെ എഴുന്നേറ്റ് ദേഹശുദ്ധി വരുത്തി സമയത്തിന് ആഹാരം കഴിച്ച് വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ച് സ്കൂൾ ക്ലാസ്സിൽ ഇരിക്കുന്നപോലെ തന്നെ ഓൺലൈൻ ക്ലാസ്സിനും ഇരിക്കുക. പാഠപുസ്തകവും നോട്ടു ബുക്കും പഠനോപകരണങ്ങളും സമീപത്തുണ്ടാകണം. നോട്ട് കുറിക്കണം. കുട്ടിയുടെ കണ്ണുകൾ ടിവിയുടെ/കമ്പ്യൂട്ടറിന്റെ മോണിറ്ററും നേർക്കുനേരെ വരത്തക്കവിധം ഇരിക്കുക. ഓരോ ക്ലാസ്സ് കഴിഞ്ഞാലും കണ്ണുകൾ അടച്ചിരുന്നോ, ദൂരേക്ക് നോക്കിയിരുന്നോ കണ്ണിന് വിശ്രമം നൽകുക.

ലഭിച്ച ക്ലാസ്സുമായി ബന്ധപ്പെട്ട പാഠഭാഗം വായിച്ച് ഉറപ്പിക്കുന്നതിനും അനുബന്ധപ്രവർത്തനങ്ങൾക്കുമായി മൂന്ന് മണിക്കൂർ സമയം മാറ്റിവയ്ക്കുക. ബാക്കിയുള്ള സമയത്തിനും കൃത്യമായ ടൈംടേബിൾ ഉണ്ടാകണം. പൊതുവായ വായന, ഇരുന്നുകൊണ്ടും വീടിന്റെ മുറ്റത്ത് നിന്നുകൊണ്ടു

മുള്ള കളികൾ, കരകൗശല പ്രവർത്തനങ്ങൾ, വീട്ടുവളപ്പിലെ കൃഷി, മറ്റ് വിനോദങ്ങൾ, വീട്ടുകാരുമായി ഒരുമിച്ചിരുന്നു സംസാരിക്കൽ എന്നിവയ്ക്ക് പ്രത്യേകം സമയം നീക്കിവയ്ക്കണം.

രക്ഷിതാക്കൾ

ഈ പ്രത്യേക കാലഘട്ടത്തിലും ഉള്ളതുകൊണ്ട് സന്തോഷമായി ജീവിക്കാം എന്ന് രക്ഷിതാക്കൾ തീരുമാനിച്ചാൽ വീട്ടിൽ സമാധാനം ഉണ്ടാകും. ദുഃഖിച്ചിരുന്നതുകൊണ്ടോ മനസ്സിന് പിരിമുറുക്കം നൽകിയതു കൊണ്ടോ പ്രത്യേകിച്ച് ഒരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല എന്ന തിരിച്ചറിവിൽ നിന്നാണ് സംതൃപ്തിയുണ്ടാകുക.

ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അച്ഛനമ്മമാർ പരസ്പര ധാരണ ഉണ്ടാക്കുക. പറ്റാവുന്നത്ര വീട്ടുജോലികൾ ഒരുമിച്ച് ചെയ്യുക. കുട്ടികൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുക, അവരുമായി നാട്ടുകാര്യങ്ങളും പൊതുകാര്യങ്ങളും സംസാരിക്കുന്നതിനായി സമയം കൂടുതൽ കണ്ടെത്തുക തുടങ്ങിയവയിലൂടെ കുടുംബാന്തരീക്ഷം സന്തോഷകരമാക്കാം.

അദ്ധ്യാപകർ

വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും മനോവ്യാപാരങ്ങളെ മനസ്സിലാക്കിക്കൊണ്ട് ഇവർക്ക് സാന്ത്വനം നൽകുക എന്ന ഒരു ദൗത്യം കൂടി ഈ കാലത്ത് അദ്ധ്യാപകർക്ക് ഏറ്റെടുക്കാനുണ്ട്. പാഠഭാഗങ്ങൾ ലളിതമായും രസകരമായും വിദ്യാർത്ഥികളിൽ എത്തിക്കുക, വിദ്യാർത്ഥിയുടെ അന്വേഷണ ത്വരയേയും കര-കൗശല നൈപുണിയേയും വികസിപ്പിക്കാവുന്ന ചെറിയ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകി വാട്ട്സ് ആപ്പ് വഴിയും മറ്റും ആയത് വിലയിരുത്തി വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങളും പ്രോത്സാഹനങ്ങളും നൽകുക, ഭാരമായി തോന്നാത്ത പഠനാന്തരീക്ഷം സൃഷ്ടിക്കുക, വാത്സല്യപൂർവമായ പെരുമാറ്റത്തിലൂടെ വിദ്യാർത്ഥിയെ പ്രചോദിപ്പിക്കുക.

പൊതുസമൂഹം

വിദ്യാർത്ഥികൾക്ക് പഠനാന്തരീക്ഷം ഒരുക്കുന്നതിനായി പൊതുസമൂഹം മികച്ച ഇടപെടലുകൾ നടത്തുന്നുണ്ട്. രണ്ടാഴ്ചകൊണ്ട് തന്നെ സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ടിവിയോ, സ്മാർട്ട് ഫോണോ, ലാപ്പ്ടോപ്പോ ഉണ്ട് എന്ന് ഉറപ്പുവരുത്താൻ പൊതുസമൂഹത്തിന്റെ സന്നദ്ധ പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചു എന്നത് മികച്ച കാര്യമാണ്. പഠനത്തെക്കുറിച്ച് രക്ഷിതാക്കളോടും, കുട്ടികളോടും ചോദിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതും ഏറെ ഗുണം ചെയ്യും.

സ്കൂൾ പഠനകാലത്ത് വിദ്യാർത്ഥികളിൽ സാമൂഹീകരണ പ്രക്രീയ സജീവമാക്കണം. ഓൺലൈൻ പഠനം ഇതിന് ഗുണകരമാകില്ല. ക്യാമ്പസിലും ക്ലാസ്സ് മുറികളിലുമുള്ള പഠനമാണ് ഇതിന് നല്ലത്. കോളേജ് തലത്തിൽ ഓൺലൈൻ പഠനത്തിന് സാധ്യത കൂടുതലുണ്ട്.

ഇ-ബുക്കുകളുടെ വായന, കലാ-സാഹിത്യ-ശാസ്ത്ര മേഖലകളിലെ പ്രതിഭകളുമായുള്ള അഭിമുഖം-അവതരണം എന്നിവയ്ക്കും ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്താം.

ദീർഘകാല പദ്ധതികൾ

കൊറോണകാലം നൽകിയ തിരിച്ചറിവുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ദീർഘകാല വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിക്കാൻ അധികാരികൾ തയ്യാറാകേണ്ടതുണ്ട്.

കരകൗശല-നൈപുണി വികസന പ്രവർത്തനങ്ങളിലൂടെയുള്ള, ആശയങ്ങളിൽ നിന്ന് അക്ഷരങ്ങളിലേയ്ക്ക് മുന്നേറുന്ന, സ്വഭാവരൂപീകരണത്തിനും മാതൃഭാഷയ്ക്കും പ്രാധാന്യം നൽകുന്ന, സെക്കന്ററി തലത്തിൽ വൈവിധ്യവൽക്കരണത്തിന് സാധ്യതയുള്ള വിദ്യാഭ്യാസം ആവിഷ്കരിക്കണം. ഉന്നത വിദ്യാഭ്യാസരംഗത്തെ പഠനത്തോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങളിലൂടെ വരുമാന സാധ്യത കൂടിയുണ്ടാകണം. പഠനവും തൊഴിലും ഉപജീവനത്തിനോടൊപ്പം ദേശസേവനത്തിനും വേണ്ടിയുള്ളതാവണമെന്ന ബോധ്യം കുട്ടികളിൽ വളർത്തണം.

കലാലയങ്ങളും സർവകലാശാലകളും സ്വാശ്രയ സ്ഥാപനങ്ങളായിരിക്കണം. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സന്മനസും സമ്പത്തും ഉള്ളവർ ഉൾപ്പെടുന്ന മാനേജ്മെന്റ്. ട്രസ്റ്റിഷിപ്പ് അടിസ്ഥാനത്തിൽ, ഈ സ്ഥാപനങ്ങളുടെ നടത്തിപ്പ് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കണം.

★

20

അതിജീവനത്തിനായുള്ള സർവ്വോദയ നിർദ്ദേശങ്ങൾ

1. കോവിഡ് മഹാമാരി എന്ന ചരിത്രപ്രതിസന്ധിയെ തരണം ചെയ്യാൻ ഒത്തൊരുമയോടെ മുന്നേറണം
2. ആത്മസംയമനത്തോടെ പരസ്പരം ആശയവിനിയമം നടത്തിക്കൊണ്ട് അതിജീവനം ശക്തമാക്കാവുന്നതാണ്
3. സർവകക്ഷിയോഗം വിളിച്ച് ഐക്യം വീണ്ടെടുക്കുക. എല്ലാ വിഭാഗം പ്രതിനിധികളും പങ്കെടുക്കുന്ന വിലയിരുത്തൽ യോഗങ്ങൾ രണ്ടാഴ്ചയിലൊരിക്കൽ സംസ്ഥാന ജില്ലാതലത്തിൽ ചേരുക.
4. അതിജീവനത്തിനായി പൊതുവായ പ്രവർത്തനങ്ങളാണ് വേണ്ടത്. പാർട്ടി, സംഘടന തിരിച്ചുള്ളപ്രവർത്തനങ്ങൾ വിഭാഗീയതയ്ക്ക് കാരണമാകും.
5. കൊച്ചുകേരളത്തിന് 14 മന്ത്രിമാർ മതി. മന്ത്രിതുല്യപദവികൾ വേണ്ടെന്ന് പറയുക.
6. സമാനസ്വഭാവമുള്ള കോർപ്പറേഷനുകളും, ക്ഷേമനിധികളും, കമ്മീഷനും ഏകീകരിച്ച് എണ്ണം കുറയ്ക്കുക.
7. സർക്കാർ ജീവനക്കാരും പെൻഷൻകാരും ഒരുമാസത്തെ വരുമാനം 5 ഗഡുക്കളായി ആശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുക.
8. കായികാദ്ധ്വാന സംസ്കാരം വീണ്ടെടുക്കുക.
9. കൃഷിയും കൈത്തൊഴിലും ഗ്രാമവ്യവസായങ്ങളും സേവന സംരംഭങ്ങളും വ്യാപകമാക്കുക.
10. അന്യദേശ തൊഴിലാളികൾ നാട്ടിലേക്ക് മടങ്ങുമ്പോൾ അവർ ചെയ്തിരുന്ന ജോലികൾ ഏറ്റെടുക്കാനുള്ള സന്നദ്ധത ഉറപ്പുവരുത്തുക. ആവശ്യമെങ്കിൽ ഹ്രസ്വകാല പരിശീലനം നൽകുക.

11. മേളകൾ വേണ്ട, ലളിതമായ പരിപാടികൾ മതി.
12. പണം ഒഴിവാക്കിക്കൊണ്ടുള്ള പുരസ്കാരങ്ങൾ നൽകുക.
13. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളും, ബിനാമി ഭൂമികളും, ഒഴിഞ്ഞു കിടക്കുന്ന വീടുകളും സർക്കാർ ഏറ്റെടുത്ത് ഉപയോഗപ്രദമാക്കുക
14. തരിശായി കിടക്കുന്ന ഭൂമികളിൽ പാട്ട കൃഷി നടപ്പാക്കുക.
15. പാറ, മണൽ, വെള്ളം തുടങ്ങിയ പ്രകൃതിവിഭവങ്ങൾ പൊതുഉടമ സ്ഥതയിൽ തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടു വരിക.
16. ഗ്രാമസഭാ തീരുമാനങ്ങൾ നിർബന്ധമായും നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുക.
17. അയൽകൂട്ട അടിസ്ഥാനത്തിലുള്ള മൃഗസംരക്ഷണം, ക്ഷീരവിക സനം, നാടൻ ഉത്പന്നങ്ങൾ, നിത്യോപയോഗസാധനങ്ങളുടെ നിർമ്മാണം.
18. പ്രാദേശിക കടകളിൽ നിന്നും ഇടത്തട്ടുകളില്ലാത്ത ഗ്രാമീണചന്ത കളിൽ നിന്നുമുള്ള വാങ്ങലുകൾ ശീലമാക്കുക.
19. മദ്യം, ചൂതാട്ടം (ലോട്ടറി) എന്നിവയിൽ നിന്നുള്ള വരുമാനത്തെ ആശ്ര യിക്കാതെ തന്നെ സമ്പദ്വ്യവസ്ഥ ശക്തിപ്പെടണം. ഈ മേഖലയിൽ ഇപ്പോൾ ജോലി ചെയ്യുന്നവർ ബദൽ തൊഴിൽ ഉറപ്പുവരുത്തുക.
20. പണത്തിനും, തൊഴിലാളിയുടെ അദ്ധ്വാനത്തിനും തുല്യമൂല്യം കണ ക്കാക്കുന്ന വിധത്തിൽ ട്രസ്റ്റിഷിപ്പ് വ്യവസ്ഥയിൽ കാർഷിക-വ്യവ സായ-സേവന മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുക.
21. തൊഴിലിലൂടെയുള്ള വിദ്യാഭ്യാസം നടപ്പാക്കുക.
22. ഉന്നതവിദ്യാഭ്യാസ മേഖലയിലും വിദ്യാർത്ഥികൾക്ക് പഠനത്തോ ടൊപ്പം സ്വയംവരുമാനം ഉണ്ടാക്കാവുന്ന സംവിധാനം വേണം. മാനേ ജ്മെന്റ്, വിദ്യാർത്ഥി, രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്തത്തോ ടെയുള്ള യഥാർത്ഥ സ്വാശ്രയസ്ഥാപനങ്ങൾ നിലവിൽ വരണം.
23. ചെലവ് കുറഞ്ഞ ആരോഗ്യസംരക്ഷണ ശൈലി ശീലമാക്കുക.
24. തർക്കങ്ങൾ ഗ്രാമത്തിൽ തന്നെ ഒത്തുതീരുന്നതിനായി ഗ്രാമ ന്യായാ ലയങ്ങൾ സജീവമാക്കി ജുഡീഷ്യറിയുടെ വികേന്ദ്രീകരണം സാധ്യ മാക്കുക.
25. ഗ്രാമതലത്തിൽ പിരിക്കുന്ന നികുതിയുടെ നിശ്ചിത ശതമാനം മുകൾ തട്ടുകളിലേക്ക് കൊടുത്ത് ബാക്കിയുള്ളത് ഗ്രാമപദ്ധതികൾക്കായി ഉപയോഗിക്കുക.
26. ചെലവ് ചുരുക്കനായി തദ്ദേശസ്വയംഭരണ തിരഞ്ഞടുപ്പ് രീതിയിൽ മാറ്റം വരുത്തുക. അയൽക്കൂട്ടങ്ങളിൽ നിന്ന് ഒരു പ്രതിനിധിയെ ബാലറ്റ് ഇല്ലാതെതന്നെ തിരഞ്ഞടുക്കുക. ഇത്തരം അയൽക്കൂട്ട

പ്രതിനിധികൾ കൂടിയിരുന്ന് വാർഡ് പ്രതിനിധിയേയും വാർഡ് പ്രതിനിധികൾ കൂടിയിരുന്നു ഗ്രാമപഞ്ചായത്ത് ഭരണസമിതിയേയും തിരഞ്ഞെടുക്കുക. അയൽക്കൂട്ട കൺവീനർമാർ ചേർന്ന് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ബ്ലോക്ക്പഞ്ചായത്ത് അംഗങ്ങളെ തിരഞ്ഞെടുക്കുക. ഒരു ബ്ലോക്കിലെ അംഗങ്ങളിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെ തിരഞ്ഞെടുക്കുക. ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ കൂടിയിരുന്ന് ജില്ലാപഞ്ചായത്ത് അംഗങ്ങളെ തിരഞ്ഞെടുക്കുക. ഇപ്രകാരം ബ്ലോക്കിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ജില്ലാപഞ്ചായത്ത് അംഗങ്ങൾ ചേർന്ന് ജില്ലാപഞ്ചായത്ത് ഭരണസമിതി രൂപീകരിക്കുക. മുകൾ ഘടക പ്രതിനിധിയേയും തിരഞ്ഞടുക്കാനും പിൻവലിക്കാനുമുള്ള അവകാശം ഉണ്ടാകണം.

27. സർക്കാർ ശമ്പളം നൽകുന്ന എല്ലാ തസ്തികകളിലേക്കുമുള്ള നിയമനം സർക്കാരിന്റെ പങ്കാളിത്തത്തോടെ ആകണം.
28. വൻകിട വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയിലേക്കുള്ള സാങ്കേതിക പരിജ്ഞാനമുള്ളവരെ പരിശീലിപ്പിച്ചെടുക്കാനുള്ള ഉത്തരവാദിത്തം അതാത് സ്ഥാപനങ്ങളുടേതാകണം.
29. കക്ഷിരാഷ്ട്രീയ അതിപ്രസരമില്ലാത്ത സഹകരണസംഘങ്ങളിലൂടെ ഉത്പാദന-വിതരണ-സേവന പ്രവർത്തനങ്ങൾ സജീവമാക്കാം.
30. മടങ്ങിവരുന്ന പ്രവാസികളെ കൂടി ഉൾക്കൊള്ളുന്ന പദ്ധതികൾ നടപ്പിലാക്കുക.

★

21

ചെലവ് കുറഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പ്

കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബർ ആദ്യവാരം നടക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിരിക്കുകയാണ്.

കോവിഡ് ദുരിതങ്ങളെ അതിജീവിക്കാനായി അശ്രാന്തപരിശ്രമം നടന്നുകൊണ്ടിരിക്കുന്ന ഈ കാലത്ത് പരമാവധി ആൾകൂട്ടങ്ങൾ ഒഴിവാക്കിയും അമിത പണചെലവ് ഇല്ലാതെയും തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കണം.

മഹാത്മാഗാന്ധി വിഭാവനം ചെയ്തതും സമ്പൂർണവിപ്ലവകാലത്ത് ജയപ്രകാശ് നാരായണൻ മുന്നോട്ടുവച്ചതും കൊച്ചിരാജ്യ പ്രധാനമന്ത്രിയായിരുന്ന ഇ. ഇക്കണ്ടവാര്യർ തന്റെ ഒസ്യത്തിൽ നിർദ്ദേശിച്ചതുമായ തിരഞ്ഞെടുപ്പ് രീതി നാം സ്വീകരിച്ചാൽ വളരെ കുറഞ്ഞ ചെലവിൽ ജനകീയമായി തദ്ദേശ തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കും. തിരഞ്ഞെടുപ്പ് രീതി ഇപ്രകാരമാണ്.

ഓരോ വാർഡിലേയും 50–75 വീടുകൾ ഒരു അയൽക്കൂട്ടമായി പരിഗണിക്കുക. ഒരു അയൽക്കൂട്ടത്തിലെ വോട്ടർമാർ ഒരു പൊതു ഇടത്തിൽ ഒത്തുചേർന്ന് അവരിൽ നിന്ന് ഒരാളെ അയൽക്കൂട്ട പ്രതിനിധിയായി തിരഞ്ഞെടുക്കുക (ആഘോഷക്കമ്മിറ്റികളിലും കുടുംബസമ്മേളനങ്ങളിലും പ്രതിനിധിയെ തിരഞ്ഞെടുക്കുന്നപോലെ).

ഒരു വാർഡിലെ അയൽക്കൂട്ട പ്രതിനിധികൾ (പത്തോപതിനഞ്ചോ പേർ) ഒത്തു ചേർന്ന് അവരിൽ നിന്ന് ഒരാളെ വാർഡിലെ പ്രതിനിധിയായി തിരഞ്ഞെടുക്കുക.

ഒരു ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട വാർഡ് പ്രതിനിധികൾ തദ്ദേശ സ്ഥാപന ഓഫീസിൽ ഒത്തു ചേർന്ന് അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും തിരഞ്ഞെടുക്കാം.

ഒരുഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ട പ്രതിനിധികൾ ഒത്തുചേർന്ന് (ഗ്രാമപഞ്ചായത്ത് പൊതുസഭ) ആ ഗ്രാമപഞ്ചായത്തിൽ നിന്ന് വികസന ബ്ലോക്കിലേക്കുള്ള പ്രതിനിധികളെ നിർദ്ദേശിക്കാം.

ഇപ്രകാരം നിർദ്ദേശിക്കപ്പെടുന്ന ബ്ലോക്ക് പ്രതിനിധികളും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ യോഗം ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും തിരഞ്ഞെടുക്കാം.

ഒരു ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽ ഉള്ള ഗ്രാമപഞ്ചായത്ത് അംഗങ്ങൾ (വാർഡ് പ്രതിനിധികൾ) ഉൾപ്പെടുന്നതാണ് ബ്ലോക്ക് പഞ്ചായത്ത് പൊതുസഭ. നൂറ്റി അൻപതിൽ താഴെ മാത്രം വരുന്ന ഇവർ ഹാളിൽ ഒത്തു ചേർന്ന് ആ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ജില്ലാപഞ്ചായത്തിലേക്കുള്ള പ്രതിനിധിയെ നിർദ്ദേശിച്ച് തീരുമാനിക്കാം.

ബ്ലോക്കിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ജില്ലാ പഞ്ചായത്ത് മെമ്പർമാർ ജില്ലാ പഞ്ചായത്ത് ഓഫീസിൽ ഒത്തുചേർന്ന് അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും തിരഞ്ഞെടുക്കാം.

ഇപ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ സമിതികൾ രൂപീകരിക്കാം.

ഒരു അയൽക്കൂട്ട പ്രതിനിധി മേൽ ഘടകങ്ങളിൽ ഭാരവാഹിയാകുമ്പോൾ, ജോലിഭാരം കൂടുന്ന പ്രശ്നം ഉണ്ടെങ്കിൽ അടുത്ത തവണ അയൽക്കൂട്ടം ചേരുമ്പോൾ അയൽക്കൂട്ട ചുമതലയ്ക്കായി മറ്റൊരു പ്രതിനിധിയെ തിരഞ്ഞെടുക്കാം.

കൊട്ടിഘോഷങ്ങളില്ലാതെയും പണച്ചെലവ് കുറച്ചും പരമാവധി ബാലറ്റ് ഒഴിവാക്കിയും ജനകീയമായി തദ്ദേശ തിരഞ്ഞെടുപ്പ് നടത്താനുള്ള ഇച്ഛാശക്തി നമുക്കുണ്ടായാൽ അത് ഒരു സാമൂഹിക വിപ്ലവമായിരിക്കും. പുതിയൊരു ജനാധിപത്യ സംസ്കാരത്തിന്റെ മാതൃക ലോകത്തിന് സമർപ്പിക്കാൻ നമ്മുടെ കേരളത്തിന് സാധിക്കും.

യുവജന-സന്നദ്ധ-രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇക്കാര്യം സജീവമായി ചർച്ചചെയ്ത് ഈ ചരിത്ര ദൗത്യം വിജയിപ്പിക്കാൻ മുന്നിട്ടിറങ്ങണം.

ഇതിനാവശ്യമായ വിധം പഞ്ചായത്ത്രാജ് നിയമത്തിൽ ഭേദഗതി വരുത്താൻ ഉടൻ തന്നെ ഓർഡിനൻസ് ഇറക്കി, സഭ ചേർന്ന് നിയമമാക്കുകയും ചെയ്യാം.

ഒരു പുതിയ രാഷ്ട്രീയ-ജനാധിപത്യ സംസ്കാരത്തിന് കോവിഡ് നിമിത്തമാകട്ടെ.

★

22

എംപി, എംഎൽഎ ഫണ്ട് നിർത്തലാക്കണം

ത്രിതല പഞ്ചായത്ത് മെമ്പർമാർക്ക് സ്വന്തമായി ചെലവാക്കാനായി സർക്കാർ ഫണ്ട് കൊടുക്കുന്നില്ല. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് എങ്ങനെ ചെലവഴിക്കണം എന്ന് തീരുമാനിക്കുന്നത് ഇതിനായി ഗ്രാമസഭകളിലും ഗ്രാമപഞ്ചായത്ത് ഭരണ സമിതികളിലും നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ്. ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് വിനിയോഗിക്കുന്നത് പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും വരുന്ന നിർദ്ദേശങ്ങളുടെയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയിൽ നടക്കുന്ന ചർച്ചകളുടേയും അടിസ്ഥാനത്തിലാണ്.

ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളുംകൂടി പരിഗണിച്ചു കൊണ്ട് ജില്ലാപഞ്ചായത്ത്സമിതി ചർച്ചചെയ്താണ് ജില്ലാപഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുന്നത്.

ഒരു അസംബ്ലി നിയോജകമണ്ഡലത്തിന്റെ വലിപ്പമുള്ളബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റിനോ, കോർപ്പറേഷൻ മേയർക്കോ പ്രത്യേക ഫണ്ട് കൊടുക്കാറില്ല.

ഒന്നിൽ കൂടുതൽ പാർലമെന്റ് മണ്ഡലങ്ങളുടെ വിസ്തൃതിയുള്ള റവന്യൂജില്ലയിലെ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് പ്രത്യേക ഫണ്ട് കൊടുക്കാറില്ല.

പഞ്ചായത്ത് അംഗങ്ങളെ പോലെത്തന്നെ ഒരു ജനപ്രതിനിധിയായ

എം.എൽ.എ.യുടെ പ്രധാന ചുമതലകൾ:

1. സംസ്ഥാനത്തിന് ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള ചർച്ചകളിൽ പങ്കെടുക്കുകയും നിയമപ്രയോഗങ്ങളെ ജാഗ്രതയോടെ വീക്ഷിക്കുക.
2. സംസ്ഥാനത്തിന് ലഭിക്കുന്ന ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച ബഡ്ജറ്റ് ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് ഫണ്ട് വിനിയോഗം നീതിപൂർവകമാണെന്ന് ഉറപ്പുവരുത്തുക.

3. തന്റെമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ പ്രവർത്തനങ്ങളെ അനൗപചാരികമായി ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ഒരു എം.പി.യെ സംബന്ധിച്ചും ഇതുതന്നെ

1. രാജ്യത്തിന് പൊതുവായി ആവശ്യമായ നിയമനിർമ്മാണ ചർച്ചകളിൽ പങ്കെടുക്കുക.
2. രാജ്യത്തിന്റെ പണം എങ്ങനെ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുന്ന ബഡ്ജറ്റ് ചർച്ചകളിൽ പങ്കെടുത്ത് വിനിയോഗം നീതിപൂർവകമാണെന്ന് ഉറപ്പുവരുത്തുക.
3. പാർലമെന്റ് മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനൗപചാരികമായി ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ എം.എൽ.എ., എം.പി. ഫണ്ടുകൾ പ്രതീക്ഷിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും എം.എൽ.എ., എം.പി. ഫണ്ട് പങ്കുവയ്ക്കുന്ന സമയത്ത് ഇതൊന്നും കാര്യമായി പരിഗണിക്കാറില്ല. മറ്റ് പല പരിഗണനകളുമാണ് ഉണ്ടാകാറുള്ളത്. അതുകൊണ്ടുതന്നെ ഇത്തരം ഫണ്ടുകൾ ക്രമേണ നിർത്തലാക്കുന്നതാണ് നല്ലത്.

ഇപ്പോൾ കൊറോണരോഗത്തിന്റെ അസാധാരണ സാഹചര്യം നിലനിൽക്കുമ്പോൾ എം.എൽ.എ., എം.പി. ഫണ്ടുകൾ പെട്ടെന്ന് നിർത്തലാക്കുമ്പോൾ ഉണ്ടാകുന്ന ആശയക്കുഴപ്പങ്ങളും തർക്കങ്ങളും ഒഴിവാക്കാൻ 2020-21 സാമ്പത്തിക വർഷത്തിലെ ഫണ്ട് പ്രസ്തുത മണ്ഡലത്തിന്റെയോ സംസ്ഥാനത്തിന്റെയോ കൊറോണരോഗ പ്രതിരോധ നടപടികൾക്കും സാമൂഹ്യാരോഗ്യ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും മാത്രമേ ചിലവഴിക്കുകയുള്ളൂ എന്ന് ഉറപ്പുവരുത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സഹകരിച്ച് നിർദ്ദേശങ്ങളും ഉത്തരവുകളും ഉണ്ടാകണം.

സമൂഹത്തിന്റെ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് ജനങ്ങൾക്ക് നേരിട്ട് അഭിപ്രായം പറയാൻ പരമാവധി അവസരമുണ്ടാകുമ്പോൾ മാത്രമേ വികേന്ദ്രീകൃത ആസൂത്രണം ഫലപ്രദമാവുകയുള്ളൂ. വികേന്ദ്രീകൃത ആസൂത്രണത്തിന്റ അടുത്ത ഘട്ടത്തിൽ നികുതിപിരിവിന്റേയും വിതരണത്തിന്റേയും ഘടനയിലും മാറ്റങ്ങൾ വരണം. നികുതി പിരിച്ചെടുത്തുകൊണ്ടുപോയ ശേഷം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കാനായി പഞ്ചായത്തുകൾ കൈനീട്ടി നിൽക്കുന്ന സ്ഥിതി മാറണം. പഞ്ചായത്ത്തലത്തിൽ പിരിച്ചെടുക്കുന്ന നികുതിയിൽ ഒരു നിശ്ചിതശതമാനം മുകൾതട്ടിലേക്ക് കൊടുത്തതിനുശേഷമുള്ള തുക ഗ്രാമപഞ്ചായത്ത്തലത്തിൽതന്നെ വിനിയോഗിക്കാൻ സാധിക്കുന്ന വിധം നികുതി വിനിയോഗരീതിയിൽ മാറ്റം വരുത്തി വികേന്ദ്രീകൃത ആസൂത്രണത്തെ ശക്തിപ്പെടുത്തണം. അധികാരവും ഫണ്ടും ജനങ്ങളിൽതന്നെ നിലനിൽക്കണം.

★

23

ഗാന്ധിജിയും രാഷ്ട്രഭാഷയും

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിന് രണ്ട് തലങ്ങൾ ഉണ്ടായിരുന്നു. 1. ബ്രിട്ടീഷ് ഭരണത്തെ മാറ്റുക. 2. സ്വതന്ത്ര ഭാരതത്തെ സുസ്ഥിരമാക്കുക. അഹിംസയിൽ അധിഷ്ഠിതമായ സമരപരിപാടികളിലൂടെ ബ്രിട്ടീഷ് ഭരണത്തെ മാറ്റാൻ സാധിച്ചു. നമുക്ക് ലഭിച്ച രാഷ്ട്രീയ സ്വാതന്ത്ര്യത്തെ സാമ്പത്തിക-സാംസ്കാരിക-ആത്മീയ മേഖലകളിലേക്ക് കൂടി വികസിപ്പിച്ച് സ്വാതന്ത്ര്യത്തെ പൂർണമാക്കി 'സ്വരാജ്' കൈവരിക്കുക എന്നതായിരുന്നു സുപ്രധാനമായ മറ്റൊരു ലക്ഷ്യം. ഇത്തരം ഒരു സുസ്ഥിര ഭാരതത്തിനുവേണ്ടിയാണ് മഹാത്മജി നിർമ്മാണ പ്രവർത്തനങ്ങൾ (Constructive programme) ആവിഷ്കരിച്ച് നടപ്പാക്കിയത്. ഖാദി, ഗ്രാമവ്യവസായം, സമുദായമൈത്രി, അയിത്തോച്ചാടനം, മദ്യനിരോധനം, ഗ്രാമശുചീകരണം, അടിസ്ഥാന വിദ്യാഭ്യാസം, മാതൃഭാഷ, ആദിവാസികൾ, കർഷകർ, രാഷ്ട്രഭാഷ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളാണ് സ്വാതന്ത്ര്യസമരത്തോടൊപ്പം തന്നെ സജീവമാക്കി മുന്നോട്ടുകൊണ്ടുപോയത്.

ഇന്ത്യയുടെ ആഭ്യന്തര സമ്പർക്കത്തിന് ഒരു പൊതുഭാഷ കൂടിയേ കഴിയൂ എന്ന് ഗാന്ധിജി നിർദ്ദേശിച്ചു. അന്നത്തെ ദേശീയപ്രസ്ഥാനം അത് അംഗീകരിക്കുകയും ചെയ്തു. അന്ന് ഗാന്ധിജി പറഞ്ഞ വാക്കുകൾ ഇവയാണ്: "ഇന്ത്യക്ക് ഒരു യഥാർത്ഥ രാഷ്ട്രമാകുവാൻ ആഗ്രഹമുണ്ടെങ്കിൽ മറ്റുള്ളവർ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഹിന്ദി രാഷ്ട്രഭാഷയായിരിക്കണം." "ഇന്ത്യയിലെ ദരിദ്രകോടിജനങ്ങളുമായി ബന്ധപ്പെടണമെങ്കിൽ ഹിന്ദി പഠിക്കുകതന്നെ വേണം." "രാഷ്ട്രഭാഷയുടെ പ്രശ്നത്തിൽ മറ്റുഭേദഭാവങ്ങൾക്ക് സ്ഥാനമില്ല." രാഷ്ട്രഭാഷയായി ഹിന്ദി പരിഗണിക്കപ്പെടാൻ ഗാന്ധിജി ചൂണ്ടിക്കാണിച്ച ഘടകങ്ങൾ ഇന്നും പ്രസക്തമാണ്.

മറ്റു ഭാഷകളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഭാഷ ഹിന്ദിയാണ്. പല ഭാഷകളും ഹിന്ദിയോട് സാജാത്യമുള്ളവയും. ഹിന്ദി എഴുതാൻ ഉപയോഗിക്കുന്ന ദേവനാഗരിലിപിതന്നെയാണ് ഭാരതത്തിലെ പല ഭാഷകളും എഴുതാൻ ഉപയോഗിക്കുന്നത്. അതുകൊണ്ട് മറ്റു ഭാഷക്കാർക്കും ഹിന്ദി പഠിച്ചെടുക്കാൻ എളുപ്പമാകും.

ഇപ്പോഴും ഇന്ത്യയിലെ പത്ത് സംസ്ഥാനങ്ങളിൽ (ഉത്തർപ്രദേശ്, ഉത്തരാഞ്ചൽ, ഛത്തീസ്ഗഢ്, ഡൽഹി, ഹരിയാന, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഝാർഖണ്ഡ്, ബീഹാർ, ഹിമാചൽപ്രദേശ്) ഹിന്ദി ഒന്നാം ഭാഷയായും നാല് സംസ്ഥാനങ്ങളിൽ (ഗുജറാത്ത്, മഹാരാഷ്ട്ര, ബംഗാൾ, ഒറീസ) രണ്ടാം ഭാഷയുമാണ്.

രാജ്യത്തിന്റെ ഐക്യത്തിനും ദേശിയോദ്ഗ്രഥനത്തിനും രാഷ്ട്രഭാഷ അനിവാര്യമാണ് എന്ന ഉത്തമ ബോധ്യത്തോടുകൂടിയാണ് 1918 ൽ ദക്ഷിണ ഭാരത ഹിന്ദിപ്രചാരസഭ സ്ഥാപിക്കുവാൻ ഗാന്ധിജി മുൻകൈ എടുത്തത്. ഡോ. ആനിബസന്റ് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

ഗാന്ധിജിയുടെ മകൻ ദേവദാസ് ഗാന്ധിയാണ് ഈ സ്ഥാപനത്തിന്റെ ആദ്യത്തെ ഹിന്ദി പ്രചാരകനായി സേവനരംഗത്ത് വന്നത്. ദക്ഷിണ ഭാരത ഹിന്ദിപ്രചാരസഭയുടെ സ്ഥാപക അദ്ധ്യക്ഷനായത് ഗാന്ധിജിയാണ്. 1948 ൽ മരണംവരേയും ഈ അദ്ധ്യക്ഷസ്ഥാനം തുടർന്നു. അധികാരസ്ഥാനമെന്ന അലങ്കാരത്തെ എക്കാലവും അവഗണിച്ചിരുന്ന ഗാന്ധിജി ഈ സ്ഥാനം തുടർന്നു എന്നതിൽ നിന്ന് രാഷ്ട്രഭാഷാകാര്യത്തിൽ അദ്ദേഹത്തിനുള്ള നിശ്ചയദാർഢ്യമാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. അദ്ദേഹം പറയുന്നു "ഹിന്ദി ഇന്ത്യയുടെ രാഷ്ട്രഭാഷയാക്കണമെന്ന ആശയത്തെ എനിക്കൊരിക്കലും കൈവെടിയുക സാധ്യമല്ല."

ഭരണഘടനാ നിർമ്മാണവേളയിൽ 1949 സെപ്തംബർ 14 ന് ഹിന്ദിയെ രാഷ്ട്രഭാഷയായി അംഗീകരിപ്പിച്ചു.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ രാഷ്ട്രഭാഷാ പ്രചരണം സുഗമമായി മുന്നോട്ടുപോകുന്നതിനുള്ള പ്രോത്സാഹനമായാണ് ദക്ഷിണഭാരത് ഹിന്ദിപ്രചാരസഭയെ 1964 ൽ പാർലമെന്റിന്റെ അംഗീകാരമുള്ള സ്വതന്ത്ര സ്ഥാപനമായി ഭരണഘടനയുടെ ആർട്ടിക്കിൾ 14 പ്രകാരം അംഗീകരിച്ചത്.

മഹാത്മാഗാന്ധിക്ക് ശേഷം ദക്ഷിണ ഭാരത് ഹിന്ദിപ്രചാർസഭയുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ചത് ഇന്ത്യയുടെ പ്രഥമപ്രസിഡണ്ടായ ഡോ. രാജേന്ദ്രപ്രസാദ് ആണ്. തുടർന്ന് പ്രധാനമന്ത്രിയായിരുന്ന ലാൽ ബഹദൂർ ശാസ്ത്രി, ഇന്ദിരാഗാന്ധി, രാജീവ്ഗാന്ധി, പി.വി. നരസിംഹറാവു, രാഷ്ട്രപതിയായിരുന്ന ആർ. വെങ്കിട്ടരാമൻ, ഉപരാഷ്ട്രപതിയായിരുന്ന ഡോ. ബി.ഡി. ജെട്ടി എന്നിവരും അദ്ധ്യക്ഷസ്ഥാനം വഹിച്ചു.

സ്വതന്ത്രഭാരതത്തിലും രാഷ്ട്രഭാഷാപ്രചരണം ശക്തമായി മുന്നോട്ടുപോകണം എന്നതുകൊണ്ടാണ് രാഷ്ട്രത്തിന്റെ പ്രധാന സ്ഥാനങ്ങളിൽ ഇരിക്കുന്നവർതന്നെ അദ്ധ്യക്ഷരായി വന്നത്.

ഇന്ത്യയിലെ ഓരോ സംസ്ഥാനത്തുള്ള മാതൃഭാഷകളെ ശക്തവും ശ്രദ്ധേയവുമായി നിലനിർത്തുന്നതിനും ഗാന്ധിജി മുൻകൈ എടുത്തിരുന്നു.

ഗാന്ധിജിയുടെ വാക്കുകൾ "ഒരു സ്വതന്ത്രരാജ്യത്തിൽ ഒന്നാം സ്ഥാനം മാതൃഭാഷയ്ക്കായിരിക്കണം. യഥാർത്ഥ പുരോഗതിയും പ്രേരണയും മാതൃഭാഷയിൽ കൂടി മാത്രമേ ലഭിക്കുകയുള്ളൂ."

★

24

ആരാണ് ഗാന്ധിയൻ?

സർവ്വോദയ സമൂഹസൃഷ്ടി സാധ്യമാകണമെങ്കിൽ ഭൂരിഭാഗം പേരും സർവ്വോദയ കാഴ്ചപ്പാടുള്ളവരും അതനുസരിച്ച് ജീവിക്കുന്നവരുമാകണം. അത്തരം ഒരു വ്യക്തിയെയാണ് ഗാന്ധിയൻ എന്ന് പറയാനാകുക. അതിനുവേണ്ടി പരിശ്രമിക്കുന്നയാൾ ഗാന്ധിമാർഗപ്രവർത്തകനുമാണ്. പല രെക്കുറിച്ചും നാം ഗാന്ധിയൻ എന്നും ഗാന്ധിമാർഗപ്രവർത്തകനെന്നും പറയാറുണ്ട്. യഥാർത്ഥത്തിൽ, ആരാണ് ഗാന്ധിയൻ?

- പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളേയും ചലനാത്മകമാക്കുന്നത് ഒരേയൊരു ശക്തിയാണെന്നും അതുകൊണ്ട് നമ്മളെല്ലാം ആത്മ ബന്ധുക്കളാണെന്ന അടിസ്ഥാന സത്യം തിരിച്ചറിയുകയും എല്ലാ തലങ്ങളിലും അഹിംസ പാലിക്കുകയും ചെയ്യുന്ന വ്യക്തി.
- തമാശയ്ക്കുപോലും നുണ പറയാത്ത വ്യക്തി.
- തന്റെ ഉള്ളിലുള്ള ഈശ്വരാംശത്തെ സാക്ഷാത്കരിക്കാൻ നിരന്തരം ശ്രമിക്കുന്ന വ്യക്തി.
- കോപം, അസൂയ, പരദൂഷണം, അമിത ഭോഗങ്ങൾ, ആസക്തി, ഭയം എന്നീ ഭാവങ്ങളെ സ്വയം അകറ്റി നിർത്തുന്ന വ്യക്തി.
- കടമകൾ നിർവഹിക്കുന്നതിൽ പൂർണ ശ്രദ്ധ അർപ്പിക്കുന്ന വ്യക്തി.
- സ്വാർത്ഥ താത്പര്യങ്ങളെ അകറ്റി നിർത്തുകയും കടമകൾ നിർവഹിക്കുകയും ചെയ്യുക വഴി നിർഭയനായി മാറിയ വ്യക്തി.
- സർവമതങ്ങളുടെയും ലക്ഷ്യം ഏകമാണെന്ന് തിരിച്ചറിഞ്ഞ് മതാതീതമായ ആദ്ധ്യാത്മികതയെ ജീവിതചര്യയാക്കിയ വ്യക്തി.
- കൊച്ചുകുട്ടി മുതൽ വയോവൃദ്ധൻ വരെയും പ്രകൃതിയിലെ സമസ്ത ജീവജാലങ്ങളെയും ബഹുമാനിക്കുന്ന വ്യക്തി.
- ഞാൻ തന്നെ അവരും എന്ന് തിരിച്ചറിയുന്ന വ്യക്തി.
- അധികാരം പരമാവധി വികേന്ദ്രീകരിക്കപ്പെടണമെന്നും അധികാരത്തിൽ നിന്ന് അകന്നുനിൽക്കണമെന്നും ആഗ്രഹിക്കുന്ന വ്യക്തി.

- പ്രകൃതിയിൽ നിന്ന് പരിമിതമായി മാത്രം സ്വീകരിക്കുകയും പ്രകൃതിയെ സംരക്ഷിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന വ്യക്തി.
- അദ്ധ്വാനത്തെ ആരാധനയായി കാണുകയും ആചരിക്കുകയും ചെയ്യുന്ന വ്യക്തി.
- എല്ലാ രാജ്യത്തിലേയും വിവിധ സംസ്കാരങ്ങളിലേയും നന്മയെ ഉൾക്കൊള്ളാൻ തയ്യാറുള്ള വ്യക്തി.
- സ്വന്തം ദേശത്തോടും രാഷ്ട്രത്തോടും സ്നേഹമുള്ള വ്യക്തി.
- ഓരോ ഗ്രാമവും പരമാവധി സ്വാശ്രയമാകാൻ ആഗ്രഹിക്കുകയും ഇതിനായി പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന വസ്തുക്കൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകുകയും ചെയ്യുന്ന വ്യക്തി.
- ഗ്രാമ കൂട്ടായ്മകളേയും സ്വാശ്രയ ട്രസ്റ്റുകളേയും നിഷ്പക്ഷമായ സഹകരണപ്രസ്ഥാനങ്ങളേയും വളർത്തിയെടുത്ത് ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റത്തെ ഒഴിവാക്കാൻ ശ്രമിക്കുന്ന വ്യക്തി.
- സത്യത്തിലും അഹിംസയിലും ലാളിത്യത്തിലും സൗന്ദര്യം ദർശിക്കുന്ന, സർഗാത്മകതയെ അംഗീകരിക്കുന്ന, ആസ്വദിക്കുന്ന വ്യക്തി.
- സമൂഹത്തിന്റെ നന്മയ്ക്ക് ഗുണകരമായ വിധം ആത്മാർത്ഥമായി ചെയ്യുന്ന ഏതൊരു ജോലിക്കും തുല്യമായ സ്ഥാനവും മാന്യതയും കല്പിക്കുന്ന വ്യക്തി.
- മദ്യം-ലഹരി പദാർത്ഥങ്ങൾ എന്നിവ വർജിക്കുകയും ദല്ലാൾപ്പണി, കമ്മീഷൻപറ്റൽ, ലോട്ടറി, ചൂതാട്ടം, മദ്യവില്പന, ലഹരിവില്പന തുടങ്ങിയവയിൽ നിന്ന് അകന്നുനിൽക്കുകയും ചെയ്യുന്ന വ്യക്തി.
- ജാതി- മതം- സംഘടന എന്നിവയ്ക്കെല്ലാം അതീതമായി മാനവ ബന്ധങ്ങൾക്കും സഹജീവനത്തിനും പ്രാധാന്യം നൽകുന്ന വ്യക്തി.
- പ്രകൃതിയാണ് മികച്ച വൈദ്യൻ എന്ന് തിരിച്ചറിയുന്ന വ്യക്തി.
- പ്രകൃതി ജീവനം ജീവിതചര്യയാക്കുന്ന വ്യക്തി.
- മറ്റുള്ളവർക്ക് അർഹതപ്പെട്ടത് താൻ കൈവശം വച്ചിരിക്കില്ല എന്ന നിഷ്ഠ പാലിക്കുന്ന വ്യക്തി.
- സുഖവും ദുഃഖവും വിജയവും പരാജയവും സ്വാഭാവികമാണ് എന്ന് തിരിച്ചറിഞ്ഞ് അമിതമായി ദുഃഖിക്കുകയോ അമിതമായി ആഹ്ലാദിക്കുകയോ ചെയ്യാത്ത വ്യക്തി.
- സ്വധർമ്മങ്ങളും (സ്വന്തം ജോലിയും കടമകളും), സത്കർമ്മങ്ങളും അനുഷ്ഠിക്കുക മാത്രമാണ് തന്റെ കടമയെന്ന് തിരിച്ചറിയുകയും അവയുടെ ഫലത്തക്കുറിച്ചോ പ്രതിഫലത്തെക്കുറിച്ചോ അമിതമായി ഉത്കണ്ഠപ്പെടാതിരിക്കുകയോ ചെയ്യുന്ന വ്യക്തി.

ഇത്തരം ഒരു വ്യക്തിയാണ് ഗാന്ധിയൻ. ഇപ്രകാരമാകാൻ ശ്രമിക്കുന്ന വ്യക്തി ഗാന്ധിമാർഗ പ്രവർത്തകനും.

★